ഡിസംബർ 2017

Price ₹ 25

# ജീവനും വെളിച്ചവും




മരിയൻ തീർത്ഥാടന കേന്ദ്രം
വിഴിഞ്ഞം പരിശുദ്ധ സിന്ധുയാത്ര മാതാ ദൈവാലയം
തിരുവനന്തപുരം അതിരൂപത
screenima 9995142828
29.12.2017 , 5 PM
കൊടിയേറ്റ്
06.01.2018 , 5 PM
തിരുസ്വരൂപ പ്രദക്ഷിണം
07.01.2018, 5.30 PM
തിരുനാൾ ദിവ്യബലി
തിരുനാൾ
മഹോത്സവം
2017 ഡിസംബർ 29 മുതൽ 2018 ജനുവരി 7 വരെ

*Christmas Wishes*

# Jubilee Memorial Hospital


**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**

**CARDIAC CATHLAB**




**ANGIOGRAM, ANGIOPLASTY**




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org


Christmas Wishes
St. Joseph's Metropolitian
Cathedral
Palayam, Thiruvananthapuram

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം


2017 ഡിസംബർ
പുസ്തകം - 41 ലക്കം - 12
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ
**കവർ ഡിസൈനിംഗ്**
വില്യം പനിപ്പിച്ച


മുഖവിചാരം



# സമാധാനത്തിന്റെ മധുരഗീതം പാടാം!

പിറവിയുടെ മർമരങ്ങളും കാഹളങ്ങളും മുഴങ്ങുകയാണ്.
നൂറ്റാണ്ടുകളായി ജനം കാത്തിരുന്ന രക്ഷകൻ കാലിത്തൊഴുത്തിൽ;
അന്ധകാരത്തിൽ വസിച്ചിരുന്ന ജനം പ്രകാശം കണ്ടു.
'ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' പാടി മാലാഖമാർ.
ഈ സമാധാനത്തിന്റെ മധുരഗീതം ഇന്ന് മാനവകുലം
ഒന്നാകെ പാടണം.
ഫ്രാൻസിസ് പാപ്പ
ആശങ്കകളും അസ്വസ്ഥതകളും ദിനചര്യയായ
ബംഗ്ലാദേശിലൂടെയും, മ്യാന്മറിലൂടെയും
സമാധാനദൂതുമായി മനുഷ്യഹൃദയങ്ങളെ
സ്പർശിച്ചുകൊണ്ട് നടന്നു നീങ്ങിയതുപോലെ.

അസഹിഷ്ണുതയും, അക്രമവും വർധിച്ചുവരുന്ന ലോകത്ത്
മേധാവിത്വത്തിന് വേണ്ടി രാഷ്ട്രങ്ങൾ പോരടിക്കുന്നു.
വംശീയ, വർഗീയ കോമരങ്ങൾ അഴിഞ്ഞാടുന്നു.
മത സ്പർദ്ധയും, ജാതിവൈരവും വർധിക്കുന്നു.
രാഷ്ട്രത്തലവന്മാരുടെ ഹുങ്കും, അധികാര പ്രമത്തതയും
പൗരസമൂഹവും അധികാരിവർഗവും ഭിന്നിപ്പിന്റെ ധ്രുവീകരണത്തിലേക്ക്
വഴുതുന്നു
സമൂഹങ്ങളിൽ വൈരവും, പകയും വർധിക്കുന്നു.
കുടുംബങ്ങളിൽ ചേരിപ്പോരും, വിഭാഗീയതയും ഇടംപിടിക്കുന്നു.
കൂടെ നിന്നവർപോലും കൂട്ടിനില്ലെന്ന തിരിച്ചറിവ് നൊമ്പരപ്പെടുത്തുന്നു
വ്യക്തിവൈരാഗ്യവും കുടിപ്പകയും ഫണമുയർത്തിനിൽക്കുന്നു.
ആത്മസംഘർഷങ്ങൾക്കിടയിൽപ്പെട്ട് വ്യക്തികൾ
ഞെരിപിരികൊള്ളുന്നു.

സുമനസ്സുകൾക്ക് സമാധാനം പാടിയ ആ രാവ്
പൂർണചന്ദ്രന്റെ ശോഭയൊഴുക്കട്ടെ!
വെള്ളി നക്ഷത്രങ്ങളുടെ തേജസ്സുതിരട്ടെ
യേശുവിൽ ശോഭിച്ച വ്യക്തിമഹത്വത്തിന്റെയും
മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും
പങ്കുവയ്ക്കലിന്റെയും, കൂട്ടായ്മയുടെയും കാഹളമുയരട്ടെ!
വാനവ ദൂതന്മാരോടൊപ്പം നമുക്കും ഏറ്റുപാടാം;
സന്മനസ്സുള്ളവർക്ക് സമാധാനം
......... ഹാപ്പി ക്രിസ്മസ്
നവയുഗപ്പിറവിയുടെ കാഹളമുതിർക്കുന്ന
പുതുവത്സരാശംസകൾ!

പത്രാധിപർ

ക്രിസ്മസ് ആശംസകളോടെ...

# ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്

## (ജ്യോതിഭവൻ)



മാഡം മരിയ
റാഡൽ മെയർ

1946-ൽ ജർമ്മനിയിലെ ഓഗ്സ്ബുർഗ് രൂപതയിൽ മാഡം മരിയ റാഡൽമെയർ സ്ത്രീകൾക്കായി സ്ഥാപിച്ചതാണ് ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്. തങ്ങളുടെ അത്മായ വ്യക്തിത്വം കൈവിടാതെ എന്നാൽ സുവിശേഷോപദേശങ്ങളായ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ അനുഷ്ഠിച്ചുകൊണ്ട് അർപ്പിതജീവിതം നയിക്കുന്ന ഈ സമൂഹത്തിന്റെ പ്രഥമശാഖ 1969 ൽ പാലാ രൂപതയിലെ മൂലമറ്റത്ത് സ്ഥാപിതമായി. ഇന്ത്യയിലും ഇതര രാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്ന ഈ സമൂഹത്തിലെ അംഗങ്ങൾ വിദ്യാഭ്യാസം, ആതുരസേവനം വനിതാക്ഷേമപദ്ധതികൾ എന്നിവയ്ക്ക് പുറമേ സമർപ്പിതർക്ക് കടന്നുചെല്ലുവാൻ വൈഷമ്യമേറിയ മേഖലകളിൽ പോലും ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് ജീവിക്കുന്നു.

നൂതനമായ ഈ ജീവിതശൈലിക്ക് 1947 ൽ 'പ്രോവിദാ മാത്തർ എക്ലേസിയ' എന്ന തിരുവെഴുത്തിലൂടെ പന്ത്രണ്ടാം പീയൂസ് മാർപാപ്പ അംഗീകാരം നൽകി. 1971 ൽ പോൾ ആറാമൻ മാർപാപ്പ ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ കാനോനിക പദവിയിലേക്ക് ഉയർത്തി. തങ്ങൾ ആയിരിക്കുന്ന സാഹചര്യങ്ങളിൽ ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമായി വർത്തിക്കുവാൻ പരിശ്രമിക്കുന്ന ഈ ആത്മായ സമർപ്പിത സമൂഹത്തിലേക്ക് 18 നും 28 നും മദ്ധ്യേ പ്രായവും +2 വോ, ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവരുമായ യുവതികൾക്ക് സ്വാഗതം.

*വിശദവിവരങ്ങൾക്ക് എഴുതുക*

Directress, Jyothibhavan, Moolamattom.P.O, Idukki (Dt.) 685589 Ph : 04862-252054, 253277 &
Medonna, Social Welfare Centre, Kochupalli, Pulluvila.P.O - 695526, Ph : 0471-2260145

*Christmas Wishes*



# മരിയറാണി സെന്റർ

## ഗാന്ധിപുരം, ശ്രീകാര്യം.

# താളുകളിൽ

## ലേഖനം

8 ഹൃദയങ്ങളിൽ കൂടൊരുക്കാം
ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

10 ശാന്തിയുടെ നക്ഷത്രം
ഡോ. ജോർജ്ജ് ഓണക്കൂർ

12 ഒരു വാഗ്ദാനവും സമ്മാനവും
ജിജി തോംസൺ ഐഎഎസ്

16 ചുവടൊന്നു മാറ്റി ചവിട്ടിയിരുന്നെങ്കിൽ
ഫാ. യേശുദാസ് പ്രകാശ് സി.എസ്.ജെ.

38 മത്സ്യത്തൊഴിലാളികൾക്കൊപ്പം ഒരുദിനം
മനീഷ് ആന്റോ

40 ഓർമിക്കാൻ ഒരു ജന്മദിനം
ജോസഫ് ടി.വട്ടമല

41 യേശുവിന്റെ രക്തസാക്ഷിത്വത്തിന് മുമ്പിൽ പ്രണാമം
ഗീത നസീർ

46 സമുദായദിനാഘോഷം ആർക്കുവേണ്ടി
ആന്റണി ആൽബർട്ട്

## സ്ഥിരം പംക്തികൾ

35 അജപാലനം
36 അല്മായ വേദി
43 അടിസ്ഥാന ക്രൈസ്തവ സമൂഹം
44 കാനോൻ ലോ
45 ഫാമിലി കോർണർ
48 നീർച്ചാലുകൾ
55 വാർത്തകൾ
62 വചനജ്വാല
64 ഇളംതൂവൽ
66 നേർക്കാഴ്ച
ജെ.സി.

ഡോ. സൂസപാക്യം എം.
തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത

**ക്രിസ്തുമസ് രാത്രിയിൽ ദൈവം മനുഷ്യനായി അവതരിച്ചത് നാമോരോരുത്തരുടെയും ജീവിതങ്ങളെ പ്രകാശപൂരിതമാക്കാനാണ്.**

ക്രിസ്മസിന് ഒരുക്കമായി ഞാൻ വളരെയേറെ പ്രാധാന്യംകൊടുത്തു ധ്യാനിക്കുകയും ആത്മപരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യുന്ന തിരുവചനങ്ങളിവയാണ്: "അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം, ദൈവമക്കളാകുവാൻ അവൻ കഴിവു നല്കി" (യോഹ. 1: 11-12).

ഈ പശ്ചാത്തലത്തിൽ എന്നെ വളരെയേറെ സ്പർശിച്ച പലപ്പോഴും ഞാൻ പറയാറുള്ള ഒരു അനുഭവ കഥയിതാണ്: രക്തരഹിത ശസ്ത്രക്രിയയിലൂടെ പ്രസിദ്ധനായിത്തീർന്ന ഒരു വ്യക്തിയാണ് വിയന്നായിലെ ഡോക്ടർ അഡോൾഫ് ലോറൻസ്. ഈ സാങ്കേതിക വിദ്യ അമേരിക്കയിലെ ഡോക്ടർമാർക്ക് വിവരിച്ചുകൊടുക്കുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. ഈ ശസ്ത്രക്രിയയ്ക്കായി അദ്ദേഹത്തെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചവരുടെ വലിയ ഒരു നിര തന്നെ ഉണ്ടായിരുന്നു. തിരക്കു കാരണം ധാരാളംപേർക്ക് നിരാശരായി മടങ്ങേണ്ടി വന്നു.

ഒരു ദിവസം അല്പം വ്യായാമത്തിനായി ആരുമറിയാതെ അദ്ദേഹം നടക്കാനിറങ്ങി. അപ്രതീക്ഷിതമായി മഴ പെയ്തതു കാരണം വഴിയരികിലുള്ള ഒരു വീട്ടിൽ അല്പനേരം കയറിനില്ക്കുവാൻ അനുവാദം ചോദിച്ചു. എന്നാൽ ഒരു അപരിചിതനെ തന്റെ വാതില്ക്കൽ കണ്ടപ്പോൾ തികച്ചും അസ്വസ്ഥയായി കാണപ്പെട്ട ഗൃഹനാഥ "ഈ വീട്ടിൽ ആവശ്യത്തിലധികം ശല്യങ്ങളുണ്ട്. ഇനി ഒരാൾക്കു കൂടി ഇവിടെ സ്ഥലമില്ല" എന്നു പറഞ്ഞ് അദ്ദേഹത്തെ ആട്ടിപ്പായിക്കുകയാണ് ചെയ്തത്. മഴ നനഞ്ഞുകൊണ്ടു നടക്കുന്ന അദ്ദേഹത്തെ തിരിച്ചറിഞ്ഞ ധാരാളംപേർ പിന്നീട് അദ്ദേഹത്തെ സഹായിക്കാനെത്തി. പിറ്റേ ദിവസം പത്രങ്ങൾ മഴ നനഞ്ഞുകൊണ്ടുപോകുന്ന ഡോക്ടർ ലോറൻസിന്റെ ചിത്രവും വാർത്തയും പ്രസിദ്ധീകരിച്ചു. തന്റെ വീട്ടിൽ വന്നപ്പോൾ താൻ ആട്ടിയോടിച്ചത് സുപ്രസിദ്ധനായ ഡോക്ടർ ലോറൻസാണെന്നറിഞ്ഞപ്പോൾ മേല്പറഞ്ഞ വീട്ടിലെ ഗൃഹനായിക ഞെട്ടിപ്പോയി. എന്തെന്നില്ലാത്ത ദുഃഖവും നിരാശയും അവർക്ക് അനുഭവപ്പെട്ടു. കാരണം ഗുരുതരമായ രോഗം ബാധിച്ച ഒരു കുഞ്ഞ് അവർക്കുണ്ടായിരുന്നു. കുഞ്ഞിന്റെ രോഗാവസ്ഥ ആ സ്ത്രീയെ വളരെയേറെ അസ്വസ്ഥയാക്കിയിരുന്നു. ഡോക്ടർ ലോറൻസിനെ കണ്ട് കുഞ്ഞിനെ പരിശോധിക്കാൻ അവർ ശ്രമിച്ചതാണ്, സാധിച്ചില്ല. ഒരവസരത്തിനായി അവർ കാത്തിരിക്കുകയായിരുന്നു. ആ ഡോക്ടറെയാണ് വീട്ടിൽ പ്രവേശിപ്പിക്കാതെ പുറത്തു നിർത്തി മഴ നനയിപ്പിച്ചതെന്നോർത്തപ്പോൾ അത് ആ സ്ത്രീയ്ക്ക് സഹിക്കാനായില്ല.

ഈ സ്ത്രീയ്ക്കു പറ്റിയ അബദ്ധമിതാണ്: സ്വന്തം വീടിന്റെ വാതില്ക്കൽ വന്നു മുട്ടിവിളിച്ചത് ആരെന്ന് തിരിച്ചറിയാൻ അവർക്കു സാധിച്ചില്ല. ബാക്കി ആരെക്കാളും മറ്റെന്തിനെക്കാളും അവർക്ക് ആവശ്യമുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. തിരിച്ചറിയാത്തതു കാരണം കൈവന്ന ഒരു മഹാ ഭാഗ്യത്തെയാണ് അവർ തട്ടിത്തെറിപ്പിച്ചു കളഞ്ഞത്.

ഇതാണ് ക്രിസ്മസ് രാത്രിയിൽ ബത്ലഹേം നിവാസികളും ചെയ്തത്. മാതാവും യൗസേപ്പും ദിവ്യശിശുവിനു പിറക്കാനായി ഒരിടം അന്വേഷി



# ഹൃദയങ്ങളിൽ കൂടൊരുക്കാം...

ക്കുകയായിരുന്നു. അവിടെയുണ്ടായിരുന്ന വീടുകളുടെ വാതില്ക്കൽ അവർ മുട്ടിവിളിച്ചു. സത്രത്തിൽപ്പോലും അവർക്ക് സ്ഥലം ലഭിച്ചില്ല (ലൂക്ക. 2:7). കാരണം മുട്ടിവിളിക്കുന്നത്, അല്പം ഇടത്തിനായി യാചിക്കുന്നത് ആരാണെന്ന് തിരിച്ചറിയാൻ അവർക്കു സാധിച്ചില്ല. ഇന്നും യേശു അല്പം ഇടത്തിനായി നമ്മുടെ ഹൃദയ കവാടങ്ങളിൽ മുട്ടിവിളിക്കുകയാണ്. വചനത്തിന്റെ രൂപത്തിൽ, തിരുവോസ്തിയുടെ രൂപത്തിൽ, അവശരും ആലംബഹീനരുമായ മനുഷ്യരുടെ രൂപത്തിൽ അവിടുന്നു നമ്മുടെ മധ്യേ ഇറങ്ങി വരുന്നു. നമ്മുടെ ഹൃദയങ്ങളിൽ അല്പം ഇടത്തിനായി അവിടുന്ന് യാചിക്കുകയാണ്. നിർഭാഗ്യവശാൽ നമ്മിൽ ധാരാളംപേർ യേശു ആരാണെന്നോ, അവിടുത്തേക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യവും ആവശ്യകതയും എന്താണെന്നോ തിരിച്ചറിയുന്നില്ല. നമ്മുടെ ഹൃദയ കവാടങ്ങളിൽനിന്ന് യേശു ബഹിഷ്ക്കരിക്കപ്പെടുന്നു.

സമരിയായിലെ സിക്കാറിലുള്ള യാക്കോബിന്റെ കിണറ്റിനരികിൽ യേശു വന്നത് ഒരു വഴിപോക്കന്റെ രൂപത്തിലായിരുന്നു. വെള്ളം കോരാൻവന്ന ഒരു വ്യക്തിയുടെ ഹൃദയത്തിൽ മാത്രമല്ല അവരെല്ലാവരുടെയും ഹൃദയത്തിൽ ഒരിടം അന്വേഷിച്ചാണ് യേശു വന്നത്. യേശു ആരെന്ന് തിരിച്ചറിയാതെ വാദപ്രതിവാദത്തിനു തുനിഞ്ഞ സമരിയാക്കാരിയെ യേശു ഇപ്രകാരം ഓർമ്മിപ്പിച്ചു: "ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ നിനക്ക് ജീവജലം തരുകയും ചെയ്യുമായിരുന്നു" (യോഹ. 4:10). ഇതുതന്നെയാണ് ഇന്നും അല്പം ഇടത്തിനായി ഹൃദയവാതില്ക്കൽ മുട്ടുന്ന യേശു നമ്മോടു പറയുന്നത്.

ഡോക്ടർ ലോറൻസിനെ വീട്ടിൽ പ്രവേശിപ്പിക്കാതെ ഇറക്കിവിട്ട ഗൃഹനായിക അദ്ദേഹത്തോടു പറഞ്ഞത് ശ്രദ്ധേയമാണ്: "ഈ വീട്ടിനുള്ളിൽ വേണ്ടതിലധികം ശല്യങ്ങളുണ്ട്. ഇനി ഒരാൾക്കു കൂടി ഇവിടെ സ്ഥലമില്ല". ക്രിസ്തുമസ് രാത്രിയിൽ ബത്ലഹേം നിവാസികൾ മറിയത്തോടും യൗസേപ്പിനോടും പറഞ്ഞതും ഇതുതന്നെയാണ്. എല്ലാ വീടുകളും ഇവിടത്തെ സത്രവും നിറഞ്ഞിരിക്കുകയാണ്. ദൈവത്തിന് മാത്രം സ്ഥലമില്ല. യഥാർത്ഥത്തിൽ ദൈവത്തെക്കൂടാതെ ഒന്നും നിലനില്ക്കുന്നതല്ല. ദൈവമില്ലാത്തതെല്ലാം താത്ക്കാലികങ്ങളാണ്, ശല്യങ്ങളാണ്. ഈ ശല്യങ്ങൾ കൊണ്ട് ഇന്നും നാം നമ്മുടെ ഹൃദയങ്ങളെയും ഭവനങ്ങളെയും സമൂഹത്തെയും നിറയ്ക്കുമ്പോൾ അവിടെ ദൈവത്തിന് ഇടമില്ലാതായിത്തീരുന്നു; ദൈവം ബഹിഷ്ക്കരിക്കപ്പെടുന്നു. ഉള്ളിലെ ശല്യങ്ങളാകട്ടെ നമ്മെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. ദൈവത്തിന് നമ്മുടെ ഹൃദയങ്ങളിലേക്കും ഭവനങ്ങളിലേക്കും കടന്നുവന്ന് സമാധാനവും സന്തോഷവും സംസ്ഥാപിക്കാൻ സാധിക്കണമെങ്കിൽ ഉള്ളിലെ ശല്യങ്ങളെല്ലാം പുറത്തേക്ക് വലിച്ചെറിയുവാൻ നാം സന്നദ്ധരാവണം. യേശുവിനെ അനുഗമിച്ച ശിഷ്യന്മാരെല്ലാം സകലതും ഉപേക്ഷിക്കുവാൻ തയ്യാറായപ്പോഴാണ് അവരുടെ ഹൃദയങ്ങളിൽ യേശുവിനായി ഒരു ഇടം കണ്ടെത്തുവാൻ സാധിച്ചത് (മാർക്ക് 1: 18-20).

യേശു ജനിച്ചത് കുറ്റാക്കൂറ്റിരുട്ടുള്ള പാതിരാത്രിയിലായിരുന്നു. ആ രാത്രിയിൽ കർത്താവിന്റെ മഹത്വം പ്രകാശിച്ചതായി ലൂക്കായുടെ സുവിശേഷത്തിലും (2:9) ഒരു നക്ഷത്രം ഉദിച്ചതായി മത്തായിയുടെ സുവിശേഷത്തിലും (2:2) നാം വായിക്കുന്നു.യേശു മരിച്ചപ്പോൾ ഏതാണ്ട് മദ്ധ്യാഹ്നമായിരുന്നു. എന്നിട്ടും ആ പട്ടാപ്പകൽ സൂര്യൻ അസ്തമിച്ചതായിട്ടാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ സാന്നിദ്ധ്യം ജീവിതത്തെ പ്രകാശിപ്പിക്കുമ്പോൾ യേശുവിന്റെ അസാന്നിദ്ധ്യം ജീവിതത്തെ ഇരുളടഞ്ഞതാക്കിത്തീർക്കുമെന്ന യാഥാർത്ഥ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ക്രിസ്തുമസ് രാത്രിയിൽ ദൈവം മനുഷ്യനായി അവതരിച്ചത് നാമോരോരുത്തരുടെയും ജീവിതങ്ങളെ പ്രകാശപൂരിതമാക്കാനാണ്. ഉള്ളിലെ ശല്യങ്ങളെല്ലാം പുറത്തേക്ക് വലിച്ചെറിഞ്ഞുകൊണ്ട് ദൈവപുത്രനായി നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ ഇടമൊരുക്കാം. അപ്പോൾ നമ്മുടെ ഹൃദയങ്ങളും നാം വസിക്കുന്ന ഭവനങ്ങളും സമൂഹവും പ്രകാശപൂരിതമായിത്തീരും, സ്വർഗ്ഗീയമായിത്തീരും. സന്മനസ്സുള്ളവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ശാന്തിയും സമാധാനവും കൊണ്ട് നിറയും.

തിരുപ്പിറവിയുടെ കൃപാവരങ്ങളും പുതുവത്സരത്തിന്റെ സമാധാനവും സ്നേഹപൂർവ്വം ഞാൻ ആശംസിക്കുന്നു.



ലേഖനം

ഡോ. ജോർജ്ജ് ഓണക്കൂർ

# ശാന്തിയുടെ നക്ഷത്രം

**നമുക്ക് ബേത്‌ലഹേമിലേക്ക് പോകാം. കേട്ടതൊക്കെയും സത്യമോ എന്നുതിരക്കി അറിയാം.**

"ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും സംഭവിക്കാനിരിക്കുന്ന വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. ഇതായിരിക്കും അടയാളം; പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ നിങ്ങൾ കാണും."

ബേത്‌ലഹേമിലേക്ക് നയിക്കുന്ന പാതയുടെ അരികിൽ മലയോരത്ത് ആടുകളെ കാത്തു പാർത്തിരുന്ന ആട്ടിടയന്മാരുടെ ഇടയിലേക്ക് ശാന്തമായ പ്രകാശം ഇറങ്ങിവന്നു. അവർ ഉണർന്ന് ആ സ്വരം ശ്രവിച്ചു, വെളിച്ചം ദർശിച്ചു.

എവിടെ, എന്താണ് സംഭവിക്കുന്നത്? ആകാശ ദേശമെങ്ങും ഹൃദ്യമായ സംഗീതത്തിന്റെ അലകൾ. ആദ്യം അനുഭവപ്പെട്ട സംഭ്രമം മെല്ലെ വിട്ടകന്നു. ആട്ടിടയന്മാർ തമ്മിൽപ്പറഞ്ഞു:

"നമുക്ക് ബേത്‌ലഹേമിലേക്ക് പോകാം. കേട്ടതൊക്കെയും സത്യമോ എന്നുതിരക്കി അറിയാം."

തുടർച്ചയായ കഷ്ടാനുഭവങ്ങളിൽ സ്വയം നഷ്ടപ്പെട്ട്, ആത്മവീര്യം അന്യമായിത്തീർന്ന യൂദയാജനം. വേദപുസ്തകത്തിൽ ദിവ്യരക്ഷകന്റെ ആഗമനം അടയാളപ്പെടുത്തിയിട്ടുണ്ട്. ന്യായാധിപന്മാരും പ്രവാചകന്മാരും അതേക്കുറിച്ച് നിരന്തരം പ്രബോധിപ്പിച്ചിട്ടുണ്ട്. ഇരുണ്ടകാലം കടന്നുപോകും. ആകാശത്തിൽ പ്രഭാത താരകം ഉദയം ചെയ്യും. പാപാന്ധകാരത്തിൽ പതിച്ചവരെ പിടിച്ചുയർത്തുന്ന രക്ഷയുടെകരം.

കാത്തിരിപ്പിന്റെ കാലങ്ങൾ. പ്രമത്തരായ ഭരണാധികാരികളും വിദേശികളായ ആക്രമണകാരികളും ദൈവജനത്തെ പലതരത്തിൽ നിരന്തരം പീഡിപ്പിച്ചു; ജീവിതം ദുസഹമാക്കി. ആത്മാവ് നഷ്ടപ്പെട്ട ജഡം പോലെ അവരുടെ ജീവിതം.

ദൈവം തന്റെ സൃഷ്ടിയെ നിത്യനാശത്തിലേക്ക് വലിച്ചെറിയുമോ? സത്യമായ ദൈവം, നന്മയായ, സ്നേഹമായ ദൈവം. ആ കരുണയിൽ ദുരിതങ്ങളിൽ നിന്ന് വിമോചനം. ആ സ്വപ്നത്തിന്റെ ചിറകിൽ എത്രകാലം പറക്കാനാവും, എത്രദൂരം താണ്ടാനാവും?

പ്രതീക്ഷകൾ നഷ്ടപ്പെട്ടും സ്വയം ശപിച്ചും യഹൂദജനം നിരാശാ ഗർത്തത്തിൽ പതിച്ച കാലാന്തരത്തിലാണ് ദൈവത്തിന്റെ ദൂതൻ നസറേത്തിലെ കന്യകയ്ക്ക് പ്രത്യക്ഷനായത്. അവൾ മറിയം; ദാവീദിന്റെ ഗോത്രജനായ യൗസേപ്പിന് വിവാഹം നിശ്ചയിക്കപ്പെട്ടവൾ.

ദൂതൻ അറിയിച്ചു: "കൃപ നിറഞ്ഞവളേ, നിനക്ക് സമാധാനം." ദൈവം നിന്നോടുകൂടെയുണ്ട്. നീ അനുഗൃഹീതയാകുന്നു. ഒരു പുത്രന് നീ ജന്മം നൽകും. അവന് യേശു എന്ന് പേർ വിളിക്കണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവം അവന് നൽകും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല."

ഈ വാക്കുകൾ കേട്ട് മറിയം സംഭ്രമചിത്തയായി; ഇതെങ്ങനെ സംഭവിക്കും, താൻ പുരുഷനെ അറിയുന്നില്ലല്ലോ? ദൂതൻ മറിയത്തിന്റെ സന്ദേഹം നിവാരണം ചെയ്യുന്നു: പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും. അത്യുന്നതിന്റെ ശക്തി നിന്റെ മേൽ നിഴലിടും. നിനക്കുജനിക്കാൻ പോകുന്ന ശിശു പരിശുദ്ധനും ദൈവപുത്രനും ആയിരിക്കും. സർവശക്തനായവന് അസാധ്യമായി ഒന്നും തന്നെയില്ല."

ആ വാക്കുകളിൽ ധൈര്യപ്പെട്ട് മറിയം പറഞ്ഞത് എന്തെന്നാൽ,

"ഇതാ ഞാൻ കർത്താവിന്റെ ദാസി. അവന്റെ ഹിതം എന്നിൽ നിറവേറട്ടെ."

ഗർഭിണിയായിത്തീർന്ന മറിയം ദൈവത്തിന് സ്തുതിപാടുന്നു:

"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് ഈ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തിപ്പാടും...."

കാലത്തിന്റെ പൂർണതയിൽ കന്യകയിൽ നിന്നുപിറക്കുന്ന ദൈവപുത്രൻ! ആ മനുഷ്യാവതാരം ആദ്യമാ

യി വെളിപ്പെട്ടത് പാവം ആട്ടിടയർക്ക്. അവരുടെ എളിമയിൽ, നിഷ്കളങ്കതയിൽ ദൈവമായ കർത്താവ് അനുഗ്രഹം ചൊരിഞ്ഞതാവാം.

ആകാശത്തിൽ ഒരു നക്ഷത്രം മെല്ലെ നീങ്ങിക്കൊണ്ടിരുന്നു. ആ പ്രകാശധാര പിൻതുടർന്ന് ആട്ടിടയർ ബേത്‌ലഹേമിൽ രക്ഷകൻ പിറന്ന പുൽത്തൊട്ടി തേടി യാത്ര ചെയ്തു. ഒടുവിൽ നക്ഷത്രം നിലയുറപ്പിച്ച ആകാശച്ചുവട്ടിലെ സത്രത്തോടുചേർന്ന് പിള്ളക്കച്ചയിൽ പൊതിഞ്ഞ ദിവ്യ ശിശുവിനെ അവർ ദർശിക്കുന്നു. അരികിൽ അമ്മ, മറിയം.

അമ്മയും കുഞ്ഞും! ജീവന്റെ ഉറവിടമായി, വിശുദ്ധിയുടെ പ്രതിരൂപം പോലെ അമ്മ. നന്മയുടെ രക്ഷയുടെ നക്ഷത്രമായി ശിശു...

ആട്ടിടയന്മാർ സ്വർഗീയ ഗാനം ഏറ്റുപാടി.

“അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം!”

രണ്ടായിരം സംവത്സരങ്ങൾ പിന്നിടുമ്പോഴും തിരുപ്പിറവി മനുഷ്യഹൃദയങ്ങളിൽ ഉണർത്തുന്നത് ഈ പാട്ടിന്റെ രഹസ്യമാണ്; ശാന്തിയുടെ സന്ദേശമാണ്. തികച്ചും ലളിതവും ജീവിതത്തിന്റെ സാധാരണ വഴികൾക്ക് അനുരൂപവുമായ ക്രിസ്മസ്. സമൂഹത്തിൽ പടർന്നിരുന്ന മൂഢവിശ്വാസങ്ങളും കപടനാട്യങ്ങളും രക്ഷകന്റെ ജനനം രാജകൊട്ടാരത്തിൽ നിർണ്ണയിച്ചു; ജനത്തെ രക്ഷിക്കാനുള്ളവൻ അധികാരത്തിന്റെ ചെങ്കോലുമേന്തി കൊട്ടാരക്കെട്ടിനുള്ളിൽ എഴുന്നള്ളണം! ധനവും പ്രതാപവും നിറയുന്ന പ്രഭുത്വത്തിന്റെ ഉന്നതതലങ്ങളിൽ തിരുപ്പിറവി!!

സംഭവിക്കുന്നതോ, എളിമയുടെ പുൽത്തൊട്ടിയിൽ. സകലജനത്തിനും സംഭവിക്കാനിരിക്കുന്ന വലിയ സന്തോഷത്തിന്റെ നിറവേറൽ അതിധാരുണമായ ജീവിതാവസ്ഥയിൽ. തീർച്ചയായും അതിൽ അടങ്ങിയിരിക്കുന്ന ദൈവിക രഹസ്യമുണ്ട്. എളിമയുടെ പുൽക്കൂടിലാണ് ജീവന്റെ നക്ഷത്രം പ്രകാശം ചൊരിയുന്നത്. ദൈവത്തിന്റെ ആലയം വിശുദ്ധിയുടെ നിറവാർന്നതും എല്ലാ മനുഷ്യർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നതുമാകണം. പ്രൗഢിയോ ജനാധിപത്യത്തിന്റെ പ്രകടനമോ ഒന്നും അതിനെ മഹത്തരമാക്കുന്നില്ല.

ദൈവപുത്രനെ രക്ഷകനായി ഉൾക്കൊള്ളുന്നതിനും മാനസികപരിവർത്തനം കൂടിയേ തീരൂ. ഞാനെന്നഭാവം വെടിഞ്ഞ് എളിമയുടെ ജീവിതപ്പാത തിരഞ്ഞെടുക്കുക. പാവപ്പെട്ടവരെ, പരിത്യക്തരെ പീഡിതരെ, രോഗികളെ എല്ലാം സാഹോദര്യത്തിൽ ഒരുമിപ്പിക്കുകയും രക്ഷാമാർഗ്ഗത്തിൽ മുന്നോട്ടുനയിക്കുകയും ചെയ്യുക. ബലികളെക്കാൾ കരുണ ഇഷ്ടപ്പെടുന്ന ക്ഷമാശീലനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാവുക.

വിശുദ്ധവേദഗ്രന്ഥത്തിലൂടെ യാത്ര ചെയ്യുമ്പോൾ തലമുറകൾ തേടിയ രക്ഷയുടെ പ്രാർത്ഥന നാം കേൾക്കുന്നു. വിമോചനത്തിനുള്ള നിലവിളികൾ. പ്രവാചകന്മാർവഴി വെളിപ്പെട്ട വാഗ്ദാനം. അതിന്റെ സാഫല്യമാണ് ക്രിസ്മസ്. പാപം നിമിത്തം നഷ്ടമായ പറുദീസയുടെ വീണ്ടെടുപ്പ്. ശിക്ഷകളുടെ കാലം കടന്നുപോകുന്നു. രക്ഷയുടെ നക്ഷത്രം ഉദിക്കുന്നു, ജീവന്റെ പുതുവഴിതെളിയുന്നു. ഇനിയുള്ള യാത്രയിൽ രക്ഷകൻ ഒപ്പമുണ്ട്. അത് സന്തോഷകരമാണ്, ശാന്തിദായകമാണ്. ഉച്ചനീചത്വങ്ങൾ അന്യമാകുന്നു. മനസ്സിൽ നിന്ന് ഭയവും വിദ്വേഷവും ഒഴിഞ്ഞുപോകുന്നു. നിരാശയില്ല, ദുഃഖങ്ങളില്ല, ഞാനും നീയും എന്ന ചിന്തയില്ല, നമ്മൾ എന്ന ബോധം മാത്രം.

**രണ്ടായിരം സംവത്സരങ്ങൾ പിന്നിടുമ്പോഴും തിരുപ്പിറവി മനുഷ്യഹൃദയങ്ങളിൽ ഉണർത്തുന്നത് ഈ പാട്ടിന്റെ രഹസ്യമാണ്; ശാന്തിയുടെ സന്ദേശമാണ്. തികച്ചും ലളിതവും ജീവിതത്തിന്റെ സാധാരണ വഴികൾക്ക് അനുരൂപവുമായ ക്രിസ്മസ്.**

അതാണ് ഐക്യത്തിന്റെ ജീവവഴി. രക്ഷാമാർഗത്തിലൂടെ മുന്നോട്ട്; അവനോടൊപ്പം അവനിൽത്തന്നെ. അത്ഭുതകരമായ ഈ സജീവപരിണാമത്തിനുള്ള ശക്തിപകരുന്ന നിത്യരക്ഷയുടെ ചൈതന്യമാണ് ക്രിസ്മസ്.

ആകാശത്തിൽ പൂർണശോഭ ചൊരിയുന്ന നക്ഷത്രം. പ്രകൃതിയാകെ കുളിരണിഞ്ഞുനിൽക്കുന്നു. മകരമഞ്ഞു പെയ്യുന്ന മനോഹര രാത്രി...!

ദേവഗായകർ പാടുന്നു; എളിമയോടെ ഹൃദയം ഏറ്റുപാടുന്നു:

“അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്ത്വം. ഭൂമിയിൽ സന്മനസ്സുള്ള സകലർക്കും സമാധാനം.”

■



ലേഖനം

ജിജി തോംസൺ ഐഎഎസ്
മുൻ ചീഫ് സെക്രട്ടറി

# ഒരു വാഗ്ദാനവും; സമ്മാനവും

ലോകമെമ്പാടും യാത്രചെയ്തിട്ടുള്ള ഒരു ഹൈന്ദവ സുഹൃത്ത് ഒരിക്കൽ എന്നോട് ചോദിച്ചു:

'ജിജി, ലൂർദ്ദിൽ പോയിട്ടുണ്ടോ?'

'ഇല്ല.'

'തീർച്ചയായും പോകണം. It's an electrifying place !

ലൂർദ്ദിൽ പോകാനുള്ള ആഗ്രഹം മൊട്ടിട്ടത് അങ്ങനെയാണ്.

എല്ലാവർഷവും ഡിസംബർ 8നാണ് ലൂർദ്ദിലെ പെരുനാൾ. അവിടെ പോകാനുള്ള തയ്യാറെടുപ്പുകൾ വൈകാതെ തുടങ്ങി. നോമ്പുനോറ്റുവേണം മാതാവിന്റെ അടുത്തുപോകാനെന്ന് ഭാര്യ ഷീലു പറഞ്ഞു. അവൾ വലിയ വിശ്വാസിയാണ്. അനുസരിക്കാതെ മാർഗ്ഗമില്ല. കൂട്ടുകാരിൽ ചിലർ മെഴുകുതിരി കത്തിക്കാനുള്ള പണം ഏൽപ്പിച്ചു. കൂട്ടത്തിൽ ജോസും ഭാര്യ നിമിഷയും (യഥാർത്ഥ പേരല്ല). അവർ നവദമ്പതിമാരാണ്. അവർക്ക് ഒരാഗ്രഹം. ആദ്യത്തെ കുഞ്ഞ് ആണാകണം. അതിന് ലൂർദ്ദിൽ നേർച്ച നേരണം.

'അങ്ങനെ വേണോ? ഒരു കുഞ്ഞിനെ തരണമെന്നു മാത്രം പ്രാർത്ഥിച്ചാൽ പോരേ?' രണ്ടു പെൺകുട്ടികളുടെ പിതാവായ എന്റെ ചോദ്യം അവരെ തെല്ലൊന്ന് അമ്പരപ്പിച്ചു. ദൈവം തരുന്നത് രണ്ടു കൈയും നീട്ടി സ്വീകരിക്കുന്നതാണ് ക്രിസ്തീയധർമ്മമെന്ന എന്റെ വാദം അവരെ തൃപ്തരാക്കിയില്ല.

ജർമ്മനിയിലെ കോളോൺ നഗരത്തിൽ താമസിക്കുന്ന കത്തോലിക്കനായ എന്റെ സുഹൃത്ത് സാജു ജേക്കബ് പയ്യപ്പള്ളി (അങ്കമാലിക്കാരനാണ്) യുമൊത്ത് ഞങ്ങൾ ലൂർദ്ദിലേക്ക് യാത്രയായി. കൊളോണിൽ നിന്നും കാറിലാണ് യാത്ര. ഫ്രാൻസിന്റെ തെക്കേ അറ്റത്ത്, പിരനീസ് പർവത നിരകളുടെ അടിവാരത്തുസ്ഥിതി ചെയ്യുന്ന ഒരു ചെറുപട്ടണമാണ് ലൂർദ്ദ്. ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്ന്. ലൂർദ്ദിൽ നിന്നും ലഭിക്കുന്ന വിശുദ്ധ ജലം തളിച്ചാൽ മാറാരോഗികൾക്ക് ആശ്വാസം കിട്ടുമെന്നാണ് വിശ്വാസം. 51 ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്ന ഈ തീർത്ഥാടന കേന്ദ്രത്തിൽ ആരാധനയ്ക്കായി 22 കേന്ദ്രങ്ങളുണ്ട്.

1858 ഫെബ്രുവരി 11 -ാം തീയതി ബെർനഡറ്റ് എന്നുപേരുള്ള 14 വയസ്സുള്ള ഒരു പെൺകുട്ടിക്ക് മാതാവ് പ്രത്യക്ഷപ്പെട്ടത് ഇവിടെയാണ്. തൂവെള്ള വസ്ത്രം ധരിച്ച്, അരയിൽ നീല ബെൽട്ടും ഇട്ട് പ്രത്യക്ഷപ്പെട്ട ഈ രൂപം യഥാർത്ഥത്തിൽ അമലോത്ഭവ മാതാവായിരുന്നു. ബർനഡറ്റിന്റെ കൂട്ടുകാരികൾക്ക് ഈ ദർശനം ഉണ്ടായില്ല. എന്നാൽ, നടന്ന സംഭവം അമ്മ ലൂസിയോട് അവർ പറഞ്ഞു. അവർ വിശ്വസിച്ചില്ലെന്നുമാത്രമല്ല, മേലാൽ ആ വഴി പോകരുതെന്നും നിർദ്ദേശിച്ചു.



**തിരുവനന്തപുരത്തേക്ക് കാറിൽ യാത്ര ചെയ്യുമ്പോഴും ലൂർദ്ദിലെ മാതാവായിരുന്നു മനസ്സുമുഴുവനും. ഉണ്ണി ഈശോയ്ക്ക് ജന്മം കൊടുത്ത മാതാവ്! ലോകൈകനാഥന് ജന്മം കൊടുത്ത മാതാവ്! ഈ കൈകൾ കൊണ്ടല്ലേ ഉണ്ണിശോയെ വാരിയെടുത്തത്?**

**ഒരു കുഞ്ഞിനെ തരണമെന്നു മാത്രം പ്രാർത്ഥിച്ചാൽ പോരേ?' രണ്ടു പെൺകുട്ടികളുടെ പിതാവായ എന്റെ ചോദ്യം അവരെ തെല്ലൊന്ന് അമ്പരപ്പിച്ചു.**



പക്ഷേ, വിലക്കുലംഘിച്ച് ബെർനഡറ്റ് അവിടെ പോയി. മാതാവ് വീണ്ടും വീണ്ടും - 18 പ്രാവശ്യം - അവൾക്ക് പ്രത്യക്ഷയായി. അമലോത്ഭവ സിദ്ധാന്തം എന്തെന്നറിയാത്ത ബർനഡെറ്റ് തനിക്കും ലഭിച്ച ദർശനങ്ങൾ വികാരിയച്ചനെ അറിയിച്ചു. ആദ്യം സംശയിച്ചുവെങ്കിലും, പിന്നീട് അച്ചൻ അവളെ പ്രോത്സാഹിപ്പിച്ചു. ഒരു ദർശനവേളയിൽ മാതാവ് ബർനഡറ്റിനോട് നിലത്ത് ഒരു നിർദ്ദിഷ്ടസ്ഥാനത്ത് ഒരു കുഴികുഴിക്കാൻ ആവശ്യപ്പെട്ടു. അവിടെ നിന്നും ജലം പ്രവഹിക്കാൻ തുടങ്ങി. ആ ജലം കുടിച്ചവർക്ക് രോഗവിമുക്തി ലഭിച്ചു. വാർത്ത കാട്ടുതീ പോലെ പടർന്നു. ഇന്നും തീർത്ഥാടകർ ഈ വെള്ളത്തിൽ, മുങ്ങിക്കുളിക്കാനായി മണിക്കൂറുകൾ കാത്തുനിൽക്കും.

മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്ത് ഇന്ന് ഒരു കരിങ്കൽ ഗുഹയുണ്ട്. മാതാവിന്റെ ഒരു പ്രതിമയും സ്ഥാപിച്ചിരിക്കുന്നു. കോടിക്കണക്കിനുപേരുടെ സ്പർശനമേറ്റ് അവിടെയുള്ള കരിങ്കല്ലുകൾ വെണ്ണക്കല്ലുകൾ പോലെ മാർദ്ദവമുള്ളതായിരിക്കുന്നു. തെല്ല് അകലെ ജോൺപോൾ രണ്ടാമൻ മാർപാപ്പ മുട്ടുകുത്തിനിൽക്കുന്ന ഒരു പ്രതിമയുമുണ്ട്. ധ്യാന നിരതനായ്, മാതാവിലേക്ക് കണ്ണും നട്ടിരിക്കുന്ന പരിശുദ്ധ പിതാവിന്റെ അടുത്ത് ഞാനും മുട്ടുകുത്തി; പ്രാർത്ഥനാ നിരതനായ്.

പള്ളിയിലേക്കുള്ള പ്രവേശന കവാടം മുഴുവൻ ലോകത്തിന്റെ പല ഭാഗത്തുനിന്നും വന്ന രോഗികളും, പരിചാരകരുമാണ്. പലരെയും വീൽചെയറിൽ, അല്ലെങ്കിൽ സ്ട്രക്ചറിൽ കൊണ്ടുവരുന്നു. ഒരാൾ പൊക്കമുള്ള മെഴുകുതിരികളും ചുമന്ന്. മറ്റു ചിലർ വരുന്നു. തിക്കിലും തിരക്കിലും പെട്ട്, വളരെ ബുദ്ധിമുട്ടി ഞങ്ങൾ പള്ളിയിൽ പ്രവേശിച്ചു. പള്ളിയിൽ കാലുകുത്താൻ സ്ഥലമില്ല. മുഴുവൻ രോഗികൾ - ശയ്യാവലംബരായ രോഗികൾ മാത്രം. പലരും മൃതപ്രായരായവർ. അടുത്തുനിൽക്കുന്ന ബന്ധുക്കളും പരിചാരകരും കണ്ണീർ തുടയ്ക്കാൻ പാടുപെടുന്നു. അൾത്താരയിൽ ഒരു ബിഷപ്പും അച്ചന്മാരും ശുശ്രൂഷകരുമുണ്ട്. ഫ്രഞ്ച് ഭാഷയിലാണ് പ്രാർത്ഥന. കണ്ണീരോടെയുള്ള അവരുടെ പ്രാർത്ഥന ഞങ്ങളുടെ ഹൃദയത്തെ തൊട്ടുണർത്തി. എന്താണ് അമ്മയോട് പ്രാർത്ഥിക്കേണ്ടത്? ഞങ്ങളുടെ ആവശ്യം മകൾക്ക് നല്ലൊരു ഭർത്താവിനെ കിട്ടണമെന്നു മാത്രം. തൊട്ടടുത്തു നിൽക്കുന്ന, അല്ലെങ്കിൽ കിടക്കുന്ന രോഗിയുടെ മുഖത്തുനോക്കാൻ പോലും പ്രയാസം. അവരുടെ വേദന സഹിക്കാവുന്നതിലും അപ്പുറം.

"അടുത്തുനില്പോരനുജനെ<br>
കാണാനക്ഷികളില്ലാത്തോർ -<br>
ക്കരൂപനീശ്വരൻ, അദൃശ്യനായാലെന്താശ്ചര്യം?"

എന്ന് ഉള്ളൂർ എഴുതിയ വരികൾ ഞാൻ ഓർമ്മിച്ചു. ഈ രോഗികളുടെ വേദന മാറ്റികൊടുക്കണമെന്നു അപേക്ഷിക്കുകയല്ലാതെ മറ്റെന്തുചെയ്യാൻ? കണ്ണുകളടച്ച്, കൈകൾ കൂപ്പി ഞങ്ങളും അതുതന്നെ പ്രാർത്ഥിച്ചു. സ്വന്തം കാര്യം പറഞ്ഞതുമില്ല.

രാത്രിയിലെ മെഴുകുതിരി പ്രദക്ഷിണത്തിലും പങ്കെടുത്തു. ദിവ്യമായ ഒരനുഭൂതി. ഹൃദയശുദ്ധിയോടെ ഇവിടെ വരികയേ വേണ്ടൂ. പ്രത്യേകിച്ച് ഒന്നും യാചിക്കണ്ടാ. മനസ്സിലെ ഇംഗിതങ്ങൾ അറിയുന്നവന്റെ മുന്നിലാണ് നാം നിൽക്കുന്നതെന്ന് ഓർത്താൽ മാത്രം മതി. അമ്മേ! ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിച്ചാൽ മാത്രം മതി.

യാത്രയെല്ലാം കഴിഞ്ഞ് തിരിച്ച് നെടുമ്പാശ്ശേരിയിൽ വിമാനമിറങ്ങി. സ്വീകരിക്കാനെത്തിയവരിൽ വേണുവും ഉണ്ടായിരുന്നു. സിനിമാ നിർമ്മാതാവാണ്. പുതിയൊരു സിനിമയുടെ നിർമ്മാണത്തിലാണ്.

എന്താണ് കഥ?

വിവാഹം കഴിഞ്ഞ ക്രൈസ്തവരായ ഒരു ദമ്പതിമാർക്ക് ആൺകുഞ്ഞുവേണമെന്ന് ഒരേ ഒരു വാശി. ഗർഭസ്ഥ ശിശു പെൺകുട്ടിയാണെന്നറിഞ്ഞപ്പോൾ ഭ്രൂണഹത്യ നടത്താൻ അവർ തീരുമാനിച്ചു. ഭ്രൂണഹത്യ നടത്തിയതിനുശേഷം സ്ത്രീക്ക് ബുദ്ധിഭ്രംശം വരുന്നു. ഒരിക്കലും ചെയ്യാൻ പാടില്ലാത്തത് ചെയ്തുവെന്ന കുറ്റബോധം അവരെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നു. അപ്പോൾ ഒരു ക്രിസ്മസ് രാത്രിയിൽ കാരൾ പാട്ടുകൾ പാടി എത്തിയ സംഘത്തിന്റെ ഒരു പാട്ട് അവർ കേൾക്കുന്നു. ഉണ്ണി ഈശോയ്ക്ക് ജന്മം കൊടുത്ത മാതാവിനെ സ്തുതിച്ചുകൊണ്ടുള്ള ആ പാട്ട് കേൾക്കുമ്പോൾ, അവൾ വികാരവിവശയാകുന്നു. അടുത്തുള്ള കോൺവന്റിലേക്ക് അവർ ഓടുന്നു. മാതാവിന്റെ പ്രതിമയുടെ കാലിൽ പിടിച്ച് മാപ്പ് അപേക്ഷിക്കുന്നു. പുതിയൊരു ജീവിതം ആരംഭിക്കുന്നു. വേണു കഥ വിവരിച്ചുകഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു.

''ഇത് അവാർഡ് ചിത്രമാണ്. ആളുകൾ കാണാൻ വരുമോ?"

"അതൊന്നും സാരമില്ല. സാർ ഒരു പകാരം ചെയ്യണം."

"എന്താ വേണ്ടത്?"

അവസാനത്തെ ക്ലൈമാക്സിന് ചേരുന്ന ഒരു പാട്ടുവേണം. പരിചയമുള്ള ആരെങ്കിലും എഴുതിയാൽ കാശു കുറച്ചുകൊടുത്താൽ മതിയല്ലോ !'

'എത്ര കൊടുക്കും?'

'ഏറിയാൽ പതിനായിരം രൂപ കൊടുക്കാം.'

'ശരി, ഞാൻ നോക്കട്ടെ."

തിരുവനന്തപുരത്തേക്ക് കാറിൽ യാത്ര ചെയ്യുമ്പോഴും ലൂർദ്ദിലെ മാതാവായിരുന്നു മനസ്സുമുഴുവനും. ഉണ്ണി ഈശോയ്ക്ക് ജന്മം കൊടുത്ത മാതാവ്! ലോകൈകനാഥന് ജന്മം കൊടുത്ത മാതാവ്! ഈ കൈകൾ കൊണ്ടല്ലേ ഉണ്ണീശോയെ വാരിയെടുത്തത്? കവിളിൽ തുരുതുരെ ചുംബിച്ചത്? പിച്ചവച്ചുനടന്നപ്പോൾ കൈയിൽ പിടിച്ചത്? ഇതൊക്കെ ഒന്നെഴുതിയാലെന്താ?

ഡൈവറോട് പേപ്പറും പേനയും ചോദിച്ചു.

'പേപ്പറില്ല സാർ.'

'എഴുതാൻ എന്തെങ്കിലുമുണ്ടോ?'

ടെലിഫോൺ ഡയറിയുടെ ഒരു ഷീറ്റ് അയാൾ കീറിത്തന്നു. കാറിലിരുന്ന് ഞാൻ എന്റെ ചിന്തകൾ കുറിച്ചു:

ലോകൈകനാഥന് ജന്മം നൽകിയ
അമ്മേ! നീ എത്ര ധന്യ!
ഉണ്ണി ഈശനു പാലമൃതൂട്ടിയ
അമ്മേ! നീ എത്ര ധന്യ !

താരാട്ടുപാടുവാൻ, താളംപിടിക്കുവാൻ

താരിളം മേനിയെ പുൽകിടാനും
പൂനിലാപോൽ പുഞ്ചിരിതൂകും
പൂങ്കവിൾ തെരുതെരേ മുത്തിടാനും
ഭാഗ്യമേകിയ നാഥൻ സ്തുത്യൻ
ശുദ്ധരിൽ ശുദ്ധൻ, വന്ദ്യനെന്നും!

വേദങ്ങളോതുവാൻ, കീർത്തനം പാടുവാൻ

വേദനിക്കുന്നോരെ താങ്ങിടാനും
പല്ലവംപോലുള്ള വിരലുകൾ കൂട്ടി
ആദ്യാക്ഷരങ്ങൾ കുറിച്ചിടാനും
ഭാഗ്യമേകിയ താതൻ സ്തുത്യൻ
ശുദ്ധരിൽ ശുദ്ധൻ വന്ദ്യനെന്നും!

കാലിത്തൊഴുത്തിൽ ജാതനാമീശോയെ

സ്നേഹിച്ചുപാലിച്ചോരമ്മയെ പോൽ

ജീവന്നഭയം നൽകാൻ ഭാഗ്യം
ഏകണേ ഏഴകൾക്കെന്നുമെന്നും!

തിരുവനന്തപുരത്ത് വന്നിട്ട് ഭംഗിയായ് പകർത്തി എഴുതി വേണുവിന് ഫാക്സ് അയച്ചുകൊടുത്തു. ആരാണ് എഴുതിയെന്നുപറഞ്ഞില്ല. സംഗീതസംവിധായകൻ അർജുൻമാഷാണ്. മാഷ് അംഗീകരിച്ചു എന്നുപറഞ്ഞപ്പോൾ ഞാൻ തൃപ്തനായി. ഗാനരചയിതാവ് ഞാനാണ് എന്നറിഞ്ഞപ്പോൾ വേണു സന്തോഷവാനായ്. 10,000 രൂപ ലാഭിച്ചല്ലോ!

പാട്ട് ട്യൂൺ ചെയ്യാൻ ജഗതിയിലെത്തിയ അർജുൻ മാഷിനെ ഞാനും ഭാര്യയും ചേർന്നുസ്വീകരിച്ചു. മാഷ് ഹാർമോണിയത്തിൽ ഒരു ട്യൂൺ ഇട്ടു. അത്ഭുതം! ഞാൻ മനസ്സിലിട്ട അതേ ട്യൂൺ!

ഗാനരചയിതാവ് ഞാനാണ് എന്നറിഞ്ഞപ്പോൾ, മാഷ് ചോദിച്ചു:

'ഇതിനുമുൻപ് പാട്ട് എഴുതിയിട്ടുണ്ടോ?'

'ഇല്ല. കുറച്ച് പൊട്ടക്കവിതകൾ എഴുതിയിട്ടുണ്ട്.'

'കൊള്ളാം. ഇതിൽ ഒരുവരി പോലും മാറ്റേണ്ടിവരില്ല. പാട്ടിൽ നല്ല ഫീലുണ്ട്.!'

എന്റെ കണ്ണുകൾ നിറഞ്ഞു. മാതാവിനെ സ്തുതിച്ചുകൊണ്ട് ഞാൻ കുത്തിക്കുറിച്ച വരികൾ സിനിമാഗാനം ആകാൻ പോകുന്നു! ആ വർഷത്തെ ക്രിസ്മസിനു റിലീസ് ചെയ്യുന്ന 'അനാമിക' എന്ന ചിത്രത്തിൽ!

ക്രിസ്മസിന് സിനിമാ തീയേറ്ററിൽ പോയി. വേണു സംവിധാനം ചെയ്ത അനാമിക എന്ന സിനിമയിൽ, ഗായകൻ വേണുഗോപാൽ മനോഹരമായി പാടിയ എന്റെ പാട്ടുകേട്ട് തൃപ്തിയായി. ലൂർദ്ദ് യാത്രയ്ക്കുമുൻപ് യാത്രയാക്കാൻ വന്ന ജോസഫിനേയും, ഭാര്യ നിമിഷയേയും ചിത്രം കാണാൻ ക്ഷണിച്ചു. സിനിമ കണ്ട് അവർ പറഞ്ഞു:

ഇല്ല! ആൺകുഞ്ഞ് വേണമെന്ന് ഞങ്ങൾ വാശിപിടിക്കില്ല. ദൈവം തരുന്നത് എന്തായാലും ഞങ്ങൾ സ്വീകരിക്കും. 2005 ലെ ക്രിസ്മസിന് എനിക്കുകിട്ടിയ ഏറ്റവും നല്ല വാഗ്ദാനം ഇതായിരുന്നു.

രണ്ടുദിവസം കഴിഞ്ഞപ്പോൾ പത്രത്തിൽ ഒരുവാർത്ത: അഹമ്മദാബാദ് ഐഐഎമ്മിൽ നിന്നും ആദ്യമായി ഒരു മലയാളി ഒന്നാം റാങ്കുനേടിയിരിക്കുന്നു. പത്തനംതിട്ട, വയലത്തലയിലെ തേവർകാട്ടിൽ ഫാ. ജേക്കബ് ഫിലിപ്പിന്റെ പുത്രൻ ഫിലിപ്പ് ജേക്കബ്. എന്റെ മകൾക്ക് വരനായ് മാതാവ് കാണിച്ചുതന്ന ചെക്കൻ!

ഇതായിരുന്നു 2005 ലെ ക്രിസ്മസിന് എനിക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനം ഈ ക്രിസ്മസ് കാലത്ത് ഞാൻ ഇതൊക്കെ ഞാൻ എങ്ങനെ മറക്കും. ■





# വെള്ളിതാരകങ്ങൾ

● ആശ. സി
*സാന്ത ബെയാട്രിസ് കോൺവെന്റ്, ശാസ്തവട്ടം*

ശൈത്യമേറും രാത്രിതൻ യാമത്തിൽ
ദൈവസുതൻ കാലിത്തൊഴുത്തിൽ ജാതനായി
അമ്മയാം മേരിതൻ ചാരത്തായി
പൊന്നുണ്ണി പുഞ്ചിരിതൂകി.

ദൂരനാട്ടിൽ നിന്നും രാജാക്കന്മാർ
കാഴ്ചയർപ്പിക്കുവാൻ വന്നല്ലോ
പൊന്നുംമീറയും കുന്തിരിക്കവും
കാഴ്ചവച്ചവർ വണങ്ങി.

വെള്ളിനക്ഷത്രം വഴികാട്ടിയായി
ആട്ടിടയന്മാർ വരവായി
രക്ഷകനാം ഈശോതൻ
തിരുമുഖം കണ്ടാനന്ദിച്ചു.

വാനവവൃന്ദങ്ങൾ അണിയണിയായി
രക്ഷകനാം ഈശോതൻ ജനനം
ആനന്ദത്താൽ ഉച്ചത്തിൽ പാടി
Gloria Gloria Gloria inexcelsis Deo.

# പെയ്തിറങ്ങുന്ന സ്നേഹം

● ജാസിനോ


മാർബിൾ ഫലകത്തിൽ മറഞ്ഞിരിക്കും
മധുരസ്നേഹമെ മായയായ് മുന്നിൽ വരൂ
മറയ്ക്കൂ എന്നെ നിൻ മനസ്സിനുള്ളിൽ

മാലാഖമാരുടെ ഭാഷയേകാൻ
മാലോകർക്കാശ്വാസമേകീടുവാൻ
മാനത്തണഞ്ഞീടൊരമ്പിളിപോൽ

മണ്ണിനെ പൊന്നാക്കും സ്നേഹം
മനസ്സിനെ മൃദുവാക്കും സ്നേഹം
മനതാരിൽ മറഞ്ഞൊരീസ്നേഹം
മധുവായ് പെയ്യുമീ സ്നേഹം
മന്നയായ് രുചിക്കുമീ സ്നേഹം.

മാഞ്ചോട്ടിലെ മഞ്ചാടിപോൽ
മനോഹരമാക്കൂ എൻ മാനസം
മണ്ഡപം തീർക്കാം ഞാൻ
മരതകവും മാണിക്യവും കൊണ്ടാ-
മമഹൃത്തിൽ മങ്ങാതെ മായാതെ.






ലേഖനം

ഫാ. യേശുദാസ് പ്രകാശ് സി. എസ്. ജെ
ജോസഫൈറ്റ്സ് ദി മരിയാൽഡോ

# ചുവടൊന്ന് മാറ്റി ചവിട്ടിയിരുന്നെങ്കിൽ

**എന്നിലുള്ള ഒരു ചുവട് ഒന്ന് മാറ്റിചവിട്ടുമ്പോൾ, ആ മാറ്റി ചവിട്ടൽ എന്നെ അനുതപത്തിലേക്കും, ദാനധർമ്മങ്ങളിലേക്കും നോമ്പിന്റെ ആത്മീയതയിലേക്കും നയിക്കണം. ഒരു തിരിച്ചറിവിൽ ഞാൻ എന്നെ തന്നെ തിരിച്ചറിയണം.**

ആഗമനകാലം ദിവ്യ ഉണ്ണിയേശുവിന്റെ ജനനത്തിരുന്നാൾ ആഘോഷിക്കുവാൻ ഒരുങ്ങുന്നതിനായി തിരുസഭാ മാതാവ് നമുക്ക് നൽകുന്ന അനുഗ്രഹത്തിന്റെ ജാഗ്രതയുടെ പ്രാർത്ഥനയുടെ സുന്ദരദിനങ്ങളാണ്. ആഗമനകാലം നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു, ചുവട് ഒന്ന് മാറ്റി ചവിട്ടുവാൻ. എന്നിലെ ഇടറിയും പതറിയും പോയ പാദങ്ങൾ മാറ്റിച്ചവിട്ടുവാൻ ക്ഷണിക്കുന്ന ദിനങ്ങളാണിവ. എന്നിൽ നിന്നും എവിടേക്കാണ് ഞാൻ ചുവട് ഒന്ന് മാറ്റി ചവിട്ടേണ്ടത്? ആരിലേക്കാണ്? എവിടേക്കാണ് ഇനിയുള്ള എന്റെ സഞ്ചാരം? ചുവട് ഒന്ന് മാറ്റി ചവിട്ടിക്കഴിയുമ്പോൾ ആഗമനകാലം എന്നെ അടുക്കുവാനുള്ള കാലത്തിലേക്കുള്ള ക്ഷണമായി മാറുന്നു. ആരിലേക്കാണ് ഞാൻ അടുക്കേണ്ടത്? ആരാണ് എന്നിലേക്ക് അടുക്കേണ്ടത്? എവിടേക്കാണ് ഞാൻ അടുക്കേണ്ടത്? ഇങ്ങനെയുള്ള ഒത്തിരി ചോദ്യചിഹ്നങ്ങൾ ഉയർത്തേണ്ട ദിനങ്ങളാണ് ഈ ആഗമനകാലം.

എന്നിലുള്ള ഒരു ചുവട് ഒന്ന് മാറ്റി ചവിട്ടുമ്പോൾ, ആ മാറ്റി ചവിട്ടൽ എന്നെ അനുതപത്തിലേക്കും, ദാനധർമ്മങ്ങളിലേക്കും നോമ്പിന്റെ ആത്മീയതയിലേക്കും നയിക്കണം. ഒരു തിരിച്ചറിവിൽ ഞാൻ എന്നെ തന്നെ തിരിച്ചറിയണം. ആ തിരിച്ചറിവ് തിരിയുവാനുള്ളതായിരിക്കണം. ആ തിരിയൽ എന്നിലെ ക്രിസ്തുവിനെ കണ്ടെത്തുന്നതായിരിക്കണം. അപ്രകാരമുള്ള ഒരു തിരിച്ചറിവിൽ നമ്മുടെ പാദങ്ങൾ ഒന്നു മാറ്റിചവിട്ടി ആഗമന കാലത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

വി. മാർക്കോസിന്റെ സുവിശേഷം പതിമൂന്നാം അധ്യായം 33-37 വാക്യങ്ങളിൽ സുവിശേഷകൻ ഊന്നൽ കൊടുക്കുവാൻ ശ്രമിക്കുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനമായ കർത്താവിന്റെ രണ്ടാം വരവിനുള്ള കാത്തിരിപ്പിലാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. ജാഗ്രത എന്നും കാത്തുസൂക്ഷിക്കുന്നവന് കർത്താവ് സന്ധ്യക്കോ, അർധരാത്രിയോ, കോഴികൂവുമ്പോഴോ, രാവിലെയോ എപ്പോൾ വന്നാലും സ്വീകരിക്കുവാൻ ഒരു പ്രശ്നവും ഉണ്ടാവുകയില്ല. ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കുവാൻ, ജാഗരുകരായിരിക്കുവാൻ ക്ഷണിക്കുന്ന സുവിശേഷഭാഗം ഒരു പ്രത്യേക സമയത്തേക്കോ കാലത്തിനോ വേണ്ടിയുള്ളതല്ല. മറിച്ച് എന്നും എപ്പോഴും ഒരു കാവൽക്കാരനെപ്പോലെ ഹൃദയത്തിലും, നയനങ്ങളിലും, മനസ്സിലും ശരീരത്തിലും കാത്തുസൂക്ഷിക്കേണ്ട ഉണർവാണ് ജാഗരുകത. എങ്കിൽ പ്രത്യാശയോടും പ്രതീക്ഷയോടുമുള്ള കാത്തിരിപ്പ്, എന്റെ ജീവിതത്തിലേക്കുള്ള കർത്താവിന്റെ വരവ്

എന്റെ ഹൃദയത്തിൽ അനുനിമിഷം നടക്കാറുണ്ടോ? ഞാൻ എത്രത്തോളം ജാഗരൂകരാണെന്നുചിന്തിച്ച് തുടങ്ങേണ്ട സമയമാണ് ഈ ആഗമനകാലം.

ഇന്നത്തെ കാലഘട്ടത്തിന്റെ വലിയൊരു പ്രശ്നം ഒരുക്കമില്ലായ്മയാണ്. പല ആത്മീയ കാര്യങ്ങൾക്കും നാളെ നാളെ എന്ന ചിന്ത ഒന്ന് മാറ്റി ചവിട്ടുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുകയും നാളെയെന്ന ദിനം ഒരിക്കലും കടന്നുവരികയില്ലെന്ന് തിരിച്ചറിവ് നമ്മിൽ നിന്ന് എടുത്തുകളയുകയും ചെയ്യുന്നു. ഈ ഒരു ഒരുക്കമില്ലായ്മയുടെ, ജാഗരൂകതയില്ലായ്മയാണ് നമ്മുടെ ജീവിതത്തിൽ പലപ്പോഴും കുമ്പസാരവും, കൂദാശസ്വീകരണങ്ങളും, പ്രാർത്ഥനയും ദിവ്യബലി അർപ്പണവുമൊക്കെ അനുഗ്രഹമില്ലാത്ത ആചാരങ്ങളാക്കി തീർക്കുന്നത്.

നമ്മുടെ ഈ ആധുനിക ലോകം ഒരുപാട് കാര്യങ്ങളിൽ ഒഴുകി, തിരക്കുപിടിച്ച ജീവിതചക്രങ്ങളിൽ കറങ്ങി മുൻപോട്ട് കുതിക്കുന്നതിനിടയിൽ കർത്താവിന് വേണ്ടിയുള്ള ഒരുക്കത്തിന് ചുവട് ഒന്ന് മാറ്റി ചവിട്ടുവാൻ സമയമില്ലാതെ പോകുന്നു. ഇത് വലിയൊരു അപകടത്തിലേക്കാണെന്ന ബോധം നാം പലപ്പോഴും നഷ്ടപ്പെടുത്തുന്നു. ഇന്ന് കർത്താവിനെ സ്വീകരിക്കുവാൻ സുകൃതങ്ങളുടെയും പുണ്യങ്ങളുടെയും ഹാരങ്ങളോ, കാരുണ്യ പ്രവർത്തികൾ കൊണ്ട് അലങ്കരിച്ച പൂച്ചെണ്ടുകളോ, ആത്മീയതയാൽ മെനഞ്ഞ പട്ടുപരവതാനികളോ കരുതിവയ്ക്കാൻ ആർക്കാണ് നേരം. ഉള്ള ആത്മീയതയിൽ ഒരുക്കമില്ലാതെയും ഓടിയും ചാടിയും ചൊല്ലി തീർക്കുന്ന പ്രാർത്ഥനാ ഗീതികളും കുർബാന അർപ്പണങ്ങളും വെറുമൊരു അനുഷ്ഠാനത്തിന്റെ മുഖംമൂടി അണിഞ്ഞ് തുടങ്ങിയിരിക്കുന്നു.

2014 ൽ വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട വി. ജോൺ 23-ാം പാപ്പയുടെ മരണസംസ്കാര ശുശ്രൂഷയുടെ അന്തിമരംഗം വളരെ ധ്യാനാത്മകവും ഹൃദയസ്പർശിയുമായിരുന്നുവെന്ന് മാധ്യമങ്ങളിലൂടെ അറിഞ്ഞു. പാപ്പയുടെ മരണത്തിനുമുൻപുള്ള ഒരു ആഗ്രഹം ഇപ്രകാരമായിരുന്നു. എന്റെ മരണശേഷം ഔദ്യോഗിക തിരുകർമ്മങ്ങൾ കഴിഞ്ഞ് മൃതദേഹം സംസ്കാരത്തിന് കൊണ്ടുവരുമ്പോൾ പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം ആലപിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. കത്തോലിക്ക തിരുസഭയിൽ ഏറ്റവും ആഹ്ലാദവേളയിൽ കൃതജ്ഞാപൂർവ്വം ദൈവത്തെ പാടി പുകഴ്ത്തുവാൻ ആലപിക്കുന്ന കീർത്തനമാണിത്. ഏറ്റവും ഒരുക്കവും ജാഗ്രതയും ജീവിതത്തിന്റെ മുഖമുദ്രയാക്കിയ ഒരു വ്യക്തിക്ക് മാത്രമേ ഇപ്രകാരം ചിന്തിക്കുവാനും എഴുതിവയ്ക്കാനും സാധിക്കൂ. മരണം സങ്കടപ്പെടാനും കരയുവാനുമുള്ളതല്ല. ദൈവകരുണയ്ക്ക് നന്ദി പറഞ്ഞ് ആനന്ദത്തോടെ ദൈവത്തിൽ വിലയം പ്രാപിക്കാനുള്ളതെന്ന് നമുക്ക് ചിന്തിച്ചുതുടങ്ങാം. അതിനായി എവിടെയായിരുന്നാലും ആരുതന്നെയായാലും ഒന്നുനിൽക്കൂ... ചിന്തിക്കൂ... ചുവട് ഒന്ന് മാറ്റി ചവിട്ടി തുടങ്ങൂ.





**ആൽബി ഡിക്രൂസ്**
ചെറിയതുറ

ധീരതയ്ക്കുള്ള പരമോന്നത ബഹുമതിയായ
പരമവീരചക്രം ലഭിച്ച ആദ്യ മലയാളി

# ഒളിമങ്ങാത്തൊരോർമ്മ...

ഡിസംബറിലെ മരംകോച്ചുന്ന തണുപ്പുള്ള രാത്രിയിൽ ഉണ്ണിയേശു പിറന്നു. ഈ ഞാൻ ഒരു ദിവസം പിന്നിലായി ഭൂമിയിൽ ജന്മമെടുത്തു. ലോകരക്ഷയ്ക്കായി പിറവിയെടുത്ത ദൈവകുമാരന്റെ ജന്മമാസത്തിലും, തൊട്ടടുത്ത ദിനത്തിലും പിറവിയെടുക്കുവാൻ ദൈവം എനിക്കു ഭാഗ്യം തന്നു. യേശുവിന്റെ ദൗത്യം മാനവരക്ഷയെങ്കിൽ എന്റെ ദൗത്യം രാജ്യസുരക്ഷയായിരുന്നു.

നന്നേ ചെറുപ്പത്തിൽ തന്നെ രാജ്യ സേവനത്തിനായി പട്ടാളത്തിൽ ചേർന്നു. തന്നെ ഭരമേല്പിച്ച ദൗത്യം സമ്പൂർണ്ണ സമർപ്പണത്തോടെ നിർവഹിക്കുക. അതുമാത്രമായിരുന്നു എന്റെ മുമ്പിലെ ലക്ഷ്യം യുദ്ധത്തിന്റെ ചെകിടടപ്പിക്കുന്ന ശബ്ദങ്ങൾ ദീനരോദനങ്ങൾ കണ്ണും കരളുമലിയിപ്പിക്കുന്ന ദൃശ്യങ്ങൾ, നിരന്തരമായ പരിശീലനങ്ങൾ. രാത്രിയും പകലുമില്ലാതെ രാജ്യത്തെ സംരക്ഷിക്കുവാനുള്ള സന്നാഹങ്ങൾ. ഇവയെല്ലാം സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ലോകം കവർന്നെടുത്തു. മനസ്സും ശരീരവും എന്തും നേരിടുവാനുള്ള കരുത്താർജ്ജിച്ചു. വർഷത്തിലൊന്നോ രണ്ടോ തവണ നാട്ടിലെത്തും കുടുംബവുമായി ഒരു നേർക്കാഴ്ച. വലിയ കോലാഹലങ്ങളോടുകൂടിയ ഒരാഘോഷവും ഞാൻ ഓർക്കുന്നു. സ്വസ്ഥമായ ജീവിതം എനിക്കന്യമായിരുന്നു. ആറു ദിവസം വേലചെയ്ത് ഏഴാം ദിവസം കർത്താവിനായി നീക്കിവയ്ക്കേണ്ട ദിനങ്ങളിലും ഞാൻ കലാപകലുഷിതമായ പ്രദേശത്തായിരിക്കും. എന്റെ സേവനകാലത്ത് ഒരു ക്രിസ്തുമസ് രാത്രിയിലെ പൂത്തിരിയും ഞാൻ കണ്ടില്ല. ഒരിക്കൽ മനസ്സിൽ ഞാൻ ചിന്തിച്ചു. ഉണ്ണിയേശുവേ ഞാൻ നിനക്കു തൊട്ടുപിന്നിലായി ജനിച്ചെങ്കിലും എനിക്ക് ഒരു ക്രിസ്തുമസ് രാവും ഉണർത്തുപാട്ടായില്ലല്ലോ? അപ്പോൾ ഹൃദയത്തിൽ ഒരാശ്വാസത്തിന്റെ മന്ത്രധ്വനി മൊട്ടിട്ടു നിന്റെ രാജ്യസേവനം എന്നോടുള്ള പ്രാർത്ഥനയും, എനിക്കുവേണ്ടിയുള്ള വേലയുമാണ്. നിന്റെ ആത്മാർത്ഥതയ്ക്ക് പ്രതിഫലമുണ്ടാകും. അത് സാർത്ഥകമായി.

ധീരതയ്ക്കുള്ള പരമോന്നത ബഹുമതിയായ പരമവീരചക്രം ലഭിച്ച ആദ്യ മലയാളിയായിയെന്നെ പ്രഖ്യാപിച്ചു. ഞാൻ മനസ്സുകൊണ്ട് ആ ബഹുമതി ഉണ്ണിയേശുവിന്റെ കാൽക്കലർപ്പിച്ചു. എന്നിട്ടു ചോദിച്ചു, "പൂജ്യരാജാക്കന്മാരോടൊപ്പം നിന്നെത്തേടി എന്റെ ഈ സമ്മാനം ആ കാൽക്കലർപ്പിച്ച് സായൂജ്യം നേടാൻ എന്നെയും അനുവദിക്കുമോ? വർഷങ്ങൾ കടന്നുപോയി ഞാൻ സർവ്വീസിൽ നിന്നു വിരമിച്ചു. എനിക്ക് നഷ്ടപ്പെട്ട കുടുംബ ജീവിതം അതിന്റെ പരിപൂർണ്ണതയിലനുഭവിക്കുവാൻ ഈശ്വരൻ അനുവദിച്ചു.

ഒരിക്കൽ മക്കളും ഭാര്യയും പേരമക്കളും ഒന്നുചേർന്ന ക്രിസ്മസ് രാത്രിയിലെ കുർബാന അർപ്പിക്കാൻ പുറപ്പെട്ടു. ആനന്ദം നിറഞ്ഞ നിമിഷങ്ങളായിരുന്നു. അത്യന്തം ഭയഭക്തിയോടും നിറഞ്ഞ സന്തോഷത്തോടും ദിവ്യബലിയർപ്പണം നടത്തി, കാലിത്തൊഴുത്തിൽ ഉണ്ണിയേശുവിനെ ദർശിച്ചു. മനസ്സു മന്ത്രിച്ചു. 'ശിഷ്ട ജന്മം നിന്നോടൊത്ത്'. തിരികെ എല്ലാപേരുമൊന്നിച്ച് വീട്ടിലെത്തി. മുറിതുറന്നു. ആ കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. അലംകൃതമായ ആ മുറിയിൽ ഒരു പടുകൂറ്റൻ കേക്ക്. അതിൽ മുദ്രണം ചെയ്ത വാക്കുകൾ. 'ഞങ്ങളുടെ എല്ലാമെല്ലാമായ ഡാഡിക്ക് ഞങ്ങളുടെ ജന്മദിനാശംസകൾ... ഉല്ലാസത്തിന്റെ നിറപ്പകിട്ടാർന്ന രാത്രി ദൈവം എനിക്ക് സമ്മാനിച്ചു. നക്ഷത്രങ്ങൾ പോലെ പൂത്തിരിച്ചിതറി. ഹർഷാരവങ്ങൾ ഉയർന്നു. ഉണ്ണിയേശുവേ നീ നിന്റെ അനുജനെ എത്രമാത്രം സ്നേഹിച്ചു. ആ ദർശന സായൂജ്യം നൽകി എന്റെ ജന്മദിനത്തെയും ആഘോഷമാക്കിയില്ലേ...? നന്ദി.... ഹൃദയം നിറഞ്ഞ നന്ദി.

**വില്യം പനിപ്പിച്ച**

തെക്കേ കൊല്ലംകോട്

**കാരിക്കേച്ചർ ഡ്രോയിംഗിൽ തുടർച്ചയായി 72 മണിക്കൂർ പൂർത്തിയാക്കി ലോക ഗിന്നസ് ബുക്കിൽ ഇടം നേടി**



# മണലാരണ്യത്തിലെ പുൽക്കൂട്

ഇതുവരെയുള്ള എന്റെ ക്രിസ്മസ് നിറമുള്ള നക്ഷത്രങ്ങളുടെ ദിനങ്ങളാണ്. മഞ്ഞുപെയ്യുന്ന ഡിസംബർ മാസത്തിൽ വർണശബളമായ കടലാസുകൾകൊണ്ട് നക്ഷത്രങ്ങളും പുൽക്കൂടുമൊരുങ്ങി ഓരോ വീടും ഉണ്ണിയേശുവിനെ സ്വീകരിക്കാനൊരുങ്ങുമ്പോൾ ഞാനും എന്റെ വീടിനെ അലങ്കരിക്കാനുള്ള തിരക്കിലായിരിക്കും. പുൽക്കൂടിലെ രൂപങ്ങൾ വാങ്ങാൻ പൈസയില്ലാത്തവർക്കായി പേപ്പറിൽ നിർമ്മിച്ച പുൽക്കൂട് സുലഭമായിരുന്നു. എനിക്കിഷ്ടം പേപ്പറിലെ പുൽക്കൂട് തന്നെയായിരുന്നു. വീട്ടിലെ ദാരിദ്ര്യമാകാം അതിന് കാരണം. ഏഴാം ക്ലാസ് പഠനം നിർത്തി കമ്പവലിക്കാനിറങ്ങുകയും നിറങ്ങളോടുള്ള അഭിനിവേശം മൂത്ത് പഠനം തുടങ്ങുകയും ചെയ്തകാലഘട്ടം വരയോടുള്ള എന്റെ താല്പര്യവും അമ്മയുടെ പ്രാർത്ഥനയും കൂടിച്ചേർന്നപ്പോൾ വലിയതുറ ഫിഷറീസ് സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥിയായി ഞാൻ മാറി. സഹപാഠിയായിരുന്ന ജോയ് സി.മാത്യു (ഫാ. ജോയ് സി.മാത്യു)വിന്റെ വീട്ടിൽ വിപുലമായ രീതിയിൽ പുൽക്കൂട് നിർമ്മാണം നടക്കുമ്പോൾ ഞാനും ഒപ്പം കൂടുമായിരുന്നു. അവിടെ പുൽക്കൂട്ടിലെ ആകാശത്തിന് നിറംകൊടുക്കാനും നക്ഷത്രങ്ങൾ വരയ്ക്കാനും അവസരം ലഭിച്ചത് സന്തോഷമുള്ള നിമിഷങ്ങളായിരുന്നു. പിന്നെപ്പിന്നെ പുൽക്കൂട് നിർമ്മിക്കുക എന്നത് മാത്രമായിരുന്നു ഡിസംബർ മാസത്തെ ഏക ആഗ്രഹം. സെന്റ് മാത്യൂസ് ദേവാലയത്തിൽ മുതിർന്നവർ ചെയ്തിരുന്ന പുൽക്കൂട് കണ്ടുനിൽക്കുകയും അവരെ സഹായിക്കുകയും, ഒറ്റയ്ക്ക് ചെയ്യുകയും ചെയ്ത കുട്ടിക്കാലം വളരെ സന്തോഷം തരുന്നതായിരുന്നു. കുടുംബ പ്രാരാബ്ദത്തിൽപ്പെട്ട് പ്രവാസി ആയ കാലഘട്ടത്തിലും മനസ്സിൽ പുൽക്കൂട് എന്ന ആഗ്രഹത്തിന് ഒരു കുറവും വന്നില്ല. പ്രവാസ ജീവിതത്തിൽ മറക്കാൻ സാധിക്കാത്ത സംഭവം, ഉമ്മൻകോയയിലെ ഒരു ലേബർ ക്യാമ്പിൽ പരിമിതമായ സ്ഥലത്ത് അവർക്കുവേണ്ടി പുൽക്കൂടൊരുക്കാൻ സാധിച്ചു എന്നതാണ് ആ സഹോദരങ്ങളുടെ കണ്ണുകളിൽ അന്നുകണ്ട നക്ഷത്രത്തിളക്കം ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു.

ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിൽ ആർട്ടിസ്റ്റായി, സന്തോഷമുള്ള നിറങ്ങൾ ജീവിതത്തിൽ വന്നുചേർന്ന കാലഘട്ടം. ദുബായ് സെന്റ് മേരീസ് ദേവാലയത്തിൽ നാളിതുവരെ ഫിലിപ്പൈൻസ് സഹോദരങ്ങളാണ് പുൽക്കൂട് ഒരുക്കിയിരുന്നത്. ആദ്യമായി ഒരു മലയാളിക്ക് അവിടെ പുൽക്കൂട് നിർമ്മിക്കുവാനുള്ള ആ ഭാഗ്യവും ദൈവം എനിക്ക് തന്നു. ദുബായ് സെന്റ് മേരീസ് ദൈവലയത്തിൽ ഞാൻ നിർമ്മിച്ച പുൽക്കൂടിന് മുമ്പിൽ നിന്നപ്പോൾ ജീവിതത്തിൽ എന്തൊക്കെയോ നേടിയ, ദൈവം എന്തൊക്കെയോ അനുഗ്രഹങ്ങൾ എനിക്ക് നൽകിയ അനുഭവമായിരുന്നു. കുട്ടിക്കാലത്ത് ഒരു ചെറിയപുൽക്കൊടിപോലും വീട്ടിൽ നിർമ്മിക്കാൻ ദാരിദ്ര്യം അനുവദിക്കാതിരുന്ന എനിക്ക് ഇന്ന് ഒരു വിദേശരാജ്യത്ത് അനേക രാജ്യക്കാർ അനുമോദിക്കുന്ന തരത്തിൽ ഒരു പുൽക്കൂട് ഒരുക്കാൻ കഴിഞ്ഞത് ഒരു അനുഗ്രഹമല്ലാതെ മറ്റെന്താണ്. ഞാൻ നിർമ്മിച്ച പുൽക്കൂടിന്റെ മനോഹാരിത കണ്ട് വിദേശികൾ എന്നെ അഭിനന്ദിച്ചപ്പോൾ സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞിരുന്നു. മനസ്സിൽ ഏറെ സന്തോഷവും, എന്നിലെ കലാകാരന് ലഭിച്ച അംഗീകാരവും കൊണ്ട്. ഈ ക്രിസ്മസ് എന്റെ മനസ്സിൽ പച്ചയായ ഓർമ്മകൾ വിരിച്ച് എന്നും നിലനിന്നിരുന്നു.

പുൽക്കൂട് നിർമ്മിച്ച് തുടങ്ങിയ എന്റെ യാത്ര തുടർച്ചയായി മണിക്കൂറുകൾ നീണ്ട കാരിക്കേച്ചർ നിർമ്മാണത്തിൽ വേൾഡ് ഗിന്നസ് റിക്കാർഡിൽ എത്തിനിൽക്കുമ്പോൾ തുടക്കം ഉണ്ണിയേശുവിൽ നിന്നായതിൽ ഞാൻ അഭിമാനിക്കുന്നു.

**പൊന്നാക്ഷിയമ്മ**
പൂവാർ



# വള്ളപ്പുരയിലെ ക്രിസ്മസ്

ഞാൻ പൊന്നാശിയമ്മ. ഇപ്പോൾ കൊച്ചുതുറ ശാന്തി ഭവനിൽ കഴിയുന്നു. ഒരു ദരിദ്രകുടുംബത്തിൽ ജനിച്ച എനിക്ക് അപ്പന്റെ പെട്ടെന്നുണ്ടായ മരണം കാരണം നാലാം ക്ലാസിൽ വച്ച് പഠനം നിർത്തേണ്ടിവന്നു. അമ്മ കൂലിപ്പണി ചെയ്തു എന്നെയും സഹോദരങ്ങളെയും വളർത്തി. 19-ാം വയസ്സിൽ ഒരു സാധു യുവാവുമായി എന്റെ വിവാഹം നടത്തി. എന്റെ ജീവിതത്തിൽ സന്തോഷത്തിന്റെ ദിനങ്ങൾ ആരംഭിച്ചു. ഞങ്ങൾക്ക് നാലു മക്കൾ ജനിച്ചു. ദാരിദ്ര്യത്തിലും അല്ലലറിയിക്കാതെ കുഞ്ഞുങ്ങളെ വളർത്തി. വിദ്യാഭ്യാസം നൽകി. ഞങ്ങൾ ഉണ്ടില്ലെങ്കിലും കുട്ടികളെ ഊട്ടിവളർത്തി. ഓരോ ക്രിസ്മസും ആഘോഷങ്ങളായിരുന്നു. വീട് അലങ്കരിക്കുക, കുട്ടികൾക്ക് പുതുവസ്ത്രങ്ങൾ വാങ്ങുക, പുൽക്കൂട് ഒരുക്കുക അങ്ങനെ പലതും. കടം വാങ്ങിയിട്ടായാലും ക്രിസ്മസിന് കുട്ടികൾക്ക് പുതുവസ്ത്രം വാങ്ങിനൽകണമെന്നും അത് ധരിച്ചുകൊണ്ട് പാതിരാകുർബാനയിൽ പങ്കുകൊള്ളണമെന്നും അദ്ദേഹത്തിന് നിർബന്ധമായിരുന്നു. അധികം വൈകാതെ ഞങ്ങളുടെ സന്തോഷത്തെ ഊതിക്കെടുത്തിക്കൊണ്ട് എന്റെ ഭർത്താവ് മരണമടഞ്ഞു. ഉദരസംബന്ധമായ അസുഖമായിരുന്നു.... പിന്നീടുള്ള ക്രിസ്മസുകൾക്ക് മോടികുറഞ്ഞുവന്നു. ഞാൻ കഷ്ടപ്പെട്ട്, വീടുകളിൽപ്പോയി മീൻകച്ചവടം ചെയ്ത് കുട്ടികളെ വളർത്തി. രണ്ടു പെൺമക്കളുടെയും വിവാഹം നടത്തി. മൂന്നാമത്തെ മകളുടെ വിവാഹത്തിന് കിടപ്പാടം വിൽക്കേണ്ടിവന്നു. തുടർന്ന് ഞാനും മകനും ഒരു ഓലപ്പുര കെട്ടി അതിൽ താമസമാക്കി. ദുഃഖവും ദുരിതങ്ങളും ഉണ്ടായിരുന്നെങ്കിലും ഓരോ ക്രിസ്മസിനും എന്റെ മകന് ഒരു ഉടുപ്പ് വാങ്ങിക്കൊടുക്കാൻ ഞാൻ മറന്നില്ല. എങ്ങനെയെങ്കിലും ഒരു ഭവനം നിർമ്മിക്കണം അതായി എന്റെയും മകന്റെയും ചിന്ത. മകൻ പണിക്കുപോയിത്തുടങ്ങി.

പള്ളീലച്ചന്റെയും നല്ലവരായ നാട്ടുകാരുടെയും സഹകരണം കൊണ്ട് വീടിന്റെ പണി ആരംഭിച്ചു. പലരോടും യാചിച്ചും പിച്ചതെണ്ടിയും ഉണ്ടാക്കിയ തുക കൊണ്ട് വീട് പണിത് അതിൽ താമസമാക്കി. അധികം വൈകാതെ മകന്റെ വിവാഹവും നടന്നു. കുറേ നാളുകൾ കഴിഞ്ഞപ്പോൾ മകനും മരുമകൾക്കും എന്നെ വേണ്ടാതായി. എന്റെ ദുഃഖങ്ങൾ കണ്ണീർ മണികളായി പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചു. രോഗം പിടിപെട്ടിട്ടുപോലും തിരിഞ്ഞുനോക്കാത്തവർ. ദിവസങ്ങൾ കഴിയുന്തോറും എന്റെ ജീവിതം ദുരിതപൂർണ്ണമായിത്തീർന്നു. മകനും മരുമകൾക്കും ഞാനൊരു അധികപ്പറ്റാണെന്ന് വന്നപ്പോൾ മകളോടൊപ്പം താമസിക്കാനായി അവൾ എന്നെ വന്നുകൊണ്ടുപോയി. ദിവസങ്ങൾ കഴിയുന്നതിനനുസരിച്ച് എന്നെ പറഞ്ഞയക്കാൻ അവൾക്കും തിടുക്കമായി. ഒടുവിൽ ഒരു ക്രിസ്മസിന്റെ തലേ ദിവസം രാവിലെ ഞാൻ മകന്റെ വീട്ടിലേക്ക് തിരിച്ചു. ഇടവകപ്പള്ളിയിൽ ക്രിസ്മസിന് എത്താമല്ലോ എന്നതായിരുന്നു ചിന്ത. പലരോടായി ചോദിച്ച് വാങ്ങിയ പണം കൊണ്ട് മകനൊരു ഉടുപ്പും വാങ്ങിയാണ് ഞാൻ എത്തിയത്.

എന്റെ വീട് പെയിന്റ് ചെയ്ത് ഭംഗിയാക്കിയിരിക്കുന്നതു കണ്ടപ്പോൾ കൂടുതൽ സന്തോഷം തോന്നി. തിടുക്കത്തിൽ വീട്ടിലേക്ക് കയറി. ഒരു സ്ത്രീ എന്നെ പുറത്തേക്ക് ഇറക്കിവിട്ടു. എന്റെ നെഞ്ച് തേങ്ങി. യാതൊരു പരിചയവുമില്ലാത്ത സ്ത്രീ. എന്തിനാണ് ഇവർ എന്നെ ഇറക്കിവിട്ടത്. എന്റെ മകനും മരുമകളും വീടുവിറ്റിട്ട് ദൂരസ്ഥലത്തേക്ക് താമസം മാറിപ്പോയതായി ആ സ്ത്രീ പറഞ്ഞു. ആ മുറ്റത്തെ മണലിൽ ഇരുന്ന് ഞാൻ ഉറക്കെ നിലവിളിച്ചു. ആളുകളോട് കൈനീട്ടി ഇരന്നുവാങ്ങിയ രൂപ കൊണ്ട് നിർമ്മിച്ച എന്റെ വീട്. എന്നോട് പറയാതെ വിറ്റിരിക്കുന്നു. എനിക്ക് കരച്ചിലടക്കാനായില്ല. ഈ കെട്ടിടത്തിലെ ഓരോ കല്ലിനുമറിയാം... ഇത് നിർമ്മിക്കാനായി

ഞാൻ സഹിച്ച ത്യാഗവും കുടിച്ച കണ്ണുനീരും. എന്നിട്ടും എന്റെ മകൻ ഇത് കണ്ടില്ലല്ലോ... ദൈവമേ... മകനായി കരുതിയ ഉടുപ്പ് ആ മണ്ണിൽ തന്നെ വലിച്ചെറിഞ്ഞു..

കരഞ്ഞുകരഞ്ഞ് ഞാൻ അവിടെ നിന്നിറങ്ങി. എവിടെ പോകണമെന്നറിയില്ല. മുൻപിൽ വിശാലമായ മണൽ പരപ്പും, കടലും. കടലിനെ ലക്ഷ്യമാക്കി നടന്നു. ചൂട് അസഹനീയപ്പോൾ അടുത്തുകണ്ട ഒരു വള്ളപ്പുരയിൽ കയറിക്കിടന്നു. എപ്പോഴാണ് ഉറങ്ങിപ്പോയത് എന്ന് അറിയില്ല.

നായ്ക്കളുടെ കുരകേട്ടാണ് ഉണർന്നത്. വൈകുന്നേരമായിരിക്കുന്നു. എല്ലാ വീടുകളിലും ക്രിസ്മസിന് ഉള്ള ഒരുക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. എഴുന്നേൽക്കാൻ ശ്രമിച്ചിട്ട് കഴിയുന്നില്ല... പള്ളിയിൽ പോയി പാതിരാ കുർബാനയിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... ഈ മുഷിഞ്ഞ വസ്ത്രങ്ങളുമായി എങ്ങനെ പോകും... കണ്ണീർകൊണ്ട് ചുറ്റുമുള്ള കാഴ്ചകൾ മറഞ്ഞു. മണലിനെ കെട്ടിപ്പിടിച്ചുകൊണ്ട് കിടന്നുറങ്ങി. രാത്രിവൈകി ഉണർന്നപ്പോൾ പള്ളിയിൽ ദിവ്യബലി നടന്നു. പാട്ടുകളും പ്രാർത്ഥനകളും ഉള്ളിൽ ആഴ്ന്നിറങ്ങി. മൂന്നുമക്കളെ പെറ്റ് പോറ്റിവളർത്തിയ എനിക്ക് കിടക്കാൻ ഈ വള്ളപ്പുര. അങ്ങനെ ജീവിതത്തിൽ എല്ലാവരാലും വെറുക്കപ്പെട്ട് സ്നേഹിക്കാനും ആരും ഇല്ലാതെ, ഒരു മേൽവിലാസം പോലും ഇല്ലാതെ ഒരു ക്രിസ്മസ് ദിനത്തിൽ വള്ളപ്പുരയിൽ ഏകാകിയായി കഴിയേണ്ടിവന്നു. ഉറങ്ങാൻ കഴിഞ്ഞില്ല. രാത്രി മുഴുവൻ പൂർവ്വകാല ചിന്തകളിൽ അലഞ്ഞുതിരിഞ്ഞ് സഞ്ചരിച്ചു..

ഇന്ന് ഈ ശാന്തിനിലയത്തിൽ കഴിയുമ്പോൾ ആ ക്രിസ്മസ് രാത്രിയിൽ വള്ളപ്പുരയിലെ മണൽത്തരികളെയും ചേർത്തുപിടിച്ച് കിടന്ന ക്രിസ്മസ് അനുഭവം എന്റെ കണ്ണുകളെ ഈറനണിയിക്കും. എങ്കിലും മുടങ്ങാതെ ഞാൻ എന്റെ മക്കൾക്കായി പ്രാർത്ഥിക്കാറുണ്ട്.


സദ്വര

പെയിന്റിംഗ് എക്സിബിഷൻ

**തീയതി : 2017 ഡിസംബർ 16, 17 ശനി, ഞായർ**

**സ്ഥലം : മ്യൂസിയം ആഡിറ്റോറിയം, തിരുവനന്തപുരം**

തിരുവനന്തപുരം രൂപതാ മാധ്യമ കമ്മിഷൻ സംഘടിപ്പിച്ച പെയിന്റിംഗ് മത്സരത്തിലെത്തിയ മികച്ച രചനകളെയും രൂപതയിലെ ചിത്രകാരന്മാരുടെ സൃഷ്ടികളെയും പരിചയപ്പെടുത്തുന്ന പെയിന്റിംഗ് എക്സിബിഷൻ ഡിസംബർ 16, 17 തീയതികളിൽ മ്യൂസിയം ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു.

**പ്രദർശനം സൗജന്യം, ഏവർക്കും സ്വാഗതം**






ഡോ. ഡാലിയ ടി.എസ്. BAMS
നമ്പ്യാതി



# കാരുണ്യത്തിൻ തൂവൽ സ്പർശം

ജീവിതത്തിൽ ഒത്തിരി യാതനകൾ അനുഭവിക്കുന്ന മുഖങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. റൗണ്ട്സിൽ ഓരോ റൂമും കയറിയിറങ്ങുമ്പോഴും വ്യത്യസ്ത അനുഭവങ്ങളാണ് മനസ്സിനെ തൊട്ടുണർത്തുന്നത്. മെഡിക്കൽ ഫീൽഡിൽ നിന്നും ചിന്തിച്ചാൽ സഹതാപത്തിന്റെ ഒരു കണികയ്ക്കുപോലും അവിടെ സ്ഥാനമില്ല. എല്ലാവരും തുല്യർ. എന്നാൽ മറ്റുള്ളവരുടെ അനുഭവങ്ങൾ നമ്മുടെ ഭാവിക്ക് ഒരു കരുതൽ നൽകുന്നുണ്ടെങ്കിൽ അത് മനസ്സിൽ സൂക്ഷിക്കുന്നതുകൊണ്ട് തെറ്റില്ല.

ഹൗസ് സർജൻസി സമയത്ത് എല്ലാ ദിവസവും റൗണ്ട്സിന് പോകുമ്പോൾ ഡിസ്ചാർജ് പട്ടികയിൽ ആരെങ്കിലുമൊക്കെ ഉണ്ടാകും. എന്നാൽ ആ ദിവസത്തെ ഡിസ്ചാർജ് ലിസ്റ്റിൽ അയാളുടെ പേരുമുണ്ടായിരുന്നു - മുസ്തഫ (റൂം നമ്പർ 125). ഞങ്ങൾ ഈ കോഴ്സിൽ പഠിക്കാൻ തുടങ്ങിയ കാലംമുതലേ 125-ാം റൂമിലെ അന്തേവാസി. പ്രായം 55 ആയിട്ടുണ്ടാകും. സ്ഥലം കൃത്യമായി ഓർക്കുന്നില്ല. പക്ഷേ, ഞങ്ങൾക്ക് കേസ് കൃത്യമായി അറിയാം. ആളിന് ഡിപ്രഷൻ ആണ്. ആരോടും ഒന്നും ഉരിയാടാറില്ല. എപ്പോഴും തലകുമ്പിട്ട് ഒറ്റയിരിപ്പാണ്. മുഖത്ത് ഭാവവ്യത്യാസങ്ങൾ ഒന്നുംതന്നെയില്ല. ബന്ധുക്കളുടെ അവഗണനയാൽ ചികിത്സ പതിയെ അവസാനിപ്പിക്കേണ്ടിവന്നു. ചികിത്സയെല്ലാം നിറുത്തിവച്ചെങ്കിലും റൂം വാടക നൽകുന്നതിനാൽ ഒരു കിടപ്പാടമായി മാറി ആ ഹോസ്പിറ്റൽ റൂം. പിന്നെ കൂട്ടിനായി ബന്ധുക്കൾ ഏർപ്പാടാക്കിയ ഒരു കൂട്ടിരിപ്പുകാരനും. ഇതാണ് അയാളുടെ ലോകം.

ഞങ്ങളുടെ യൂണിറ്റിലുള്ള എല്ലാവർക്കും അയാൾ ഡിസ്ചാർജ് ആയി പോകുന്നത് കാണണം എന്നുണ്ടായിരുന്നു. എന്നാൽ ഡ്യൂട്ടി ടൈം കഴിഞ്ഞ് ഞങ്ങൾ ഇറങ്ങാറായിട്ടും അയാൾ പോയിട്ടില്ല. എങ്കിലും നാളെ അയാൾ ഈ ഹോസ്പിറ്റലിൽ ഉണ്ടാകില്ലെന്ന് മനസ്സിൽ കരുതി ഞങ്ങൾ ഹോസ്റ്റലിലേക്ക് മടങ്ങി. അടുത്തദിവസം രാവിലെ റൗണ്ട്സിന് ഞങ്ങൾ ഇറങ്ങി. 125-ാം റൂം ലോക്ക് ചെയ്തിട്ടില്ല. പുതിയ പേഷ്യന്റിനെ പ്രതീക്ഷിച്ച് ഞങ്ങൾ വാതിലിൽ മുട്ടി. എന്നാൽ ആർക്കും വേണ്ടാതെ ഒരു അനാഥനായി മുസ്തഫ ആ കട്ടിലിൽ ചുരുണ്ട് കിടക്കുന്നത് ഞങ്ങൾ കണ്ടു. ഹോസ്പിറ്റൽ ഓഫീസിൽ തിരക്കിയപ്പോൾ അയാളെ ഏറ്റെടുക്കാൻ ആരും വന്നില്ലത്രേ. എല്ലാവർക്കും ഒരു ബാധ്യതയായി മാറിയ അയാളെ ഞങ്ങളുടെ യൂണിറ്റിലുള്ളവർ ഏതെങ്കിലും രീതിയിൽ സഹായിക്കാമെന്നുകരുതി. ഞങ്ങൾ ആദ്യം മുസ്തഫയുടെ വീട്ടുകാരേയും ബന്ധുക്കളേയും പോയി കണ്ടു. അവരുടെ പ്രതികരണം കേട്ടപ്പോൾ അയാളെ ഏതെങ്കിലും വൃദ്ധസദനത്തിൽ ആക്കാനായിരുന്നു ഞങ്ങളുടെ അടുത്ത തീരുമാനം. ചെലവിനുള്ളതൊക്കെ നൽകാം എന്നാൽ അയാളെ സംരക്ഷിക്കാൻ പറ്റില്ലെന്നതായിരുന്നു അവരുടെ നിലപാട്. എങ്കിലും ഞങ്ങൾ വൃദ്ധസദനങ്ങൾ സന്ദർശിക്കാൻ തുടങ്ങി. ഡിസംബർമാസം ആയതിനാൽ ക്രിസ്മസ് പ്രമാണിച്ച് എനിക്ക് അഞ്ചുദിവസത്തെ അവധി ഉണ്ടായിരുന്നു. നാട്ടിലേക്ക് പോകുന്നതിന് മുൻപേ ഇതിനൊരു തീരുമാനമാകാനായിരുന്നു ഞാൻ ആഗ്രഹിച്ചത്. അങ്ങനെ ഡിസം.22 ന് അയാൾ ഞങ്ങളുടെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജായി. ആവശ്യമുള്ള ചികിത്സ ഹോസ്പിറ്റലിൽ നിന്നും ചെയ്തുകൊടുക്കാമെന്ന ഉറപ്പോടെ ഞങ്ങളുടെയും അയാളുടെ ബന്ധുക്കളുടെയും സാന്നിധ്യത്തിൽ മുസ്തഫയെ കന്യാസ്ത്രീകൾ നടത്തുന്ന ഒരു വൃദ്ധസദനത്തിലേക്ക് മാറ്റി.

അങ്ങനെ ജീവിതത്തിലെ ഒട്ടേറെ കയ്പേറിയ അനുഭവങ്ങളിൽ ഒരു മധുകണമായിമാറി ആ കൂട്ടായ്മ. അവർ സന്തോഷത്തോടെ അയാളെ സ്വീകരിച്ചു. ട്രെയിനിൽ നാട്ടിലേക്ക് മടങ്ങുമ്പോഴും മനസ്സിൽ കുറേ നല്ല ഓർമ്മകൾ മാത്രമേ കരുതിയുള്ളൂ. പിന്നെ ക്രിസ്മസ് ദിനത്തിൽ ഉണ്ണീശോക്ക് അർപ്പിക്കാനായി ഒത്തിരി നന്ദിയുടെ പൂച്ചെണ്ടുകളും. ആരോരുമില്ലാത്തവരെ സുരക്ഷിത കരങ്ങളിലേൽപ്പിക്കാൻ മനസ്സു കാണിച്ച ഞങ്ങളുടെ സൗഹൃദത്തെയും ഞങ്ങളിലൂടെ കർത്താവ് ചെയ്ത ആ കാരുണ്യ പ്രവർത്തിയേയും ഞാൻ ഈ ക്രിസ്മസിന് ഓർത്തുപോവുകയാണ്.



ലോറൻസ് ഫെർണാണ്ടസ്
പുതുക്കുറിച്ചി

# പണിതീരാത്ത ക്രിസ്മസ് കൂടുകൾ

കുറേ ദിവസങ്ങൾക്കു മുൻപ് അവിചാരിതമായി മൂന്ന് യുവാക്കൾ വീട്ടിൽ വന്നു. രാജൻ ജോസ്, ശിവപ്രസാദ്, സോണി ചെറിയാൻ. വർഷങ്ങൾക്കു മുൻപ് എന്റെ വിദ്യാർത്ഥികളായിരുന്നു. ഇപ്പോൾ കുടുംബ നാഥന്മാരാണ്. എങ്കിലും ചിരിയിലും സംസാരത്തിലും ആ പഴയ കുട്ടിത്തം വിട്ടുമാറിയിട്ടില്ല. സമ്മാനവുമായിട്ടാണ് വന്നത്. കുശലാന്വേഷണങ്ങൾ കഴിഞ്ഞ് അവർ യാത്രയാവുമ്പോൾ - രാജൻ ജോസിന്റെ നനവുള്ള പുഞ്ചിരി എന്നെ പഴയ ഓർമകളിലേക്ക് കൊണ്ടുപോയി.

ജീവനും വെളിച്ചവും മാസിക 'എന്റെ ക്രിസ്മസ് അനുഭവം' എന്ന പേരിൽ വിദ്യാർത്ഥികൾക്ക് ഒരു എഴുത്ത് മത്സരം സംഘടിപ്പിക്കുന്നു. ഈ വിവരം എല്ലാ വിദ്യാർത്ഥികളെയും അറിയിച്ചു. നല്ലത് തെരഞ്ഞെടുക്കാൻ അവരെ കൊണ്ട് എഴുതിക്കുകയും ചെയ്തു.

കുട്ടികളുടെ അനുഭവങ്ങൾ വായിക്കുന്നതിനിടയിലാണ് രാജൻ ജോസ് എന്ന പത്താംക്ലാസ് വിദ്യാർത്ഥിയുടെ അനുഭവക്കുറിപ്പ് ശ്രദ്ധയിൽപ്പെട്ടത്. വളരെ വേദനിപ്പിക്കുന്ന ജീവിതാനുഭവം. ഞാൻ ആ കുട്ടിയെ വിളിച്ചു. ഒരു വിങ്ങലോടെ അവന്റെ അനുഭവം കേട്ടിരുന്നു.

അമ്മയും അച്ഛനും അവന്റെ ബാല്യം മുതലേ പിരിഞ്ഞുകഴിയുകയായിരുന്നു. തന്റെ അച്ഛനെ ഒരിക്കലെങ്കിലും കാണാനുള്ള മോഹം ഒരു തീരാസ്വപ്നമായി അവൻ കൊണ്ടുനടന്നു. എല്ലാ ക്രിസ്മസിനും കൂട്ടുകാരുടെ വീടുകൾ കൂടൊരുക്കി സന്തോഷിക്കുമ്പോൾ ശൂന്യമായ മനസ്സോടെ വേദനിച്ചു നടന്ന നാളുകൾ!

ഒരു ക്രിസ്മസിന് സന്തോഷത്തിന്റെ പെരുമഴപോലെ രാജൻ ജോസിന്റെ അച്ഛൻ വീട്ടിലേക്ക് കയറിവന്നു. അവിശ്വസനീയമായ കാഴ്ച! അവന്റെ കൊച്ചുമനസ്സിൽ സ്നേഹാശ്വാസത്തിന്റെ കരോൾ ഒഴുകി നടന്നു. അച്ഛൻ അരികിൽ വിളിച്ച് മധുരം നൽകി തലോടി. പിണക്കമെല്ലാം മാറിയിരിക്കുന്നു. അമ്മയുടെ മുഖത്തും സന്തോഷം!'

"നമുക്ക് ക്രിസ്മസ് കൂടൊരുക്കേണ്ടേ" അച്ഛന്റെ ചോദ്യത്തിന് വേണമെന്ന് അവൻ തലയാട്ടി..

"ഞാൻ പോയി ക്രിസ്മസ് കൂടും വാങ്ങി ഇപ്പോൾ വരാം" എന്നുപറഞ്ഞ് ഉമ്മയും കൊടുത്ത് അച്ഛൻ പുറത്തേക്കിറങ്ങി. ഇനി ഞാൻ അനാഥനല്ല. തനിക്കും എല്ലാം നൽകി സ്നേഹിക്കുന്ന ഒരു അച്ഛനുണ്ട്. അത് എല്ലാ കൂട്ടുകാരുമറിയട്ടെ! എന്ന ആഹ്ലാദാഭിമാനത്തോടെ കൂടൊരുക്കേണ്ട സ്ഥലം വൃത്തിയാക്കി. പുറത്ത് ഇരുട്ട് വീണുകഴിഞ്ഞു. അച്ഛനെയും കാത്ത് അമ്മയുമായി വഴിയിലേക്ക് നോക്കിയിരുന്നു.

പക്ഷേ, എത്തിച്ചേർന്നത് വാഹനാപകടത്തിൽ മരണപ്പെട്ട അച്ഛന്റെ മൃതദേഹമായിരുന്നു. അതിനോടൊപ്പം മകനായി കരുതിയ ക്രിസ്മസ് കൂടും ഉണ്ടായിരുന്നു. കണ്ണീരിന്റെ മഴപെയ്ത്തുമായി കടന്നുവരുന്ന പിന്നീടുള്ള ക്രിസ്മസ് രാത്രികളെ അവന് ഭയമായിരുന്നു.

രാജൻ ജോസഫിന്റെ അനുഭവക്കുറിപ്പിനാണ് അത്തവണ സമ്മാനം കിട്ടിയത്. അത് വെറുമൊരു എഴുത്തായിരുന്നില്ലല്ലോ, ഹൃദയരക്തം വാർന്ന കുറെ അക്ഷരങ്ങൾ! സ്കൂളിലും പുറത്തും ഈ അനുഭവക്കുറിപ്പ് വായിച്ചവർ രാജൻ ജോസഫിന്റെ വേദനകൾ ഏറ്റുവാങ്ങിയ നിമിഷങ്ങൾ മറക്കാനാവില്ല. നാളുകൾ കഴിഞ്ഞിരിക്കുന്നു. സഹപാഠിയെ വിവാഹം കഴിച്ച് രണ്ട് ആൺമക്കളുമായി സന്തോഷത്തോടെ കഴിയുന്ന രാജൻ ജോസ് ഇപ്പോൾ മക്കൾക്കുവേണ്ടി സുന്ദരമായ ക്രിസ്മസ് കൂടൊരുക്കുന്നുണ്ടാവും. എന്നാൽ, അവന്റെ അനുഭവമറിഞ്ഞതുമുതൽ എന്റെ എല്ലാ ക്രിസ്മസ് രാത്രികളിലും ഒരു കണ്ണീർ മഴയോടെ പണിതീരാത്ത ക്രിസ്മസ്കൂടുമായി അവൻ വന്നുനിൽക്കാറുണ്ട്.

ഫിലോമിന സേവി
പേട്ട



# ചേച്ചീ... പോകല്ലേ...

ഹോസ്പിറ്റലിലെ ക്രിസ്മസ് ആഘോഷം 24-ാം തീയതി വൈകുന്നേരം നടന്നു. അവിടുത്തെ ജീവനക്കാരും ഡോക്ടേഴ്സും എല്ലാവരും ഒത്തുചേർന്നു. തിരക്കുള്ള യൂണിറ്റിലുള്ളവർക്ക് എത്താൻ കഴിഞ്ഞില്ല. ആഘോഷങ്ങൾക്കുശേഷം വേഷം മാറി വീട്ടിലെത്താം എന്ന ചിന്തയോടെ യൂണിറ്റിലേക്ക് ഓടി. കാഷ്വാലിറ്റിയിലാണ് ചാർജ്. അതുകൊണ്ട് തന്നെ അടുത്ത ഡ്യൂട്ടി നേഴ്സിനെ രോഗികളുടെ വിവരങ്ങൾ പറഞ്ഞ് ധരിപ്പിച്ചിട്ടേ പോകാവൂ. ചെയ്യേണ്ടതെല്ലാം വേഗത്തിൽ ചെയ്തുതീർത്തു. എത്രയും വേഗം വീട്ടിൽ എത്തണം. നാളെ ക്രിസ്മസ് പുൽക്കൂട് ഒരുക്കണം, വീട് അലങ്കരിക്കണം, രാത്രി പള്ളിയിൽ പോകണം. കാഷ്വാലിറ്റിയിൽ നിന്ന് ഇറങ്ങാൻ തുടങ്ങുന്നതിനിടയിൽ ഒരു ആംബുലൻസിന്റെ ശബ്ദം കേട്ടു. രക്തത്തിൽകുളിച്ച ഒരു സ്ത്രീയെ സ്ട്രക്ചറിൽ കൊണ്ടുവന്നു. പിന്നെ ഒരു കുട്ടിയെ താങ്ങി എടുത്തുകൊണ്ടുവന്നു. ഒരു പുരുഷൻ നിസാരപരിക്കുകളോടെ ആരുടെയൊക്കെയോ സഹായത്തോടെ നടന്നുവരുന്നുണ്ട്.

ഡോക്ടർമാരെല്ലാം എത്തി, സിസ്റ്റർ ഓടിവരൂ.. ഡോക്ടർ വിളിച്ചുപറഞ്ഞു. വീട്ടിലേക്ക് പോകാനിറങ്ങിയ എനിക്ക് നിരാശതോന്നി. എന്നാലും എന്നിലെ ശുശ്രൂഷക ഉണർന്നു. ഞാൻ ഒരു നഴ്സ് ആണ്. എന്റെ ധർമ്മമാണ് രോഗിയെ ശുശ്രൂഷിക്കുക. കൈയിലിരുന്ന ബാഗ് താഴെ വച്ചിട്ട് ഞാൻ രോഗിയുടെ അടുക്കലേക്ക് ഓടി. ബൈക്ക് അപകടത്തിൽപ്പെട്ട ഒരു ഫാമിലിയെ ആണ് കൊണ്ടുവന്നിരിക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങൾക്ക് വേണ്ട അലങ്കാരവസ്തുക്കൾ വാങ്ങാൻ പോയതാണ്. കോഴിക്കോടുകാരാണ്. ഇവിടെ സിറ്റിയിൽ സ്വകാര്യസ്ഥാപനത്തിലെ ജോലിക്കാരാണ് ഭാര്യയും ഭർത്താവും. കുട്ടി പ്ലേസ്കൂളിൽ പഠിക്കുന്നു. പരിക്കേറ്റ സ്ത്രീയുടെ അവസ്ഥ സീരിയസാണെന്ന് മനസ്സിലായി. അവർക്കുചുറ്റും ഡോക്ടേഴ്സും നേഴ്സുമാരും ധാരാളമുണ്ട്. ഞാൻ കുട്ടിയുടെ അടുത്തുപോയി. ഒന്നുരണ്ട് ജൂനിയർ ഡോക്ടേഴ്സ് അവനെ ഡ്രസ് ചെയ്യുന്നുണ്ട്. ഞാൻ അവന്റെ അടുത്തെത്തി. നല്ല ഓമനത്തമുള്ള കുഞ്ഞ്. തലയിലും കാലിലുമൊക്കെ മുറിവുണ്ട്. ഒരു കൈയ്ക്ക് പൊട്ടലും. കുട്ടിയുടെ ഒപ്പം അച്ഛൻ നില്പുണ്ട്. അദ്ദേഹത്തിന്റെ മുറിവുകൾ ഡ്രസ് ചെയ്യാനായി അദ്ദേഹത്തെ മാറ്റി. കുട്ടി കരയാൻ തുടങ്ങി. ഞാൻ അവനെ ആശ്വസിപ്പിച്ചു. കണ്ണീരൊക്കെ തുടച്ചു. മുറിവെല്ലാം ക്ലീൻ ചെയ്തു. ഇഞ്ചക്ഷൻ നൽകാൻ സിസ്റ്റർ എത്തിയപ്പോൾ ഉറക്കെ കരഞ്ഞു. ഞാൻ അടുത്തുനിന്നതിനാലാകണം എന്റെ കൈയിൽ അവൻ മുറുക്കിപ്പിടിച്ചു. ഞാൻ അവന്റെ നെറ്റിയിൽ തടവി ആശ്വസിപ്പിച്ചു. ഡോക്ടർ നോക്കിയിട്ട് കുട്ടിയുടെ കൈയ്ക്ക് എക്സ്റേ വേണമെന്ന് നിർദ്ദേശിച്ചു. എക്സ്റേ യൂണിറ്റ് താഴത്തെ നിലയിലാണ്. അങ്ങോട്ടു കൊണ്ടുപോകാം. രണ്ട് ജൂനിയർ സിസ്റ്റേഴ്സിനെ ചുമതലപ്പെടുത്തി. വേണ്ട വേണ്ട ചേച്ചീ കൂടെ വാ... കുട്ടി കരയാൻ തുടങ്ങി. എനിക്കാണേൽ വീട്ടിലേക്ക് പോകാനുള്ള തിടുക്കവും.

എങ്കിലും ആ കുട്ടിയെ ഉപേക്ഷിച്ച് പോകാൻ തോന്നിയില്ല. എക്സ്റേ യൂണിറ്റിലേക്ക് പോകുമ്പോഴും അവൻ എന്റെ കൈയിൽ മുറുക്കി പിടിച്ചിരുന്നു. പിന്നെ നടന്ന എല്ലാ ടെസ്റ്റുകളും പ്ലാസ്റ്റർ ചെയ്യുമ്പോഴും അവൻ എന്നെ അമർത്തിപ്പിടിച്ചിരുന്നു. അവന്റെ തലയുടെ ഭാഗത്ത് കണ്ണുനീർ തുടച്ച് കുട്ടിയെ ആശ്വസിപ്പിച്ചുകൊണ്ട് ഞാൻ നിന്നു. സമയം രാത്രി പത്ത്. ഇപ്പോൾ പോയാൽ പള്ളിയിലേക്ക് പോകാം. പക്ഷേ, കുട്ടി വിടുന്ന മട്ടില്ല. ഇടയ്ക്ക് അമ്മയെ അന്വേഷിക്കുന്നുണ്ട്. അമ്മ ഇപ്പോൾ വരും എന്ന് അവനോട് പറഞ്ഞു. ഞാൻ അന്വേഷിച്ചപ്പോൾ അവർ അപകടനില തരണം ചെയ്തുവെന്നാണ് അറിഞ്ഞത്.

അപകട വിവരം അറിഞ്ഞ് ചില കൂട്ടുകാർ എത്തിയെങ്കിലും

അടുത്ത ബന്ധുക്കൾ എത്തിയത് അടുത്ത ദിവസമായിരുന്നു. കുട്ടിയുടെ കൈയെല്ലാം പ്ലാസ്റ്ററിട്ട് മുറിവെല്ലാം ഡ്രസ് ചെയ്തു. കാഷ്വാലിറ്റിയിലെ ബെഡിലേക്ക് മാറ്റി. ഒപ്പം ഞാനും. എന്റെ ഓഫ് ടൈം ആയതിനാൽ എനിക്ക് അവനോടൊപ്പം നിൽക്കാൻ കഴിഞ്ഞു. രാത്രി എറെ വൈകി കുട്ടി പതുക്കെ ഉറങ്ങി. അതുവരെ അവൻ കരച്ചിലായിരുന്നു. ഞാൻ അവന്റെ മുമ്പിലായി കട്ടിലിനരികെ സ്റ്റൂളിൽ ഇരിക്കുകയായിരുന്നു.

എന്തൊക്കെ പ്രതീക്ഷകളായിരുന്നു. വീട്ടിലെത്താം... പുൽക്കൂട്... പള്ളി.. പക്ഷേ ദൈവഹിതം ഇതായിരിക്കാം. അടുത്തദിവസം കുട്ടിയുടെ അടുത്ത ബന്ധുവായ സ്ത്രീ എത്തിയപ്പോൾ എനിക്ക് ആശ്വാസം ലഭിച്ചു. ഞാൻ ഉടനെ വരാം എന്നുപറഞ്ഞ് അവിടെ നിന്നിറങ്ങി. യാത്രയിൽ എന്റെ ചിന്ത ഇതായിരുന്നു. ആഘോഷങ്ങളെക്കാളെല്ലാം നല്ലത് ഒരു കുട്ടിക്ക് ആശ്രയമാകാൻ കഴിഞ്ഞില്ലേ... കുറേക്കാലത്തിനുശേഷം ഒരു ക്രിസ്മസ് പാതിരാകുർബാന മിസ്സായി.. സാരമില്ല. ഇന്നും ആ ക്രിസ്മസ് രാത്രിയിലെ ഓർമ്മകൾ മനസ്സിൽ പച്ച പിടിച്ചുനിൽക്കുന്നു. ഭൂമിയിലെ മാലാഖമാരായ എന്നെപ്പോലുള്ള നേഴ്സുമാർക്ക് സ്വന്തം സന്തോഷങ്ങളേക്കാൽ വലുത് രോഗികളുടെ പുഞ്ചിരിക്കുന്ന മുഖമാണെന്ന് എപ്പോഴും ഞാൻ ഓർക്കും.











**ശീമോൻ**
പെരുമാതുറ

# ഭിക്ഷാപാത്രത്തിൽ നിന്ന്

എന്റെ പേര് ശീമോൻ. വടക്ക് കോഴിക്കോടിനടുത്താണ് സ്ഥലം. കുട്ടിക്കാലത്ത് നാടുവിട്ടതാണ്. എറണാകുളത്തായിരുന്നു ഇരുപത് വർഷം. ഒരു ഹോട്ടലിൽ കൂലിപ്പണിക്കാരനായി ജോലിനോക്കി. ഇതിനിടയിൽ ഒരു സ്ത്രീയെ വിവാഹം കഴിച്ചു. അധികം കഴിയാതെ അവൾ എന്റെ എല്ലാ സമ്പാദ്യവും കൈക്കലാക്കി കടന്നുപോയി. മാനസികമായി ഞാൻ തളർന്നു. മദ്രാസിലേക്ക് വണ്ടികയറി. ജീവിക്കാനായി കുറേ പണികൾ ചെയ്തു, മദ്യപിച്ചു. മദ്യപാനം എന്റെ ആരോഗ്യം തകർത്തു. ഇന്ന് രോഗിയാണ് ഞാൻ. എന്തൊക്കെയോ രോഗങ്ങൾക്ക് ഉടമ. തീരെ വയ്യെന്നായപ്പോൾ കള്ളവണ്ടി കയറി തിരുവനന്തപുരത്ത് എത്തി. ഇപ്പോൾ അഞ്ചാറുവർഷമായി പിച്ചതെണ്ടി ജീവിക്കുന്നു.

ഒരു ദൈവാലയത്തിന് സമീപത്തിരുന്നാണ് ഞാൻ ഭിക്ഷയാചിക്കുന്നത്. എന്റെ കരിച്ചിലും ദയനീയതയും കണ്ട് ചിലരൊക്കെ എന്തെങ്കിലും തരും. ചിലർ കള്ളനെന്ന് പറയും. മദ്യപിക്കാനാണ് ഇവനൊക്കെ കാശ് നൽകുന്നതെന്ന് പുലമ്പി ചിലർ നടന്നകലും. ഒരു ക്രിസ്മസ് ദിനത്തിൽ നഗരത്തിലെ ഒരു ദേവാലായത്തിന് സമീപത്തായി ഞാൻ ഇരിക്കുകയായിരുന്നു. എന്റെ ഭാണ്ഡവും വടിയും നിലത്തിവച്ച് ഒരുപുതപ്പുകൊണ്ട് ശരീരം മൂടി കൂനിക്കൂടി ഇരിയ്ക്കുകയായിരുന്നു ഞാൻ. സാധാരണ ഞായറാഴ്ചകളിൽ ഇവിടെ ഇരുന്നാൽ ഭക്ഷണത്തിനുള്ള വക ലഭിക്കും. പക്ഷേ ഇന്ന് ക്രിസ്മസ് ആയതിനാലാകാം വഴിയാത്രക്കാർ കുറവായിരുന്നു. കൂടുതലും കാറിൽ വരുന്നവരായതുകൊണ്ട് ആരും ഞങ്ങളെ തിരിഞ്ഞ് നോക്കാറില്ല.

ഭിക്ഷാടനത്തിനായി അന്ന് ഞങ്ങൾ നാലഞ്ച് പേർ ഉണ്ടായിരുന്നു. ക്രിസ്മസ്ദിനമായ അന്ന് യാത്രക്കാർ നന്നേ കുറവായിരുന്നു. അതുകൊണ്ടുതന്നെ ചായക്കുള്ളവകപോലും എനിക്ക് അന്ന് ലഭിച്ചില്ല. ഓരോ വാഹനങ്ങൾ ചീറിപ്പായുന്നു. ഇടയ്ക്ക് ഒരു വാഹനം റോഡിലൂടെ സാവധാനത്തിൽ പോയി. അതിനുള്ളിൽ നിന്ന് ഒരു കുട്ടി എന്നെ സൂക്ഷിച്ചുനോക്കുന്നത് ശ്രദ്ധിച്ചു. കാർ കടന്നുപോയി. എന്റെ കുറച്ച് അപ്പുറത്തായി ഇരുന്നത് തമിഴത്തിയായ ഒരു സ്ത്രീയും കുഞ്ഞുമാണ്. അവർക്കും അന്ന് വരുമാനം കുറവായിരുന്നു. ഏകദേശം ഉച്ചകഴിഞ്ഞു. ലോകം മുഴുവൻ ക്രിസ്മസ് സദ്യകഴിച്ച് ആഘോഷിക്കുന്നുണ്ടാവും. ഞങ്ങൾ നാലഞ്ചു പേർ മാത്രം ഈ ഭൂമിയിൽ ഇങ്ങനെ... ഇനി ഇന്ന് രക്ഷയില്ല. അല്പമകന്നു കിടക്കാം എന്നുകരുതി കാർഡ് ബോർഡ് വിരിച്ച് ഭിക്ഷാപാത്രം മുന്നിൽവച്ച് റോഡുവക്കിൽ ചുരുണ്ടുകൂടി കിടന്നു. തമിഴത്തിയുടെ കൊച്ച് വിശന്നിട്ട് അലമുറയിട്ട് കരയുന്നു. അതിന് കൊടുക്കാൻ അവളുടെ കൈയിൽ ഒന്നുമില്ല...

കുറേ നേരം കഴിഞ്ഞപ്പോൾ ഒരു കാർ നിൽക്കുന്ന സ്വരം. പ്രതീക്ഷയോടെ തല ഉയർത്തിനോക്കി. കാറിന്റെ ഡോർ തുറന്ന് ആറേഴ് വയസ്സുള്ള ഒരു കുട്ടിയും ഒരു മധ്യവയസ്കനും ഇറങ്ങിവരുന്നു. ഞാൻ വീണ്ടും കണ്ണടച്ച് കിടന്നു. ഹലോ.. ഹലോ... ഞാൻ തിരിഞ്ഞുനോക്കി എന്റെ മുന്നിൽ ഒരു പൊതിയുമായി കുട്ടിയും പുരുഷനും നിൽക്കുന്നു. ഇത് അപ്പൂപ്പനുള്ള എന്റെ ക്രിസ്മസ് സമ്മാനമാണ്. കുട്ടി പൊതി എന്റെ നേർക്ക് നീട്ടി. ഞാൻ വിറയുന്ന കൈകളുയർത്തി അതുവാങ്ങി നെഞ്ചോട് ചേർത്തു. കണ്ണുനിറഞ്ഞു... ഈ കുട്ടിക്ക് നല്ലതുവരട്ടെ. മനസ്സിൽ പ്രാർത്ഥിച്ചു. അവർ നടന്നകന്നു. മറ്റെല്ലാ യാചകരുടെയും ശ്രദ്ധ എന്നിലേക്കാണ്. പതുക്കെ പൊതിയഴിച്ച് നോക്കി ചൂടുള്ള ബിരിയാണി. ആർത്തിയോടെ തിന്നാനായി നിവർന്നിരുന്നു. അപ്പോഴും തമിഴത്തിയുടെ കുട്ടി ആർത്തലച്ചുകരയുന്നുണ്ടായിരുന്നു. എന്തോ എനിക്കത് കഴിക്കാനായില്ല. ഞാൻ പതുക്കെ എണീറ്റ് ആ പൊതിയെടുത്ത് തമിഴത്തിയുടെ കൈയിൽ കൊടുത്തു. എന്നിട്ട് കുട്ടിക്ക് കൊടുക്കാൻ പറഞ്ഞു. പൊതിവാങ്ങി മടിയിൽവച്ച് തുറന്നതും കുട്ടി ചാടി വീണ് ആർത്തിയോടെ അത് കഴിക്കാൻ തുടങ്ങി. സന്തോഷം കൊണ്ട് എന്റെ മനസ്സും കണ്ണും നിറഞ്ഞു. ഈ ക്രിസ്മസ് ദിനത്തിൽ ഒരു ഭിക്ഷക്കാരനായ എനിക്ക് ഒരു കുട്ടിയുടെ വിശപ്പടക്കാൻ കഴിഞ്ഞല്ലോ എന്ന് അഭിമാനം തോന്നി.

റവ. ഫാ. ജോർജ്ജ് കൂലിയാത്ത് OFM Cap.
കുടപ്പനക്കുന്ന്



# എന്റെ ക്രിസ്മസ് അനുഭവം

കുട്ടിക്കാലത്തെ ഓരോ ക്രിസ്മസ് രാവും ആനന്ദം നിറഞ്ഞതായിരുന്നു. പുൽക്കൂട് നിർമ്മിക്കുവാനും, മധുരപലഹാരങ്ങൾ കഴിക്കുവാനും, പുതുവസ്ത്രങ്ങൾ അണിയാനും കുടുംബാംഗങ്ങൾ ഒന്നിച്ച് പാതിരാ കുർബാനയ്ക്ക് പോകാനുമുള്ള അസുലഭനിമിഷങ്ങൾ.

എങ്ങും നക്ഷത്രവിളക്കുകൾ മഞ്ഞുമൂടിയ പ്രഭാതം, മഞ്ഞിൻകണികകളെ വകഞ്ഞുമാറ്റിയെത്തുന്ന സൂര്യകിരണങ്ങൾ, മഞ്ഞിൻകണങ്ങളാൽ അലംകൃതമായ സസ്യലതാദികൾ.

ആത്മീയാനന്ദത്തിന്റെ അലയാഴിയാണ് പുൽക്കൂട് നിർമ്മാണവും, കുടുംബാംഗങ്ങൾ ചേർന്നുള്ള പ്രാർത്ഥനയും, ഗാനാലാപനങ്ങളും എന്നിൽ സൃഷ്ടിച്ചത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ ക്രിസ്മസ് അനുഭവമാണ് 'ദുരേവാല' (സിംല ചണ്ഡിഗഢ് രൂപത) യെന്ന കൊച്ചു ഗ്രാമത്തിൽ ഞാൻ കണ്ടത്.

എന്റെ ജീവിത സായാഹ്നത്തിൽ അപ്രതീക്ഷിതമായി ഹരിയാനയിലെ കൊച്ചു ദേവാലയത്തിൽ ഞാൻ ഇടവക വൈദീകനായി നിയമിതനായി. ഈ ഗ്രാമം ഇന്ത്യാ പാകിസ്ഥാൻ വിഭജനകാലത്ത് പട്ടാളത്തിൽ നിന്ന് വിരമിച്ചവർക്ക് താമസിക്കാനായി ഇന്ത്യാ-ഗവണ്മെന്റ് നടത്തിയ സ്ഥലമാണിത്. ഇവരോടൊപ്പം സിക്കുകാരും, ഹിന്ദുക്കളും, മുസ്ലീങ്ങളും വിദ്യാർത്ഥികളും, അന്യനാട്ടിൽ നിന്ന് ജോലിയ്ക്ക് എത്തിയവരും ഒരുമയോടെ ഒന്നിച്ച് തിങ്ങിപ്പാർത്തിരുന്നു. ഈ ദൈവാലയത്തിലെ ക്രിസ്മസ് ആഘോഷം മതസൗഹാർദ്ദത്തിന്റെയും പങ്കുവയ്ക്കലിന്റെയും തുയിലുണർത്തുപാട്ടാണ്. ക്രിസ്മസിന് ഒരാഴ്ചയ്ക്കുമുൻപ് നടത്തുന്ന വിളംബരഘോഷയാത്ര കൗതുകകരവും ഏറെ രസകരവുമാണ്. മൂന്നു ഒട്ടകങ്ങളെ അലങ്കരിച്ച് മൂന്നു കുട്ടികളെ രാജാക്കന്മാരാക്കി ഒരുക്കി ഒട്ടകപ്പുറത്തിരുത്തും. അതിന്റെ പുറകിൽ മാതാവിന്റെ രൂപം വഹിച്ചുള്ള വാഹനം അതിന് പിന്നിൽ ആ ഗ്രാമത്തിലെ എല്ലാ ആളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാഹനം. അത്യപൂർവ്വമായ ക്രിസ്മസ് വിളംബര റാലി. ഇതിനുശേഷമുള്ള ഓരോ ദിനങ്ങളും ദുരേവാലയിലെ ജനങ്ങൾക്ക് തിരക്കേറിയതയാണ്.

ക്രിസ്മസിന് ഈ കൊച്ചുഗ്രാമത്തിലെ എല്ലാ ജനങ്ങൾക്കും ഭക്ഷണം തയ്യാറാക്കുന്നത് കുഞ്ഞു പള്ളിയിലാണ്. ഈ മഹത്തായ സദ്യയ്ക്ക് ഭക്ഷണസാധനങ്ങൾ ശേഖരിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കും. ഈ കമ്മിറ്റി സദ്യയ്ക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തും. ജാതി മത ഭേദമന്യേ ഭക്ഷണം പാകം ചെയ്ത് എല്ലാപേരും ഒന്നുചേർന്ന് ഭക്ഷിക്കും. യാതൊരു പരിവേതനകളുമില്ലാത്ത ക്രിസ്മസ് മതസൗഹാർദ്ദവിരുന്ന്. 2500 ലധികം പേർ ഈ സദ്യയുണ്ണുവാൻ എത്തുമായിരുന്നു.

ക്രിസ്മസ് നൽകുന്ന പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും, സ്വയം ദാനത്തിന്റെയും സമഭാവനയുടെയും ദൃശ്യാവിഷ്കാരമാണ് ദുരേവാലയിലെ ക്രിസ്മസ് ആഘോഷം. ലോകരക്ഷയ്ക്കായി പിറന്ന ദൈവകുമാരന്റെ ജന്മദിനം അർത്ഥവത്തായി ആഘോഷിക്കുന്ന ആ കൊച്ചുഗ്രാമത്തെയും തദ്ദേശവാസികളെയും മറക്കാൻ കഴിയുന്നില്ല.

മാക്സിൻ ഗ്രെയ്സൻ (സന്തോഷ്)
പുല്ലുവിള



# ഗൃഹാതുരത്വം നൽകുന്ന ആഘോഷം

പിറന്ന നാടിന്റെ ഗൃഹാതുരത്വവും സ്വന്തം കുടുംബത്തേയുമൊക്കെ താൽക്കാലികമായിട്ടാണെങ്കിൽ കൂടി ഉപേക്ഷിച്ചുകൊണ്ടും എന്നാൽ അവയൊക്കെ അവനവന്റെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ സ്വയം പ്രവാസം തെരഞ്ഞെടുത്തവരാണ് ലോകത്തെമ്പാടുമുള്ള പ്രവാസി സമൂഹം. ക്രിസ്മസ് എന്നത് ലോകം മുഴുവൻ ആഘോഷിക്കപ്പെടുന്നുണ്ടെങ്കിലും മറ്റു മതങ്ങളുടെ ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും കർശനമായ നിരോധനം നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങളും ഉണ്ട്. അത്തരം സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ക്രിസ്മസ് ആഘോഷിക്കുവാൻ കഴിയുക, അത്തരം ആഘോഷങ്ങൾ നേതൃത്വപരമായി സംഘടിപ്പിക്കാൻ കഴിയുക എന്നത് എന്റെ ജീവിതത്തിലെ പ്രത്യേകിച്ചും പ്രവാസി ജീവിതത്തിൽ നവ്യാനുഭവങ്ങൾ പകർന്നുനൽകി. ഞാൻ കുടുംബമായി താമസിച്ചിരുന്നത് എഴുപത്തിരണ്ട് കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന ഒരു കോമ്പൗണ്ടിലാണ്. ഞാനും മറ്റു നാലുകുടുംബങ്ങളും ഒഴിച്ചാൽ ഭൂരിഭാഗം വരുന്ന കുടുംബങ്ങളും വ്യത്യസ്തമതസ്ഥരും ഇതര രാജ്യക്കാരുമൊക്കെ ആയിരുന്നു.

ഈ പ്രദേശത്ത് താമസിക്കുന്ന നാനാജാതിമതസ്ഥരെയും, വിവിധ രാജ്യക്കാരായ കൂട്ടുകാരെയും ഉൾപ്പെടുത്തി ക്രിസ്തുമസ് ആഘോഷിച്ചുകൂടേ എന്നൊരു ചിന്ത എന്നിൽ ഉദിച്ചു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പരത്താൻ ഭൂമിയിൽ പിറന്ന ദൈവപുത്രന്റെ ജന്മദിനം ഒരുപ്രദേശവാസികൾ ഒരുമിച്ച് ആഘോഷിക്കുക. എത്ര അർത്ഥവത്തായിരിക്കും. ഞാൻ എല്ലാവരേയും ക്ഷണിക്കാൻ തീരുമാനിച്ചു. ഓരോഭവനങ്ങളിലും പോയി നേരിട്ട് ക്ഷണിച്ചു. ആദ്യം ഒരു പരിഭ്രമം ഉണ്ടായിരുന്നെങ്കിലും പിന്നെ എല്ലാവരും എത്താമെന്ന് ഉറപ്പുതന്നു.

ഡിസംബർ 23-ാം തീയതി വൈകുന്നേരം ഒത്തുചേരലിന് വേണ്ടി നിശ്ചയിരുന്ന സ്ഥലത്ത് പുൽക്കൂടും, ക്രിസ്മസ്ട്രീയും ഒക്കെ ഒരുക്കി. ക്ഷണിക്കപ്പെട്ടവരെല്ലാം തന്നെ വന്നുതുടങ്ങി. ഒരു കുടുംബം പോലും മാറിനിൽക്കാതെ എല്ലാവരും, ഹിന്ദുക്കളും മുസ്ലീങ്ങളും, തദ്ദേശവാസികളും ഒക്കെ എത്തി. അത്യന്തം ആനന്ദകരമായ മുഹൂർത്തം. കരോൾഗാനങ്ങൾ, സാന്റാക്ലോസ് തുടങ്ങി ക്രിസ്മസ് ആഘോഷം പൊടിപൊടിച്ചു. എല്ലാവരും ഒരേ മനസ്സോടെ സന്തോഷിക്കുന്നു. അതുകണ്ടപ്പോൾ ഇതാണ് യഥാർത്ഥ ക്രിസ്മസ് ആഘോഷം എന്നെനിക്ക് തോന്നി. എല്ലാവരും ആഘോഷങ്ങൾക്ക് ശേഷം ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. തുടർന്ന് അനുഭവങ്ങൾ വിവരിക്കുന്ന ഘട്ടമെത്തി. അതിനിടയിൽ ദരിദ്ര്യരും രോഗികളുമായവർക്ക് ധാരാളം സഹായങ്ങൾ നൽകാൻ പല ഹിന്ദു-മുസ്ലീം സഹോദരങ്ങളും തയ്യാറായി - അവർ പറഞ്ഞത് ഇങ്ങനെയാണ്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും സമയത്ത് ദരിദ്രർക്കായി ഒരു കൈസഹായം നൽകുന്നത് ഞങ്ങൾ നിങ്ങൾക്കായി നൽകുന്ന ക്രിസ്മസ് സമ്മാനമാണ്. ഒരു ഉദ്ഘാടകൻ എന്ന നിലയിൽ എന്റെ കണ്ണ് നിറഞ്ഞുപോയി. ഇത്രയുമൊക്കെ ആത്മീയമായി ഉയർന്ന തലത്തിലേക്ക് എത്തിനിന്നുകൊണ്ട് സഹോദരന്റെ കണ്ണീരൊപ്പാൻ ഈ അവസരത്തിൽ സാധിച്ചല്ലോ എന്നോർത്ത് അഭിമാനം തോന്നി. കാലങ്ങൾക്കുശേഷവും അത് എന്റെ മനസ്സിൽ മായാതെ ഇടംപിടിച്ചിരിക്കുന്നു.

നാമോരുരുത്തരും ജന്മമെടുത്തത് ദൈവം നമ്മെ ഏൽപ്പിച്ച കർത്തവ്യങ്ങൾ ഈ ഭൂമിയിൽ നിർവഹിക്കാനാണ്. ഈ അവസരം ദൈവം നമ്മെ ഏൽപ്പിച്ച ലക്ഷ്യമെന്തെന്നും ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ നാമിപ്പോൾ എവിടെ എത്തിനിൽക്കുന്നുവെന്നും സ്വയം വിലയിരുത്തലിനായി ഈ അവസരം വിനിയോഗിക്കണം. ശരിയായ പാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ഉറപ്പിച്ച് മുന്നോട്ട് നീങ്ങണം.

**സുനിൽ ഹസൻ**
പബ്ലിക് റിലേഷൻ ഓഫീസർ
കേരള വനിതാ കമ്മിഷൻ



# ഈ ആഘോഷം സ്ത്രീ സമൂഹത്തിനുള്ള സുവാർത്ത

സ്വർഗത്തിന്റെ കാരുണ്യം മനുഷ്യകുലത്തിന് സമ്മാനമായി ലഭിച്ച ക്രിസ്മസ് രാവ് ഓരോ വർഷവും പുനരവതരിക്കുന്നു. ആ കാരുണ്യ കിരണം ലോകത്ത് പ്രസരിച്ചു തുടങ്ങിയതിന് സാക്ഷിയായ ആകാശ താരകങ്ങൾ വഴിനടത്തിയ ഇടയസംഘത്തിൽ നമ്മെ ചേർത്തു നിർത്തിക്കൊണ്ടല്ലാതെ ഒരു ക്രിസ്മസ് രാവും നമ്മെ കടന്നു പോകുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശമായ പുതുക്കുറിച്ചിയിൽ ക്രൈസ്തവ സഹോദരന്മാരുമായി ഇടകലർന്ന് ജീവിക്കുന്ന ഒരു മുസ്ലീം കുടുംബാംഗമായ എനിക്ക്, പ്രാഥമിക വിദ്യാഭ്യാസ കാലം മുതൽ കോളേജ് വിദ്യാഭ്യാസകാലം വരെ ഉണ്ടായിരുന്ന സുഹൃത്തുക്കളിലേറെയും ക്രൈസ്തവ വിശ്വാസികളായിരുന്നു. പിതാവ് പൊതുപ്രവർത്തകനായിരുന്നതിനാൽ ഇടവകയുമായി അടുത്തബന്ധം പുലർത്തിയിരുന്നു. വിശ്വാസകാര്യങ്ങളെക്കുറിച്ചുള്ള പരസ്പര ധാരണകളുള്ള കൂട്ടുകാരായിരുന്നു.

ക്രിസ്മസ് കേക്കും വീഞ്ഞും പര്യായപെടുത്തുന്ന ജീവിത സന്ദേശം അറിയുമ്പോഴാണ് ആ മധുരവും ജീവിതത്തിന്റെ ഊർജ്ജമാവുന്നത്. കരോൾ ഗാനങ്ങൾ പാടി വരുന്ന സംഘത്തോടൊപ്പം ചേർന്ന് നടക്കാനുള്ള ആദ്യ പ്രേരണ കൂട്ടുകാരായിരുന്നു. ആ അനുഭവങ്ങൾ ജീവിതത്തിൽ വലിയ ചിന്തകളിലേക്ക് നമ്മെ നയിക്കാൻ പ്രാപ്തമാക്കി. ആഘോഷങ്ങളെ പരസ്പരമറിഞ്ഞ് ഒരുമിച്ച് സന്തോഷിക്കാനുള്ള അവസരമാക്കുമ്പോഴാണ് പ്രാർത്ഥനകളുടെയും സ്തുതിഗീതങ്ങളുടെയും പൊരുളുകൾ പങ്കുവയ്ക്കാൻ കഴിയുക. കോളേജ് കാലത്ത് കൂട്ടുചേർന്ന് ആഘോഷിക്കാനുള്ള അവസരമായിരുന്നു ക്രിസ്മസ് നൽകിയത്. തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ ഫാ. പഞ്ഞിക്കാരൻ വിദ്യാർത്ഥികളുടെ സംഗമത്തിന് മുൻകൈ എടുത്തിരുന്നത് എന്നും ഓർത്തുവയ്ക്കാവുന്ന മാതൃകയാണ്. വെള്ളയമ്പലം ആനിമേഷൻ സെന്ററിലും പാളയം കത്തീഡ്രലിലുമൊക്കെയായി വിവിധ മതാനുയായികളെ സംഘടിപ്പിച്ച് അതിരൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങൾ ഒരുമയുടെ സന്ദേശമാണ് പ്രചരിപ്പിച്ചത്. അതാണ് സമൂഹത്തിന് ഇന്ന് ഏറെ ആവശ്യവും.

തിരുപ്പിറവി ആഘോഷം മറ്റെല്ലാം മഹദ് ദിനാഘോഷങ്ങളിൽനിന്നും വേറിട്ട് നിൽക്കുന്നതിന് കാരണമുണ്ട്. ആകാശലോകത്തുനിന്നുള്ള സവിശേഷ സമ്മാനത്തിന്റെ ഓർമപ്പെടുത്തലാണത്. ആ സമ്മാനത്തെക്കുറിച്ച് അറിയിപ്പ് ആദ്യമായി ലഭിക്കുന്നത് കന്യാമറിയത്തിനാണ്. ആശങ്കപ്പെടുന്ന ആ സ്ത്രീ മനസ്സിന് ദൈവത്തിന്റെ സുവിശേഷകർ ധൈര്യം പകരുന്നു. തിരുപ്പിറവിയിലൂടെ മഹത്വവൽക്കരിക്കപ്പെട്ട മറിയം മാത്രമാണ് വിശുദ്ധ ഖുർആൻ പേരെടുത്ത് പരാമർശിക്കുന്ന ഏക വനിത. സ്വർഗം മാതാവിന്റെ കാൽക്കീഴിലാണെന്നാണ് ഇസ്ലാമിന്റെ സന്ദേശം. പുതുക്കുറിച്ചി മുതൽ തിരുവനന്തപുരം വരെ തീരദേശം വഴിയുള്ള ഓരോ യാത്രയിലും വിശുദ്ധ മറിയമേ, വിശ്വാസികളുടെ അമ്മേ എന്ന് അഭിസംബോധന കേൾക്കാത്ത ദിവസങ്ങളുണ്ടാവില്ല. ആ മാതാവിനെ സ്നേഹിക്കുന്നവരാണ് ലോകത്തെ ബഹുഭൂരിപക്ഷം വരുന്ന ക്രൈസ്തവ, മുസ്ലീം സമൂഹങ്ങൾ. ആ മാതാവിനെ സ്മരിക്കുമ്പോൾ, പ്രത്യേകിച്ച് ഈ ക്രിസ്മസ് വേളയിൽ, സ്ത്രീ സമൂഹത്തിന് ദൈവം നൽകിയ പദവിയും അന്തസ്സുമാണ് ഏറെ പ്രാധാന്യത്തോടെ ബോധ്യപ്പെടുന്നത്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനുള്ള സ്ഥാപനത്തിൽ ഇപ്പോൾ ഞാൻ ജീവനക്കാരനായിരിക്കുമ്പോൾ ഇക്കുറി തിരുപ്പിറവി ആഘോഷ വേളയിൽ എന്റെ മനസ്സിൽ സ്ഫുരിക്കുന്നത് ലോകത്തിന് കാരുണ്യത്തിന്റെ വെളിച്ചം പകരുന്നതിന് നിമിത്തമായ ഒരു വനിതയുടെ ആകുലതകളും സവിശേഷ ഭാഗ്യവുമാണ്. കന്യാമറിയത്തിന് ലഭിച്ച ആ സുവാർത്ത ഒരു സുവിശേഷമായി നമ്മുടെ കാതുകളിൽ അലയടിക്കട്ടെ. മുഴുവൻ സ്ത്രീ സമൂഹത്തിനും അത് സന്തോഷം പകരുന്നതുമാകട്ടെ.

ഡോ. കെ.എസ്.സുപ്രിയ
സീനിയർ പ്രിൻസിപ്പൽ,
ശ്രീ സത്യസായി ഹയർ സെക്കൻഡറി സ്കൂൾ, വെള്ളനാട്



# ദൈവത്തിൽ എല്ലാം സാധ്യം

സ്നേഹിക്കപ്പെടുകയെന്നത് നല്ലൊരു അനുഭവമാണ്. ആ സ്നേഹം ദൈവത്തിൽ നിന്നാണെങ്കിൽ അത് ഉന്നതമാണ്. ഞാൻ ജന്മം കൊണ്ട് ഒരു ഹിന്ദുവാണ്. എന്നാലും ഞാൻ ക്രൈസ്തവ ദേവാലയത്തിലെ പ്രാർത്ഥനകളിൽ പങ്കെടുത്ത അനുഭവം എനിക്കുണ്ട്. പഠിച്ചത് ക്രൈസ്തവ സ്ഥാപനത്തിലാണ്. ദൈവം പള്ളിയിലോ അമ്പലത്തിലോ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു അനുഭവം ഉള്ളതായി തോന്നിയിട്ടില്ല. എന്റെയൊരു എളിയ അനുഭവത്തിലേക്ക് കടക്കാം. ഒരു ഗ്രാമ പ്രദേശത്ത് നാലാം ക്ലാസുവരെയുള്ളൊരു സ്കൂൾ നടത്തുന്ന വ്യക്തിയാണ് ഞാൻ. എന്റെ രണ്ടു കുട്ടികളെയും അവിടെ തന്നെയാണ് പഠിപ്പിച്ചത്. സ്കൂളിന്റെ വാർഷിക ദിനാഘോഷത്തിന് അവിടത്തെ സിഎസ്ഐ പള്ളിയിലെ അച്ചനായിരുന്നു മുഖ്യാതിഥിയായി വന്നത്. അന്ന് അദ്ദേഹം ഒരു ആശംസയെന്നോണം ഇങ്ങനെ പറഞ്ഞു. ഇത് +2 വരെയുള്ള ഒരു വിദ്യാലയമായി മാറട്ടെയെന്ന്. അത് കേട്ടപ്പോൾ ആദ്യം ചിരിയാണ് വന്നത്. എങ്കിലും കർത്താവ് കനിഞ്ഞാൽ അത് നടക്കുമെന്നും ഈ ഗ്രാമത്തിലെ കുട്ടികൾക്ക് നഗരത്തിലെ സ്കൂളിലെ കുട്ടികളോടൊപ്പം വിദ്യലഭിക്കാൻ ഭാഗ്യമുണ്ടാകുമോ എന്ന് ഞാൻ ആലോചിച്ചു. +2 വരെയുള്ള ഒരു വിദ്യാലയമാക്കി മാറ്റിയെടുക്കണമെങ്കിൽ മൂന്ന് ഏക്കറോളം ഭൂമി വേണ്ടതായുമുണ്ട്. സ്കൂളിനോട് ചേർന്ന ഒരു വിധവ സ്ഥലം തരാമെന്ന് പറഞ്ഞെങ്കിലും അതിന് ചില നൂലാമാലകൾ ഉണ്ടായി. എങ്കിലും ഞാൻ അതിനായി പരിശ്രമിച്ചു. എന്നാൽ പള്ളികമ്മിറ്റിയുടെ അനുമതി വേണമെന്നതിനാൽ ബിഷപ്പിനെ കാണാൻ പോകുകയും അവിടെ നിന്ന് അനുകൂലമായ തീരുമാനം ഉണ്ടായി എങ്കിലും പള്ളിക്കമ്മിറ്റിക്കാരുടെ അനുമതി ലഭിച്ചില്ല. അങ്ങനെ ആകെ ഒരു വിഷമഘട്ടത്തിലായി. സ്കൂളിലേക്കുള്ള വഴിയായിരുന്നു പ്രധാന പ്രശ്നം. ഒരു ഒറ്റയടി പാതയേ ഉണ്ടായിരുന്നുള്ളൂ. ഒരു സ്കൂളാകുമ്പോൾ വഴിയൊരു പ്രധാന പ്രശ്നമാണല്ലോ. ഒറ്റയടിപാത വീതി കൂട്ടി ഒരു നല്ല റോഡ് വേണമെന്നുള്ളത് സ്കൂളിന്റെ ഉയർച്ചയ്ക്ക് അത്യാവശ്യമായിരുന്നു. എന്തുചെയ്യണമെന്ന് അറിയാതെയിരിക്കുമ്പോൾ ഒരു ഞായറാഴ്ച സിഎസ്ഐ പള്ളിയിലേക്ക് ഞാൻ പോയി അവിടെ ആരാധന നടക്കുകയായിരുന്നു. ഞാനും അതിൽ പങ്കുകൊണ്ട് പ്രാർത്ഥിച്ചു. വളരെ വേദനയോടെ മിഴികൾ ഈറനണിഞ്ഞു. പ്രശ്നം പരിഹരിച്ച് തരണമെന്ന് പ്രാർത്ഥന സമർപ്പിച്ചു. മൂന്ന് ദിവസങ്ങൾക്കു ശേഷം ഒരു സ്വപ്നം അനുഭവത്തിലൂടെ കർത്താവിനെ ദർശിക്കാൻ എനിക്ക് സാധിച്ചു. എന്നിട്ട് എന്നോട് പറഞ്ഞു, നിനക്ക് മറ്റൊരു വഴി ഞാൻ കാണിച്ചുതരാം വിഷമിക്കേണ്ടയെന്ന്. മുമ്പിലൂടെയല്ലാതെ ഒരുവശത്ത് കൂടിയായാലും വഴിമതിയായിരുന്നു. അപ്പോഴേക്കും ഗ്രാമത്തിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസമായിരുന്നു മനസ്സിൽ. എന്റെ പ്രാർത്ഥന ദൈവം കേട്ടു. പള്ളി കമ്മിറ്റി തടസ്സം പറഞ്ഞ വഴിയല്ലാതെ അതിന്റെ അടുത്തുള്ള ആൾ എനിക്ക് സ്ഥലം വാഗ്ദാനം ചെയ്തു. അതിലൂടെ നല്ലൊരു റോഡ് സാധ്യമായി. സ്കൂൾ വളർന്ന് +2 വരെയുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമായി മാറി. ഗ്രാമത്തിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസമെന്ന് സ്വപ്നം സാധ്യമാകുകയും ഇന്ത്യയിലും വിദേശത്തും ആറക്ക ശമ്പളം വാങ്ങുന്നവരായി മാറി. എന്റെയീ എളിയനുഭവം ദൈവത്തിന്റെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു. എന്നെ അനുഗ്രഹിച്ചതിനെയോർത്ത് നന്ദി പറയുന്നു.

ആർ. പാർവ്വതി ദേവി



# നമ്മുടെ ക്രിസ്മസ് പാപികൾക്കൊപ്പം ആകട്ടെ

അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളതുകണ്ടിട്ട് അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക (1 യോഹന്നാൻ 3:16–18).

പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നുവരുന്നു. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ (1 യോഹന്നാൻ 4:7, 8.). കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു (ഗലാത്യർ 5:14)

ക്രിസ്മസ് ആഘോഷത്തിന്റെ വേളയാണ്. ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യവിമോചനത്തിനായി ഭൂമിയിൽ പിറന്നുവീണതിന്റെ ആനന്ദം ലോകം മുഴുവനും ആഘോഷിക്കുന്നു. കേക്ക് മുറിച്ചും ക്രിസ്മസ് മരം അലങ്കരിച്ചും വിരുന്നൊരുക്കിയും ആ പുണ്യദിനത്തിൽ ഈശ്വരനെ സ്മരിക്കുന്നു. ഇപ്പോഴാകട്ടെ വിപണിയാണ് ആഘോഷത്തിന്റെ കുത്തക കൈവശപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുമസിന് മാത്രമല്ല,

ഓണത്തിനും ദീപാവലിക്കും റംസാനും ഡിസ്കൗണ്ട് മേളകളിലൂടെ കച്ചവടം പൊടിപൊടിക്കുന്നു. എന്നാൽ ഇതിനെല്ലാം അപ്പുറത്ത് ക്രിസ്തുമസിന് പ്രാധാന്യമുണ്ട്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും യേശുവിന്റെ ജീവിതവും സന്ദേശവും കൂടുതൽ പ്രസക്തമാകുന്നത് എന്തുകൊണ്ടെന്ന ആലോചന ഈ സന്ദർഭത്തിൽ ആവശ്യമാണ്. സ്നേഹം സമാധാനം നീതി... ഈ മൂന്നുമൂല്യങ്ങളിൽ ആണ് ക്രിസ്തുവിന്റെ ആശയലോകം പടുത്തുയർത്തിയിരിക്കുന്നത്. പലസ്തീനിൽ റോമാ സാമ്രാജ്യത്തിന്റെ ആധിപത്യം യഹൂദന്മാരെ വേദനിപ്പിക്കുകയും രോഷാകുലരാക്കുകയും ചെയ്തകാലത്താണ് ക്രിസ്തു ജനിച്ചത്. ദുഃഖിക്കുന്ന മനുഷ്യരെ വിമോചിപ്പിക്കുക എന്ന ദൗത്യം ആണ് യേശുവിനുണ്ടായിരുന്നത്. ആശാരിപ്പണിക്കാരനായ ജോസഫിന്റെയും മറിയയുടെയും മകനായ യേശു നിലനിന്നിരുന്ന അനീതിക്കെതിരെ ശക്തമായി പ്രതികരിച്ചുവെന്നതിനാലാണ് ആദ്യത്തെ വിപ്ലവകാരിയായി മാറിയത്. ഒടുവിൽ റോമൻ ഭരണാധികാരികൾ തൂക്കിലേറ്റിയതോടെ ലോകചരിത്രത്തിലെ ആദ്യരക്ഷസാക്ഷിയായും യേശുമാറി.

ഭീകരത രാജ്യത്തെ തന്നെ ഇല്ലാതാക്കി കഴിഞ്ഞു. അഭയാർത്ഥികളുടെ ഞെട്ടിക്കുന്ന കഥകൾ മാധ്യമങ്ങൾക്കു ഉത്സവമാണ്. എല്ലാ സംഘർഷങ്ങളുടെയും ദയനീയ ഇരകളാണ് സ്ത്രീകളും കുഞ്ഞുങ്ങളും. എല്ലാ ആഗോള ഉടമ്പടികളെയും അട്ടിമറിച്ചുകൊണ്ട് ലോകമെമ്പാടും പെൺകുട്ടികളും സ്ത്രീകളും അതിക്രമങ്ങൾക്കിരയാകുന്നു.

ഇവർക്ക് ക്രിസ്മസ് മനഃസമാധാനം ലഭിക്കുന്ന ദിനങ്ങളെക്കുറിച്ചുള്ള സ്വപ്നം ആയിരിക്കാം. ലക്ഷക്കണക്കിന് അമ്മമാർക്ക് ക്രിസ്മസ് സ്വന്തം കുഞ്ഞിന്റെ വിശപ്പിൽ നിന്നുള്ള മോചനം ആകാം. മനുഷ്യവംശത്തിനുവേണ്ടി എല്ലാ പാപവും ഏറ്റെടുത്തുകൊണ്ട് കുരിശിലേറിയ ദൈവപുത്രൻ ഈ പാപപങ്കിലമായ ഭൂമി ആണോ ആഗ്രഹിച്ചത്?

ക്രിസ്മസിന് നമുക്ക് മിശിഹാ തമ്പുരാൻ സ്നേഹിച്ച, തന്നോട് ചേർത്ത് വെച്ച ആ പാപികളെ ഓർക്കാം... അവർക്കായി കരുതലും സ്നേഹവും പങ്കുവയ്ക്കാം. ഭൂമിയിൽ സമാധാനത്തിനായി കഠിനമായി ആഗ്രഹിക്കാം.

ഡോ. സി. സെലിൻഡ
ഹോളിക്രോസ്, ശംഖുമുഖം



# ക്രിസ്മസ് എന്റെ ഓർമയിൽ

ഇരുളുവീണ വഴികളിൽ പ്രകാശത്തിന്റെ സന്തോഷമാണ് ക്രിസ്മസ് നൽകുന്നത്.

കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച് 10 മാസം ഗർഭപാത്രത്തിൽ ചുമന്ന് ദൈവപുത്രനെ കന്യാമറിയം നൊന്തു പ്രസവിക്കുമ്പോൾ അനുഭവിച്ചവേദനയേക്കാൾ ഹൃദയഭേദകമല്ലേ മറിയത്തിന് കാലിത്തൊഴുത്തിൽ തന്റെ കടിഞ്ഞൂൽ സന്താനത്തിന് തൊട്ടിലൊരുക്കേണ്ടിവന്നത്. ഒരമ്മയെന്ന നിലയിൽ പരിശുദ്ധ കന്യകാമറിയം ദൈവഹിതത്തിന് സ്വയം സമർപ്പിക്കുകയായിരുന്നു. ദൈവപദ്ധതി അവിടെ സാർത്ഥകമാകുകയായിരുന്നു. ഇന്നത്തെ അമ്മമാർ മറന്നുപോകുന്ന ഒന്നാണ് കുഞ്ഞുങ്ങൾ ദൈവദാനമാണ് എന്നത്. കൂടുതൽ കുഞ്ഞുങ്ങൾ ശാപം എന്നല്ല അനുഗ്രഹം എന്നാണ് കരുതേണ്ടത്.

എന്റെ കൈകളിലേക്ക് ജനിച്ചു വീഴുന്ന ഓരോ കുട്ടിയും ക്രിസ്മസ് ആണ്. അത് ഡോക്ടർക്കും ഹോസ്പിറ്റലിനും കുടുംബത്തിനും ഒരുപോലെ ആഘോഷമാണ്. ആദ്യം കുഞ്ഞ് ജനിക്കുന്നത് ദമ്പതികളുടെ മനസ്സിലാണ്. മനസ്സും ശരീരവും ഒന്നിക്കുന്ന അവസ്ഥയിൽ ഉദരഫലം ജന്മംകൊള്ളുന്നു. ദൈവഹിതത്തിന് സ്വയമേ വിട്ടുകൊടുത്തപ്പോൾ മറിയത്തിന്റെ ഉദരത്തിൽ ദൈവപുത്രൻ ജന്മമെടുത്തതുപോലെ മക്കൾക്കായി കാത്തിരിക്കുന്ന ഓരോ ദമ്പതികളും ഉരുവിടേണ്ടത് "ഇതാ കർത്താവിന്റെ ദാസി... അങ്ങയുടെ ഹിതം എന്നിൽ നിറവേറട്ടെ" എന്നാണ്.

പണത്തിന്റെയും പ്രതാപത്തിന്റെയും നടുവിൽ വിവാഹം ഒരു ഉത്സവമാക്കി തീർത്തു ജിൻസൺ-ജിഷ. എന്നാൽ Azoospermia(ബീജമില്ലാത്ത അവസ്ഥ) മൂലം ജിൻസണ് കുഞ്ഞുജനിക്കില്ല എന്നറിഞ്ഞപ്പോൾ ഐവിഎഫ് (Invitrofertilezation) ചെയ്യാൻ ഇവർ തയ്യാറായി. 10 മാസത്തെ ആനന്ദപ്രദമായ കാത്തിരിപ്പിനുശേഷം പിറന്നതോ ഒരു ഗൊറില്ലകുട്ടി. സൗന്ദര്യത്തിനോ, പണത്തിനോ, പദവിക്കോ ഒരു കുഞ്ഞിനെ വാങ്ങാൻ സാധിക്കില്ലെന്ന് ആ ദമ്പതികളെ ജീവന്റെ നാഥൻ പഠിപ്പിക്കുകയായിരുന്നു. അപ്പൻ കുഞ്ഞിനെ തിരിഞ്ഞുനോക്കാനോ, ഒന്നുകയ്യിലെടുക്കാനോ കൂട്ടാക്കിയില്ല. നൊന്തുപെറ്റ അമ്മയുടെ വേദന... കുഞ്ഞ് രണ്ടുവയസ്സുവരെ പുറംലോകം കാണാതെ വളർന്നു. പേരുകേട്ട ഒരു കാർഡിയോളജിസ്റ്റ് ആണ് ജിൻസൺ. എങ്ങനെ ആ കുഞ്ഞിനെ ജീവിതത്തിൽനിന്ന് ഒഴിവാക്കണമെന്ന് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം ഒരാൾ കടന്നുവന്നു. ലക്ഷങ്ങൾ നഷ്ടപരിഹാരമായി കൊടുത്ത് കുട്ടിയെ ജീവിതത്തിൽനിന്ന് ഒഴിവാക്കി. ഇതാണോ ന്യൂ ജനറേഷൻ ക്രിസ്മസ്?

മറിച്ച്, ഉദരത്തിൽ വളരുന്നത് അംഗവൈകല്യമുള്ള ഒരു കുഞ്ഞാണെന്ന് അറിഞ്ഞിട്ടും അതിനെ ഓമനിച്ചുവളർത്തുകയും സന്തോഷത്തോടെ ജന്മം നൽകുകയും ചെയ്ത അന്നയുടെ കഥ വ്യത്യസ്തമാണ്. 12 വയസ്സ് തികയുന്ന ആ കുഞ്ഞിനെ അതിരറ്റവാത്സല്യത്തോടും സ്നേഹലാളനയോടും കൂടി ചുമലിലേറ്റി നടക്കുന്ന കാഴ്ച ആരുടെയും കണ്ണ് നിറയ്ക്കുന്നതാണ്. ആ കുഞ്ഞിന് പിറക്കാൻ ഒരിടം നൽകിയ അവസാനത്തെ സക്രാരി ആയിരിക്കും അന്നയുടെ ഗർഭപാത്രം. ഇതാണ് ഈ ന്യൂ ജനറേഷന്റെ മാതൃക.

സ്ത്രീയും പുരുഷനും ഏതുതരക്കാരാണെങ്കിലും അവരിലുണ്ടാകുന്ന കുഞ്ഞുങ്ങൾ മനോഹരപുഷ്പങ്ങളാണ്. അതിന്റെ സൗന്ദര്യം, സുഗന്ധം ലോകം മുഴുവൻ പരത്താൻ സഹായിക്കേണ്ടത് ഇന്നത്തെ പുത്തൻ അഥവാ ന്യൂജനറേഷൻ മാതാപിതാക്കളാണ്. ദൈവത്തിന്റെ സമ്പൂർണ പരിപാലനയിൽ ആശ്രയിച്ച് കുടുംബത്തിന്റെ സമ്പത്തും ഐശ്വര്യവും മക്കളാണെന്ന് തിരിച്ചറിയുക. ഈ തിരിച്ചറിവാണ് മനുഷ്യനെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുകാരാക്കി തീർക്കുന്നത്.

ഫാ. ഡൈസൺ വൈ.
മാനേജർ, സെന്റ് ജോസഫ്സ് എച്ച്എസ്എസ്
തിരുവനന്തപുരം



# നമ്മിൽ ദൈവം മിഴി തുറക്കാൻ

Gloria in Excelsis Deo എന്ന സ്വർഗീയ ഗീതം നിലച്ച ബെത്‌ലേഹേമാണ് നമ്മുടെ ജീവിതം. മഞ്ഞണിഞ്ഞ ഒരുപാട് ക്രിസ്മസ് രാത്രികൾ ഉണ്ടെങ്കിൽ ഉണ്ണി പിറക്കാതെ കടന്നുപോയി. ഹൃദയ സത്രങ്ങൾ ഇന്നും മറിയത്തെയും യൗസേപ്പിനേയും പോലെ ആ മാതാവ് മുട്ടുന്നുമുണ്ട്. ഹൃദയം തുറന്നാൽ അവൻ നമ്മിൽ വന്നുജനിക്കും. ഈ ക്രിസ്മസിലെങ്കിലും അവൻ നമ്മിൽ മിഴി തുറക്കാൻ ഉള്ളുതുറക്കാം. അവൻ നമ്മിൽ മിഴി തുറക്കണമെങ്കിൽ:

പാപം കുമിഞ്ഞുകൂടുന്ന സ്ഥലങ്ങളാണ് സോദോമും ഗോമാറയും. തിന്മയുടെയും അന്ധകാരത്തിന്റെയും സ്ഥലങ്ങൾ. ആകാശത്തിലെ അഗ്നിയും ഗന്ധകവും കൊണ്ട് നശിപ്പിക്കപ്പെടേണ്ട സ്ഥലങ്ങൾ. നമ്മിലെ ദൈവികചരായ നശിപ്പിക്കപ്പെടുന്ന സ്ഥലം. ദൈവത്തിന്റെ മുഖമുള്ള മനുഷ്യരാകാൻ സമാധാനത്തിന്റെ ഗീതികൾ ആലപിക്കുന്ന അസംഖ്യം മാലാഖമാരുള്ള ബെത്‌ലഹെമിലേക്ക് ഒരു മടക്കയാത്ര ചെയ്യണം. ജീവന്റെ അപ്പമായ ക്രിസ്തുവുള്ള, അപ്പത്തിന്റെ ഭവനമായ ബേത്‌ലേഹേമിലേക്ക് യാത്ര ചെയ്യണം. പഴയ ജീവിതത്തിന്റെ സോദോമിന്റെയും ഗോമാറായുടെയും ആസ്തികളിൽ നിന്ന് അത്യുന്നതങ്ങളിലെ ദൈവത്തെ മഹത്വപ്പെടുത്തുന്ന ബെത്‌ലേഹേമിലേക്ക് യാത്രചെയ്യാം! അപ്പോൾ ജീവിതത്തിന്റെ കിഴക്ക് നക്ഷത്രമുദിക്കും.

സത്രം ദൈവത്തിന് സ്വയം നിഷേധിച്ച ഇടമാണ്! സത്രം വലുതാണെങ്കിലും എല്ലാവരെയും ഉൾക്കൊള്ളാൻ മനസ്സില്ലാത്ത ഇടം. മനുഷ്യരെ തട്ടുകളായി കണ്ട് നീതി നിഷേധിക്കുന്ന സ്ഥലം. പണത്തിനും സ്വാധീനത്തിനും തുറന്ന വാതിലുള്ള സ്ഥലം. നന്മയെയും കരുണയെയും അകറ്റ് നിറുത്തുന്ന സ്ഥലം. അധർമ്മത്തിന്റെ ഈ സ്ഥലത്തുനിന്ന് ചെറുതാണെങ്കിലും എല്ലാവരെയും ഉൾക്കൊള്ളുന്ന സ്ഥലമായ പുൽക്കൂടിലേക്ക് യാത്ര ചെയ്യുമ്പോൾ രക്ഷകനെ കാണാൻ സാധിക്കും. പുൽക്കൂട് ചെറുതാണെങ്കിലും അതിന്റെ മനസ്സ് വിശാലമാണ്! ഉണ്ണിയേയും, മറിയത്തെയും യൗസേപ്പിനേയും മൂന്നു രാജാക്കന്മാരെയും മാലാഖമാരെയും ആട്ടിടയരെയും കന്നുകാലികളെയും ഉൾക്കൊള്ളാൻ വിശാലമായ മനസ്സുള്ള സ്ഥലം. ആരെയും പാപിയെന്നോ, മോശക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള വിവേചനം കാണിക്കാത്ത സമത്വത്തിന്റെ സ്ഥലം. രക്ഷകൻ ജനിക്കണമെങ്കിൽ നമുക്ക് സത്രമാകാതെ പുൽക്കൂടാകാം.

ഇഷ്ടത്തിനും സ്നേഹത്തിനുമിടയിൽ വലിയൊരു അന്തരമുണ്ട്. ഇഷ്ടം തന്നിലേക്ക് ഒരുവനെ ചുരുക്കുമ്പോൾ സ്നേഹം ഒരുവനെ മനുഷ്യത്വത്തിലേക്ക്, ദൈവികത്വത്തിലേക്ക് വളർത്തുന്നു; വികസിപ്പിക്കുന്നു. പൂവിനോടുള്ള ഇഷ്ടം അതിനെ ഇറുത്തെടുത്ത് സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ സ്നേഹം അതുള്ള ചെടിയെ, മരത്തെ അധികനാൾ ജീവിപ്പിക്കുവാൻ വേണ്ടി വെള്ളവും വളവും നൽകുന്നു. ദൈവം ഈ ലോകത്തെ ഏറെ സ്നേഹിച്ചു കൊണ്ട് മൃതരായ നമുക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായുണ്ടാകാനും അവൻ നൽകിയത് തന്റെ തിരുകുമാരനെ. ഈ ലോകത്തിന് (നമുക്ക്) നിത്യജീവനുണ്ടാകാൻ തന്റെ മകന്റെ രക്തം നൽകി നമ്മുടെ ജീവിതങ്ങളെ നനച്ചു. നാം പരിപോഷിതരാകാൻ തന്റെ ശരീരം നമുക്ക് നൽകി. സ്വത്വത്തിൽ നിന്ന് അപരനിലേക്ക് യാത്രചെയ്യാൻ ദൈവം നമ്മെ ക്ഷണിക്കുന്നു. അപരനിലേക്കുള്ള യാത്ര നമ്മുടെ നിക്ഷേപങ്ങൾ തുറന്ന് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചയായി നൽകാൻ പ്രേരിപ്പിക്കുന്നു.

ക്രിസ്തുവുള്ള ഒരു ക്രിസ്മസ് ആഘോഷിക്കാൻ, ഉണ്ണി നമ്മിൽ മിഴി തുറക്കാൻ, നമ്മുടെ ജീവിതങ്ങളെ ബെത്‌ലേഹേമായും, പുൽക്കൂടായും എല്ലാം നൽകുന്ന സ്നേഹമായും മാറ്റാം. അവിടെ മാലാഖമാർ പാടും‘:

“അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളോർക്ക് സമാധാനം!

ജൂലിയറ്റ് അഗസ്റ്റിൻ, തോപ്പ്



# എന്റെ ഓർമ്മയിലെ ക്രിസ്തുമസ്

ക്രിസ്മസ് എന്നാൽ ആദ്യം മനസ്സിലേക്ക് ഓടി എത്തുന്നത് ഉണ്ണിയേശുവും, നക്ഷത്രവിളക്കും, പുൽക്കൂടും തന്നെയാണ്. ക്രിസ്മസിന്റെ വർണങ്ങളും അലങ്കാരങ്ങളും ഞാൻ അനുഭവിച്ചറിഞ്ഞത്, മാതാപിതാക്കൾ, കുടുംബത്തിലെ മുതിർന്നവർ, മതബോധന അധ്യാപകർ എന്നിവരിലൂടെയാണ്. കുടുംബാംഗങ്ങളുമായി ഒന്നിച്ചുള്ള ക്രിസ്മസ് ആഘോഷം ഒരു വേറിട്ട അനുഭവം തന്നെയാണ്, ഒരു കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ വളർന്നതുകൊണ്ടാകാം ഇവയൊക്കെ ഇപ്പോഴും മായാതെ മങ്ങാതെ ഓർമ്മയുടെ ചെപ്പിനുള്ളിൽ ഒളിഞ്ഞിരിക്കുന്നത്.

ക്രിസ്മസിനായുള്ള ഒരുക്ക ക്ലാസുകൾ ഏറെ പ്രത്യേകതയുള്ളതായിരുന്നു. ഉണ്ണീശോയ്ക്ക് ആവശ്യമായതെല്ലാം ഹൃദയത്തിൽ സുകൃതജപം ചൊല്ലി ഉണ്ണിയ്ക്കായി ഒരുക്കുന്നു. തയ്യാറെടുപ്പുകളെക്കുറിച്ച് ഓരോ ക്ലാസിലും സിസ്റ്റർ ചോദിക്കും. ഞങ്ങൾ കസിൻസ് ഒരുമിച്ചിരുന്നാണ് തയ്യാറെടുപ്പ് നടത്തിയിരുന്നത്. ആരും ആരെയും ശല്യപ്പെടുത്താതെ വൈകുന്നേരങ്ങളിൽ തൊട്ടടുത്തുള്ള മൈതാനത്തിൽ ഒന്നിക്കും. അതിനുശേഷം നക്ഷത്ര വിളക്കിന്റെ പണിപ്പുരയിൽ ഓടി എത്തും. മുളച്ചീരും, ചുവന്ന വർണ്ണ കടലാസും ഉപയോഗിച്ചുണ്ടാക്കുന്ന നക്ഷത്രവിളക്ക് ഇപ്പോഴും മനസ്സിലുണ്ട്. ഇതിനകത്ത് മണ്ണെണ്ണ വിളക്ക് വച്ച് വേപ്പുമരത്തിൽ തൂക്കിയിടുന്നതുവരെ അത്ഭുതത്തോടുകൂടി ഞാൻ നോക്കി നിന്നിട്ടുണ്ട്. ഇപ്പോഴുള്ള നക്ഷത്രത്തേക്കാൾ അന്നത്തെ മണ്ണെണ്ണ വിളക്ക് നൽകിയ നക്ഷത്ര വെളിച്ചം മനസ്സിലിന്നും അണയാത്ത ദീപമായി പ്രഭ ചൊരിയുന്നു. നക്ഷത്ര വിളക്കുമുതൽ പുൽക്കൂടുനിർമ്മാണം വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അന്യമതസ്ഥരായ കളിക്കൂട്ടുകാർ ഞങ്ങളോടൊപ്പം ഉണ്ടാകും. പുൽക്കൂടുണ്ടാക്കാൻ വൈയ്ക്കോൽ കിട്ടുന്ന സ്ഥലം തേടി ഇറങ്ങുന്ന ജോലി ആൺകുട്ടികൾക്കാണ്. വീട്ടിലുണ്ടാക്കുന്ന പലഹാരങ്ങൾ അയൽഭവനങ്ങളിൽ കൊണ്ടെത്തിക്കുന്നതിനും ഞങ്ങൾ ഉത്സുകരായിരുന്നു. നൽകുന്നതിൽ സന്തോഷം കണ്ടെത്തുന്നവരോടൊപ്പം വളരാൻ സാധിച്ചത് ഒരു അനുഗ്രഹമായി കരുതുന്നു.

ക്രിസ്മസിന്റെ തുറവി മുതൽ പുതുവത്സരം വരെ നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ വീട്ടിലും നാട്ടിലുമെല്ലാം ഉത്സവ പ്രതീതിയാണ് സൃഷ്ടിക്കുന്നത്. പുതുവത്സരദിനത്തിൽ കുടുംബത്തിലെ മുതിർന്നവരെയും ജ്ഞാനമാതാപിതാക്കളെയും സന്ദർശിക്കുവാനും സ്തുതി പറയുവാനും കിട്ടുന്ന അവസരം ഒരിക്കലും പാഴാക്കിയിട്ടില്ല. എന്റെ മാതാപിതാക്കളോടൊപ്പം അവരെയും ഞാൻ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

ക്രിസ്മസിന്റെ ഈ നല്ലോർമ്മകൾ അയവിറക്കുമ്പോൾ ഇന്നത്തെ ആഘോഷങ്ങൾക്ക് യാന്ത്രികത്വം വന്നുപോയോ എന്ന തോന്നലാണ്. ഇന്ന് പുൽക്കൂടുകൾ, ക്രിസ്മസ് ട്രീകൾ, അലങ്കാര വസ്തുക്കൾ എല്ലാം വിപണികളിൽ സുലഭമാണ്. പുൽക്കൂട്ടിൽ പൊന്നുണ്ണി ഭൂജാതനായപ്പോൾ മാലാഖവൃന്ദം സ്വർഗം വിട്ടിറങ്ങി ഉണ്ണിയുടെ പാദാന്തികത്തിൽ അണഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു, 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം'. ഇവിടെ അടിവരയിടുന്നത് സന്മനസ്സുള്ളവർക്ക് സമാധാനം എന്നാണ്. അത് ദൈവത്തിന്റെ ഉപാധികൂടിയാണ്. സന്മനസ്സുള്ളവർക്ക് ഉണ്ണിയേശു നൽകുന്ന പിറന്നാൾ സമ്മാനമാണ്, സമാധാനം.

ലോകരക്ഷകനായ ദൈവപുത്രന് മണിമാളികയിലോ, അംബര ചുംബികളായ സൗധങ്ങളിലോ പിറവി കൊള്ളാമായിരുന്നു. എങ്കിലും അവിടുന്ന് തെരഞ്ഞെടുത്തത് കേവലമൊരു പശു തൊഴുത്തുമാത്രം. ഇതിലൂടെ എളിമയും ലാളിത്യവും എന്താണെന്ന് അവിടുന്ന് നമുക്ക് കാണിച്ചുതരുന്നു. നിങ്ങളും അശരണരുടെയും നിരാലംബരുടെയും നിരാശ്രയരുടെയും കൂടെ ആയിരിക്കുക എന്ന സന്ദേശമാണ് പുൽക്കൂട്ടിൽ ജനിക്കുകവഴി ഈശോ നമുക്ക് നൽകുന്നത്. അനാഥരോട് കരുതലും സ്നേഹവും കാണിച്ചുകൊണ്ട് ക്രിസ്മസിന്റെ ജ്വലിക്കുന്ന സ്മരണയിൽ നമുക്ക് ഉണ്ണീശോയോടൊപ്പം ആയിരിക്കാം.




ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ


# സ്തോത്രയാഗകർമ്മത്തിലെ ചില വ്യതിചലനങ്ങൾ

*(കഴിഞ്ഞലക്കം തുടർച്ച)*

## കർതൃപ്രാർഥന


ഇന്ന് പലരും ചോദിക്കുന്ന ഒരു ചോദ്യമിതാണ്: സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർഥന സമയത്ത് ജനങ്ങൾ കൈകൾ വിരിക്കണോ? നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്: "പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ജനങ്ങളോടുചേർന്ന് തുടരുന്നു" (റോമൻ മിസ്സാൾ പേജ് 562) ഇവിടെ ജനങ്ങളും കൈവിരിക്കണമെന്ന് പറയുന്നില്ല. പുരോഹിതൻ ദിവ്യബലി സമയത്ത് കൈകൾ വിരിക്കുന്നത് മാധ്യസ്ഥം യാചിക്കുന്നതിന്റെ അടയാളമായാണ്. ദിവ്യബലിയിലെ പ്രാർഥനകൾ യാചനാരൂപത്തിലുള്ളതാകുമ്പോൾ വൈദികൻ മാത്രമാണ് കൈകൾ വിരിച്ച് പ്രാർഥിക്കുന്നത്. അതിനാൽ സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർഥന സമയത്ത് ആരാധനക്രമപ്രകാരം ജനങ്ങൾ കൈകൾ വിരിച്ച് പിടിക്കേണ്ടതില്ല.



## ദിവ്യകാരുണ്യ സ്വീകരണത്തിന്ശേഷം

"ദിവ്യകാരുണ്യ സ്വീകരണത്തിന് ശേഷം, വൈദീകനും ജനങ്ങളും അല്പസമയം മൗനപ്രാർഥനയിൽ ചെലവഴിക്കുന്നത് അഭിലഷണീയമാണ്" (GIRM 88). ദിവ്യകാരുണ്യ സ്വീകരണത്തിന് ശേഷമുള്ള നിശബ്ദതയ്ക്ക് ഏറെ പ്രാധാന്യം നല്കേണ്ടതുണ്ട്. തുടർന്നാണ് ദിവ്യഭോജനാനന്തരപ്രാർഥന. "ദൈവജനത്തിന്റെ [മൗനപ്രാർത്ഥനയുടെ പരിസമാപ്തി കുറിക്കുന്നതിനും ദിവ്യകാരുണ്യ സ്വീകരണകർമ്മം മുഴുവനും സമാപിക്കുന്നതിനുമായി പുരോഹിതൻ, അനുഷ്ടിക്കപ്പെട്ട ദിവ്യരഹസ്യത്തിന്റെ ഫലപ്രാപ്തിക്കായി അപേഷിച്ചുകൊണ്ട് ദിവ്യഭോജനാനന്തരപ്രാർഥന ചൊല്ലുന്നു" (GIRM 89). എന്നാൽ ഇന്ന് പലയിടങ്ങളിലും ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം കുറെ പ്രാർത്ഥനകൾ ചൊല്ലുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ, നന്മനിറഞ്ഞമറിയമേ, ത്രീത്വ സ്തുതി, എന്നി പ്രാർഥനകൾ അതിൽ ഉൾപ്പെടുത്തുന്നു. ഈ പ്രാർഥനകൾ ഒന്നും തന്നെ ദിവ്യകാരുണ്യ സ്വീകരണത്തിന് ശേഷം പാടില്ലാത്തതാണ്. കൂടാതെ, ദിവ്യകാരുണ്യ സ്വീകരണത്തിനു ശേഷം പലയിടങ്ങളിലും വിവാഹപരസ്യം, മറ്റ് അറിയിപ്പുകൾ നല്കുന്നു. ഇവയും അനുവദനീയമല്ല. ദിവ്യകാരുണ്യ സ്വീകരണം അവസാനിക്കുന്നത് ദിവ്യഭോജനാനന്തരപ്രാർഥനയോടെയാണ്. അതിനാൽ വിവാഹപരസ്യവും മറ്റ് കാര്യങ്ങളും ദിവ്യഭോജനാനന്തരപ്രാർഥനയ്ക്ക് ശേഷമാണ് ജനങ്ങളെ അറിയിക്കേണ്ടത് (റോമൻ മിസ്സാൾ, പേജ് 566).

ഉചിതമായ രീതിയിൽ ദിവ്യബലി അർപ്പിക്കപ്പെടുമ്പോൾ അത് ജനങ്ങൾക്ക് ഒരു അനുഭവമായി മാറുന്നു. പക്ഷെ ഇന്ന് വെറും ബാഹ്യമായവയ്ക്ക് മാത്രം പ്രാധാന്യം നല്കുന്ന അവസ്ഥ നിലനില്കുന്നു. മൗനവും മനനവും ദിവ്യബലി ആഘോഷത്തിന്റെ ഭാഗമാകുമ്പോൾ ദിവ്യബലി കഴിഞ്ഞുള്ള 'ബലിജീവിതം' തുടരാൻ നാം പ്രചോദിതരാകും. ■



# അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

# മധ്യയുഗത്തിലെ അല്മായർ

മധ്യകാലഘട്ടത്തിൽ അല്മായരെ പുരോഹിതരിൽ നിന്നും താഴ്ന്നവരായാണ് കണ്ടിരുന്നത്. അതിന് ഉപോൽബലകമായ ഒരു വചനവും ഉൾപ്പെടുത്തിയെന്നതാണ് ഏറെ ആശ്ചര്യകരം. കാളയെയും കഴുതയെയും ഒരുമിച്ചുപൂട്ടി ഉഴരുത് (നിയമാവർത്തനം 22:10) പക്ഷേ, കാര്യങ്ങൾ അല്മായരുടെ ഇച്ഛ അനുസരിച്ചാണ് നടന്നുവന്നിരുന്നത്. ആദ്യകാലങ്ങളിൽ പുരോഹിതർ തിരഞ്ഞെടുക്കുന്ന മെത്രാന്മാരെ അല്മായർ അംഗീകരിക്കുകയായിരുന്നുവെങ്കിലും ഭരണാധികാരികൾ മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന രീതി പിന്നീട് നിലവിൽ വന്നു. അപ്രകാരം സംഭവിച്ചപ്പോൾ ഭൗതീക അധികാരകേന്ദ്രങ്ങളും ആത്മീയ അധികാര കേന്ദ്രങ്ങളും തമ്മിൽ വടംവലി മുറുകി. പരസ്പരാശ്രയത്വം ഇതിനു തുണയായി നിന്നു. അതായത് സഭയുടെ ദൗത്യങ്ങൾ നടപ്പിലാക്കാൻ ഭരണാധികാരികളുടെ സഹായം വേണ്ടിവന്നു. അതുപോലെ തെറ്റായ നടപടികൾ സ്വീകരിക്കുന്ന സഭാധികാരികളെ നീക്കം ചെയ്യാനും അവരെ സമീപിച്ചു. അങ്ങനെ ഭരണാധികാരികളായ അല്മായർ സഭയുടെ ആത്മീയാധികാരികളെ നിശ്ചയിക്കാൻ ഇടപെട്ടുതുടങ്ങി.

ഇന്നസെന്റ് മൂന്നാമൻ പാപ്പാ 1215 ൽ വിളിച്ചുചേർത്ത നാലാം ലാറ്ററൽ കൗൺസിൽ സ്വീകരിച്ച നവീകരണ നടപടികൾ സഭയെ ആകെ മാറ്റിമറിച്ചു. ഭൗതീകാധികാരം സഭയുടെ അധികാരത്തിന് വിധേയമായിരിക്കണമെന്ന് പാപ്പാ ശഠിച്ചു. ശക്തമായ നിയന്ത്രണങ്ങൾ കൊണ്ടുവരികയും തത്ഫലമായി , അല്മായരും വൈദീകരും തമ്മിലുള്ള അകൽച്ച വർദ്ധിക്കുകയും ചെയ്തു.

പക്ഷേ, ലൗകീകാധികാരികളെ പൂർണ്ണമായും അകറ്റിനിർത്താൻ ഇന്നസെന്റ് പാപ്പായ്ക്കോ തുടർന്നു വന്ന പാപ്പാമാർക്കോ സാധിച്ചില്ല. സഭയുടെ ഭൗതീക സമ്പത്ത് കൈയടക്കാൻ അധികാരികൾ ശ്രമിച്ചുവന്നു. 11-ാം നൂറ്റാണ്ടായപ്പോൾ ജന്മി - കുടിയാൻ വ്യവസ്ഥ സ്വീകരിക്കാൻ സഭ നിർബന്ധിതമായി. സഭയുടെ ഉടമസ്ഥതയും പള്ളിപ്പിരിവിൽ അല്മായർക്കുള്ള ഉടമസ്ഥതയും തമ്മിൽ തർക്കമുണ്ടായി. വ്യാപകമായ അഴിമതിയ്ക്ക് ഇത് കളമൊരുക്കി. സഭാഭരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താനുള്ള അല്മായരായ ഭരണാധികാരികളുടെ ശ്രമം സഭയെ വല്ലാതെ ക്ലേശിപ്പിച്ചു. ഭൗതീകാധികാരത്തിൽ അഴിമതി സാർവത്രികമായി .

അവസാനം, സഭയെയും രാഷ്ട്രത്തേയും രണ്ടായി കാണണമെന്ന് വാദത്തിന് വലിയ പിന്തുണ ലഭിച്ചു. സഭയെ ദൈവീകവും പൗരോഹിത്യപരവും (devine and clerical) എന്നും രാജ്യത്തെ ഐഹീകവും അല്മായാനുസൃതവും (temporaland laity)എന്നു രണ്ടായി കാണാൻ ആരംഭിച്ചു. അന്നത്തെ സാമൂഹ്യ-സാമ്പത്തീക പ്രശ്നങ്ങൾക്ക് തക്ക പരിഹാരം നിർദ്ദേശിക്കാൻ ദൈവശാസ്ത്രജ്ഞന്മാർക്കായില്ല. സാമൂഹ്യപ്രശ്നങ്ങളുടെ കാരണം പരിശോധിക്കാൻ മെനക്കെടാതെ കാലഹരണപ്പെട്ട നിയമങ്ങൾ അടിച്ചേൽപ്പിക്കാൻ അവർ ശ്രമിച്ചു. സഭയുടെ പഠനങ്ങൾക്കെതിരെ വളർന്നുവന്ന ഭൗതീക സംസ്ക്കാരം വൈദീകരും അല്മായരും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിച്ചു. അങ്ങനെ അല്മായർക്ക് സഭയോടുള്ള ബന്ധം ദുർബലമായി. ■

കവിത

# നിനക്കായ്...

ഒരു മഞ്ഞുതുള്ളിയായലിയുന്നു, നീയെന്റെ
ഹൃദയത്തിലോർമ്മയായ് മയങ്ങിടുന്നു..
മിഴികളിൽ നിറയുന്ന നൊമ്പരമായി നീ
തഴുകുന്ന തെന്നലായകന്നുപോയി...
കാലത്തിൻ പടവുകൾ പിന്നിടുവോ നീ
യവനികയ്ക്കുള്ളിൽ മറഞ്ഞുപോയോ?
എത്രയോ വസന്തങ്ങൾ... ഉല്ലാസയാത്രകൾ...
ഓരോ നിമിഷവും ആഘോഷമാക്കവെ...
നിന്നിലെ കവിതകൾ ചിറകടിച്ചുയർന്നതും
എന്നിലെ ഹൃദയസ്പന്ദനമായതും...
അറിയുന്നു സോദരീ... നിറയുന്നു മിഴികളും...
നീയില്ലാതിന്നു ഞാൻ വെറുതെ പാടുന്നു,
സമയം പോക്കുവാൻ നിന്നുടെ -
വരികൾ ഞാൻ കടമെടുത്തീടട്ടെ?
നീയന്ത്യം കുറിച്ചൊരാ താളിൽ-
ഞാനെഴുതി തുടങ്ങീടട്ടെ?
ഒത്തിരിസ്വപ്നങ്ങളൊരുമിച്ചു നെയ്തു നാം
പിരിയില്ലെന്നു നീ കൈചേർത്തു ചൊല്ലി
ഒടുവിലെൻ കൈവിട്ടുപോയീ,
നീ അകലേയ്ക്കെങ്ങോ പറന്നുപോയീ...
മധുരമായി പാടുന്ന നിൻസ്വരമെന്നിൽ-
അലിയുന്നു... തേങ്ങലായ് മാറീടുന്നു...
സ്നേഹത്തിൻ ഗായകനായിരുന്നു നീ,
സ്നേഹമായെന്നിൽ നിറഞ്ഞിരുന്നു...
എനിക്കായ് കവിതകളെഴുതിത്തുടങ്ങീ നീ
എനിക്കാട്ട് പാട്ടുകൾ പാടിത്തുടങ്ങീ നീ...
തനിച്ചായിരുന്നു ഞാൻ... നിൻ പാട്ടിന്റെ -
താളങ്ങളില്ലാതെ... ഉരുകുന്നു മഞ്ഞുതുള്ളിയായി..
പുൽക്കൊടിത്തുമ്പിൽ നിന്നിറ്റിറ്റു വീഴുന്നു
ഒഴുകി നിന്നരികിലേക്കെത്തുവാനായ്...
കരയില്ലെന്നു വിങ്ങിപ്പറഞ്ഞു ഞാൻ,
നീ മറഞ്ഞൊരാ നേരത്തിൽ പൊട്ടിക്കരഞ്ഞു-
മുഖം പൊത്തി നിന്നു.... എങ്കിലും -
മൂകമായ നീയകന്നു പോയീ...
നിന്നുടെ വരികൾ ഞാൻ പാടിത്തുടങ്ങുന്നു...
മഴയ്ക്കായ് വെമ്പുന്ന വേഴാമ്പലായ്...
കാത്തിരിക്കുന്നു നിനക്കായ്...
നിൻ മധുരഗാനത്തിനായ്....

**– പ്രീത. എസ്**
സെന്റ് പോൾസ് ചർച്ച്, കരിച്ചൽ

# മന്വന്തരത്തിൻ മഹാത്ഭുതം

അബ്രഹാമിൻ നാൽപ്പത്തിയൊന്നാം
തലമുറയിലെൻവയറ്റിൻ
പുണ്യമാകാൻ കാലിത്തൊഴുത്തിൽ
വന്നുപിറന്ന ലോകരക്ഷകൻ

ആർദ്രനായ അജപാലകൻ
ബാലകർക്കിഷ്ടമാം തോഴൻ
സ്നേഹമാം സന്ദേശവാഹകൻ
ഇവനെന്റെ പ്രിയനാം പുത്രൻ

മത്സ്യം പിടിച്ചിടും മുക്കുവനെ
മനുഷ്യനെ പിടിക്കുന്നവനാക്കും
മന്ത്രമറിഞ്ഞീടും മഹാത്മൻ
മന്വന്തരത്തിൻ മഹാത്ഭുതം

ഇടതുകരണത്തടിയേറ്റാൽ
വലതിലുമതുൾക്കൊള്ളാൻ
മാലോകരോടോതിടുന്ന നീയല്ലോ
ക്ഷമതൻ മൂർത്തിമത് ഭാവം

ചോരനൊട്ടപഹരിക്കാനാത്ത
നിധി ഹൃദയത്തിങ്കലേറ്റീടാൻ
ഉദ്ഘോഷിക്കും ഗിരിപ്രഭാഷണം
മാനവരാശിക്കമൂല്യമാം നിധി

കാനാ വിരുന്നിലെ വെള്ളവും വീഞ്ഞും
ലാസറുടെ മൃത്യുവിൽ നിന്നുള്ള
ഉയിർത്തെഴുന്നേൽപ്പും നിൻ
മഹത്ത്വമോതും അത്ഭുതങ്ങൾ

കാൽവരി വീഥി തൻ മണ്ണിൽ
കുതിർന്ന സ്വേദവും രക്തവും
ചിതറിത്തെറിച്ച മാംസപിണ്ഡവും
ലോകപാപമുക്തി തൻ ഹേതു

തിരുമുറിവഞ്ചിലും രക്തവും
വാർന്നൊലിച്ച് എൻ മടിയിലെ
ചേതനയറ്റയീജഡം കണ്ടെൻ
മാതൃഹൃദയം വിങ്ങുന്നുവെങ്കിലും

ഇനിയൊരു ജന്മമുണ്ടാകിൻ
വീണ്ടും നിൻമാതൃത്വമേറ്റീടാൻ
പിതാവിന്നനുഗ്രഹമുണ്ടാകേണം
എന്നുമാത്രമിന്നെൻ പ്രാർത്ഥന.

**– ജയൻ ഉദേശ്വരം**

അനുഭവം

● മനീഷ് ആന്റോ, പൂന്തുറ

നവംബർ 21 : ലോക മത്സ്യത്തൊഴിലാളി ദിനം

# മത്സ്യത്തൊഴിലാളികൾക്കൊപ്പം ഒരുദിനം

സമയം ഉച്ചയ്ക്ക് 2.30 : ഐസുകട്ടകളും, തൂളവകളും എഞ്ചിനുവേണ്ട മണ്ണെണ്ണ നിറച്ച കന്നാസുകളുമായി ആളുകൾ ഇടവഴികളിൽ നിന്നും ഇടറോഡിലേക്കും, മെയിൻ റോഡിലേക്കും വന്നുനിറയുകയാണ്. ഗ്രാമം ഉച്ചയുറക്കത്തിന്റെ ആലസ്യത്തിലാണെങ്കിലും, ഇവിടെ ഈ മത്സ്യബന്ധനഗ്രാമത്തിന്റെ ഇടവഴികൾ ജനത്തിരക്കിലാണ്. ഈ നവംബർ 21 ന്, മത്സ്യത്തൊഴിലാളി ദിനത്തിൽ ഇവർക്കൊപ്പം ഞാനും ഇറങ്ങി. കടൽകൊണ്ടൊരു ചരിത്രവും മത്സ്യം കൊണ്ട് ഭാവിയും നിർവ്വചിക്കുന്ന നമ്മുടെ ഈ തീരജനതയുടെ അഭിമാനമായ തൊഴിലാളികൾക്കൊപ്പം ഒരു തൊഴിൽ ദിനം.

സമയം 3 : അരമണിക്കൂറായി കാൽനടയായും, ഓട്ടോയിലുമായി വഞ്ചികളിലേക്ക് ആളുകൾ നീങ്ങുകയാണ്. വ്യത്യസ്തമായ മീൻ പിടിക്കലിന് വ്യത്യസ്ത രീതികളുള്ളതുപോലെ അവരുടെ ചുമലിലെ ചുമടുകളും വ്യത്യസ്തമാണ്. ഞാൻ ചൂണ്ട പണിക്കാർക്കൊപ്പമാണ് തൊഴിലിനിറങ്ങുന്നത്. പൂന്തുറയിലെ ചേരിയാമുട്ടം നിറയെ നൂറുകണക്കിന് വള്ളങ്ങളും, പണിക്കാരും അവരുടെ കർക്കശമായ സംസാരവുമാണിപ്പോൾ കടപ്പുറം നിറയുന്നത്. ഈ പരുഷമായ വാക്കുകൾ സാധാരണ ദിവസത്തൊഴിലാളിയുടെ തൊഴിലിലുള്ള താല്പര്യക്കുറവല്ല വ്യക്തമാക്കുന്നത്. മറിച്ചതൊരു തയ്യാറെടുപ്പാണ്. മറ്റെല്ലാ സുരക്ഷാസംവിധാനങ്ങളും, ലൈഫ് ജാക്കറ്റുകളും കരയിൽ കളഞ്ഞുവച്ചിട്ട് പോകുന്നവന്റെ യുദ്ധകാഹളമാണത്; അത് ഞാനിപ്പോഴാണ് തിരിച്ചറിയുന്നത്.

സമയം : 3.30, വള്ളം തള്ളിയിറക്കാൻ ട്രാക്ടറുകൾപോലുള്ള സംവിധാനങ്ങളുണ്ട്. പണിമുടക്കാത്ത ഏക ട്രാക്ടറിനെ കാത്തിരുന്നാൽ ഇനിയും സമയത്തിനിറങ്ങാനാവില്ല. അതുകൊണ്ട് ഞങ്ങൾ നാലുപേരും വള്ളം തള്ളാനിറങ്ങി. വള്ള ഉടമ അജിത്ത് ഊർജ്ജസ്വലനായ ചെറുപ്പക്കാരനാണ് 27-ാം വയസ്സിൽ തന്നെ അവനൊരു തൊഴിൽദാതാവാണ്. കൂടെയുള്ള സുനിലും വിൽഫ്രഡും വർഷങ്ങളുടെ പരിചയമുള്ളവരും.

നിമിഷങ്ങൾക്കുള്ളിൽ ഞങ്ങളുടെ വള്ളം തള്ളിയിറക്കാൻ പത്തിരുപതു പേർ. നമ്മുടെ പരസ്പരാശ്രിതത്വത്തിന്റെയും, സഹവർത്തിത്വത്തിന്റെയും വേരുകൾ തേടി ഒരുപാട് ദൂരെയൊന്നും പോകേണ്ടന്നും നമ്മുടെ കടപ്പുറങ്ങളിലേക്ക് ഇറങ്ങിയാൽ മതിയെന്നും എന്നെ ഓർമ്മിപ്പിച്ച ആദ്യ അനുഭവം. സമയം 4 മണി. അജിത്തും, വിൽഫ്രഡും, സുനിലുമടങ്ങുന്ന സംഘത്തിലെ ഒന്നിനുംകൊള്ളാത്ത നാലാമനായി കടലിലേക്ക്. 4 മണിമുതൽ ഒരേ സ്പീഡിൽ കുതിക്കുകയാണ് ബോട്ട്. പുറകിലേക്ക് നോക്കുമ്പോൾ അകന്നകന്നു പോകുന്ന സുരക്ഷിതത്വത്തിന്റെ അവസാനകര, പള്ളിയുടെ താഴികക്കുടം, കോവളം കുന്നുകൾ, ഒടുവിൽ മഞ്ഞിന്റെ ഒരു മറക്കുള്ളിൽ കര അവസാനിക്കുകയാണ്. പിന്നെ



കടലും കിലോമീറ്ററുകളെ ഓടുന്ന വള്ളങ്ങളും മാത്രം.

കരയകലുന്നതിനൊപ്പം കൂടെയുള്ള മനുഷ്യരൊക്കെ വലുതായിക്കൊണ്ടിരിക്കുകയാണ്. അതുവരെ സഗൗരവം സംസാരിക്കാതെ കലിപ്പിലായിരുന്ന സുനിലും വിൽഫ്രഡുമൊക്കെ ഒരു മുറുക്കാന്റെ ചൂടിലലിയുകയാണ്. സന്ധ്യവെയിലിൽ മുറിക്കാന്റെ അകമ്പടിയോടെ ഈ മനുഷ്യരൊക്കെ മാറുകയാണ്. ഞങ്ങൾ നാലുപേർ മാത്രമുള്ള ലോകത്ത്, കഥകളും, പഴയ ജോലിയും, അനുഭവങ്ങളും, ഇടവകയുമൊക്കെ നിറയുമ്പോൾ ഈ മനുഷ്യരൊക്കെ ഇത്രമേൽ 'സോഫ്റ്റ്' ആയിരുന്നോ എന്നായിരുന്നു എന്റെ ചിന്ത.

6.00 മണി: രണ്ടു മണിക്കൂർ നീണ്ട കടൽയാത്ര. പരാതി നിറയുന്ന കുണ്ടുംകുളവുമായി നാശമായ ഏറ്റവും മോശം പഞ്ചായത്ത് റോഡിനേക്കാൾ മോശമായിരുന്നു എങ്കിലും. പരാതികളൊന്നുമില്ലാതെ ഞങ്ങളെത്തി. തലേദിവസം 'മൺസൂൺ റേഡിയോ' ഫോണിൽ പറഞ്ഞപോലെ തിരകളുടെ പൊക്കം കുറവായിരുന്നു. കാറ്റും കുറവായിരുന്നു. (ഒരു പുതുക്കുറിച്ചിക്കാരൻ മത്സ്യ ശാസ്ത്രജ്ഞന്റെ പ്രയത്നമാണിത്. 926674411 ൽ വിളിച്ചാൽ കടലിലെ കാലാവസ്ഥ പറഞ്ഞുതരും)

ജിപിഎസ് കാണിച്ചുതന്ന ഏതോ നമ്പറിൽ വിളക്കുകളെല്ലാം തെളിച്ച് ഞങ്ങൾ കാത്തിരിക്കുകയാണ്. ഓഫീസുകളിലും, റേഷൻ കടകളിലും, സാധനങ്ങൾക്കായും, ഇന്റർവ്യൂവിനും അക്ഷമരായി പിറുപിറുപ്പിന്റെ കൂട്ടോടെ കാത്തിരിക്കുന്ന മക്കളുടെയും ഭാര്യമാരുടെയും ഇടയിൽ ശാന്തമായി ഇവരിരിക്കുന്നു. ചൂണ്ടയുമായി രാത്രി മുഴുവനും ഇതേ ഇരുപ്പിരിക്കാനും തയ്യാറാണ് ഇവർ.

സമയം 7.00 : ഒടുവിൽ കടലിൽ പ്രതീക്ഷയുടെ തിരയിളക്കം. കടലിന്റെ അടിത്തട്ടിലെവിടെയോ, വാവയും, പൊള്ളലും, ചൂരയുമുണ്ടെന്നവർക്ക് ഉറപ്പ്; മീനുകൾ വരിവരിയായി നിൽക്കുന്നുപോലും. എനിക്ക് മീൻ പോയിട്ട് അടുത്തുനിൽക്കുന്ന ആളെപോലും കാണാനാവുന്നില്ല.

9.00 : 'വാവ' മീൻ ചൂണ്ടയിൽ കുരുങ്ങില്ല. ഇനി എന്തുചെയ്യും? മീൻ ഞങ്ങളുടെ ലൈറ്റിന്റെ വെളിച്ചത്തിലുണ്ട്, നല്ല വിലകിട്ടുന്ന മീൻ, പക്ഷേ, കോരിയെടുക്കാൻ ചൂണ്ടപ്പണിക്കാർക്കെവിടെ വല. എന്തുചെയ്യും? ഒട്ടും താമസിയാതെ അജിത്ത് അകലെയുള്ള വലക്കാർക്ക് സിഗ്നൽ കൊടുത്തു. വലയുമായെത്തിയ അവർ പണി തുടങ്ങി. വലയും വള്ളവും നിറയെ മീൻ. അങ്ങനെ പേരുപോലും അറിയാത്ത, വേറേതോ ഇടവകയിലെ ഏതോ വള്ളക്കാർ, അദൃശ്യമായൊരു ഉടമ്പടിയിലുള്ളതുപോലെ, പകുത്തു, ഒരു പങ്ക് ഞങ്ങളുടെ വള്ളത്തിലേക്കിട്ടു, പിന്നെ പതിയെ തിരിച്ചും പോയി. പണത്തിന്റെ കൂട്ടിക്കിഴിക്കലുകളൊക്കെ കരയിൽ മറന്നുവച്ചിട്ടുവന്ന ഈ മനുഷ്യരൊക്കെ പതിയെ പതിയെ വീണ്ടും വളരുകയായിരുന്നു.

ഭാര്യമാർ കെട്ടിക്കൊണ്ടുവന്ന ചോറും ചമ്മന്തിയും മീനും സന്തോഷത്തോടുകൂടെ ഉണ്ണുകയാണ് അവർ. സ്നേഹപൂർവ്വം എനിക്കുമൊരു പങ്ക് വച്ചുനീട്ടി. കിട്ടിയ മീനെല്ലാം ഐസിട്ട് പെട്ടിയിലാക്കിയ ശേഷം, ചൂണ്ടയിൽ ഇരയും കൊരുത്ത് അവർ കാത്തിരിക്കുമ്പോൾ കടൽ ചൊരുക്കിന്റെ അവശതയിലായിരുന്നു ഞാൻ. പിന്നെ ഓരോ പ്രാവശ്യം കടൽചൊരുക്കിന്റെ അവശതയിലേക്ക് വീഴുമ്പോഴും ഉണരുമ്പോഴും, പെരുമഴപെയ്തപ്പോഴും ഇടിവെട്ടിയപ്പോഴും എന്റെ കണ്ണുകൾക്ക് മുൻപിൽ ചൂണ്ട ചരടുകളിൽ വിരൽ ചേർത്ത് ക്ഷമയോടെ രാത്രിമുഴുവൻ ഇവർ മൂന്നുപേരും അങ്ങനെ തന്നെയിരിക്കുകയായിരുന്നു. പ്രതിമകളെപ്പോലെ ഒരടിത്തറയുമില്ലാത്ത ഈ ഫൈബർ വള്ളത്തിൽ, ആടിയുലയുമ്പോഴും അങ്ങനെതന്നെ ക്രമം തെറ്റിയവരായി, ക്രമമില്ലാത്തവരായി.

കാരണം രാത്രികളിൽ നിങ്ങളുറങ്ങുമ്പോൾ അവർ പുറം കടലിൽ പണിയിലായിരുന്നു. പുലർച്ചെ നിങ്ങളുണരുമ്പോൾ അവർ ചുമടുകളായി മീൻ കൊണ്ടുവരികയായിരുന്നു. നിങ്ങൾ തയ്യാറെടുപ്പുകളോടെ രാവിലെ ജീവിതം തുടങ്ങുമ്പോൾ അവർ വല വൃത്തിയാക്കുകയായിരുന്നു. നിങ്ങൾ ജോലിക്കിരുന്നപ്പോൾ അവർ ഷീറ്റിട്ട കൂരകൾക്കുകീഴെ വിയർത്തുറങ്ങുകയായിരുന്നു. നിങ്ങൾ ജോലിയും, പഠനവും കഴിഞ്ഞിറങ്ങുന്നതിന് മുൻപേ അടുത്ത ദിവസത്തെ തന്റെ പങ്കും തേടി അവർ യാത്ര തുടങ്ങിക്കഴിഞ്ഞിരിക്കുന്നു!

നമ്മുടെ തന്നെ കണക്കുകൾ പ്രകാരം 1500 ൽ അധികം കട്ടമരങ്ങളിലും 2000 ത്തിലധികം മരങ്ങളിലും ആയിരത്തിലധികം ഔട്ട് ബോർഡ് എഞ്ചിൻവള്ളങ്ങളിലും 700 ൽ അധികം ബോട്ടുകളിലുമായി (Socio Economic & Pasteral Survey 2011) നമ്മുടെ തീരങ്ങളിൽ ജോലി ചെയ്യുന്ന ഈ സഹോദരങ്ങളായിരുന്നു ഗൾഫിലേക്കും, സ്കൂളുകളിലേക്കുമൊക്കെയയച്ച് നമ്മുടെ വളർച്ചകൾക്ക് തുടക്കമിട്ടത്. അവരെ ഓർക്കാനും അനുമോദിക്കാനും പ്രാർത്ഥിക്കാനും ഒരു ദിവസമുണ്ടായിരിക്കെ, അന്നെങ്കിലും അവരെ നമുക്ക് മറക്കാതിരിക്കാം. അവരുടെ വിരിഞ്ഞ മാറിൽ, ബലിഷ്ഠമായ കൈകളിൽ നമ്മുടെ ചരിത്രവും, ഭാവിയുമൊക്കെ ഭദ്രമായിരിക്കട്ടെ. ■



ലേഖനം

ജോസഫ് ടി. വട്ടമല, പുനലൂർ

# ഓർമ്മിക്കാൻ ഒരു ജന്മദിനം



2016 വർഷങ്ങൾക്കുമുൻപ് ഗലീലിയയിലെ നസ്രത്തിൽ മറിയം എന്ന സുന്ദരിയും സുശീലയുമായ സ്ത്രീയുടെ പക്കലേക്ക് ദൈവത്തിന്റെ അടുത്ത ദൂതനായ ഗബ്രിയേൽ അയയ്ക്കപ്പെട്ടു. അത് ലോകചരിത്രത്തിൽ ആദ്യമായി ദൈവം മനുഷ്യസ്ത്രീയിലേക്ക് ഇറങ്ങിവന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു വിവരം അറിയിക്കുന്ന രംഗമായിരുന്നു. അതെ തന്റെ ഏകപുത്രനായ 'എമ്മാനുവേൽ' എന്ന ഈശോ ഭൂമിയിൽ ജാതനാക്കാൻ ഇഷ്ടപ്പെടുന്ന വിവരം, താൻ മകനെ ലോകത്തിന് നൽകാൻ ഇഷ്ടപ്പെടുന്ന വിവരം, അറിയിക്കുകയായിരുന്നു ലക്ഷ്യം. ദൈവദൂതനും വളരെ സംതൃപ്തനായിരുന്നു. കാരണം ലോകത്തിന് വരാനിരിക്കുന്ന മഹാഭാഗ്യം താൻ വഴി തന്റെ യജമാനൻ അറിയിക്കാൻ തുനിഞ്ഞത് തന്റെ ഭാഗ്യമായി അദ്ദേഹം കരുതി. ഒപ്പം നിത്യരക്ഷയ്ക്കുള്ള വാതിലുകൾ മനുഷ്യൻ തന്റെ അവിവേകം മൂലം സ്വയം അടച്ച കാലഘട്ടം അവന് തന്നെ വിനയായിരിക്കുന്ന സമയത്ത് താനറിയിക്കുന്ന ഈ വാർത്ത അവന് സ്വർഗസൗഭാഗ്യം എന്നെന്നേയ്ക്കുമായി തിരിച്ചുകൊടുക്കും എന്നും ദൂതനറിയാമായിരുന്നു. അതുകൊണ്ടുതന്നെ മറിയത്തെ കാണാൻ ചെന്ന ഗബ്രിയേൽ മാലാഖ വാർത്ത മറിയത്തെ അറിയിക്കാനായി തിടുക്കത്തിലുമായിരുന്നു.

മാതാപിതാക്കളുടെയും ദേശക്കാരുടെയും സർവോപരി ദൈവത്തിന്റെ ഓമനയായി വളർന്ന മറിയം എന്ന പെൺകുട്ടിക്ക് ദൈവം തന്നിലൂടെ ലോകത്തിന് നൽകുവാനിരിക്കുന്ന മഹാഭാഗ്യത്തെക്കുറിച്ചറിയില്ലായിരുന്നു. എങ്കിലും അവൾ എന്നും ദൈവോന്മുഖമായിട്ടാണ് ജീവിച്ചിരുന്നത്. എന്നാൽ കുടിൽ തൊട്ടു കൊട്ടാരം വരെയുള്ള പല സ്ത്രീകളും കാലേക്കൂട്ടിത്തന്നെ ദൈവം വാഗ്ദാനം ചെയ്തിരുന്ന രക്ഷകന്റെ മാതൃപദം ആഗ്രഹിക്കുകയും, കാത്തിരിക്കുകയും ചെയ്തിരുന്നു. ഇവിടെയാണ് മറിയം വ്യത്യസ്തയായത്. സാധാരണക്കാരിയായ അവൾ മാതാപിതാക്കളെ അനുസരിച്ചും സഹായിച്ചും ദൈവഭയത്തിലൂന്നിയ ജീവിതം നയിക്കുക മാത്രം ചെയ്തു. മറ്റൊന്നിനെക്കുറിച്ചും അവൾ ഖിന്നയായിരുന്നില്ല.

മറിയം വീട്ടിൽ തനിയേയിരിക്കുമ്പോൾ ഒരുനാൾ തന്റെ പ്രാർത്ഥനാമുറിയിൽ കാണപ്പെട്ട അസാധാരണ വെളിച്ചവും. 'മറിയം' എന്ന സംബോധനയും മറിയത്തിൽ ഞെട്ടലുളവാക്കി. എങ്കിലും അവൾ വിളികേട്ടു. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി; കർത്താവ് നിന്നോടുകൂടെ (ലൂക്ക 1:28) എന്ന ദൂതൻ ഉദിരണം ചെയ്തപ്പോൾ പാവം ഭയന്നുപോയി. അവിവാഹിതയായ താൻ ഒരു കുഞ്ഞിന് ജന്മം നൽകുമത്രേ! ആ കുഞ്ഞും അനുഗ്രഹീതനത്രേ! വീട്ടുകാരറിഞ്ഞാൽ, നാട്ടുകാരറിഞ്ഞാൽ എന്റെ ഇത്രയും കാലത്തെ ജീവിതവും സൽപ്പേരുമെല്ലാം കളഞ്ഞുകുളിക്കാനോ? അവൾ സമനില വീണ്ടെടുത്തു ധൈര്യം സംഭരിച്ചു ദൂതനോടാരാഞ്ഞു. 'ഇതെങ്ങനെ സംഭവിക്കും' ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ (ലൂക്ക. 1:34) ദൂതൻ പുഞ്ചിരിച്ചുകൊണ്ട് മറിയത്തിന്റെ ആശങ്കകൾ അകറ്റിയത് നാം ബൈബിളിൽ വായിക്കുന്നുണ്ടല്ലോ. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ 'ഫിയാത്ത്', അങ്ങനെ സംഭവിക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് മറിയം സ്വന്തം കർത്താവിന് ദാസിയായി വിട്ടുകൊടുത്തു.

തന്റെ സംശയ നിവർത്തിക്കായി ദൂതൻ പറഞ്ഞതു പ്രകാരം മറിയം തന്റെ ഇളയമ്മയെ പോയി കണ്ടതും എലീശ്ബായുടെ ഉദരത്തിൽ വളരുന്ന കുട്ടി കുതിച്ചുചാടിക്കൊണ്ട് തന്റെ

*ശേഷം 40-ാം പേജിൽ*

ലേഖനം

ഗീതാ നസീർ

# യേശുവിന്റെ രക്തസാക്ഷിത്വത്തിന് മുമ്പിൽ പ്രണാമം

ലോകത്തെ വ്യത്യസ്തമായ രക്തസാക്ഷി കുരിശിൽ തറച്ച് ചോര വാർന്നൊലിക്കുന്ന രൂപം മനസ്സിലാണ് തറയ്ക്കപ്പെട്ടത്. അടിമസമ്പ്രദായം നിലനിന്ന കാലത്തെ യേശുക്രിസ്തു മാനവികതയ്ക്കുവേണ്ടി നടത്തിയ പോരാട്ടമാണ് എന്നെ ഏറ്റവും ആകർഷിച്ച ഘടകം. മനുഷ്യനിൽ അടിയുറച്ച് വിശ്വസിക്കുന്ന ശീലമുള്ളതുകൊണ്ടുകൂടിയാണ് ഒരു ഉയർത്തെഴുന്നേൽപ്പ് വിമോചനഗാഥയായി കാണാൻ താൽപ്പര്യപ്പെടുന്നത്. മനുഷ്യമോചനത്തിലേക്ക് ആത്യന്തികമായി മനുഷ്യകുലം ഉയർത്തെഴുന്നേൽക്കണമെന്ന മാർക്സിയൻ തത്വശാസ്ത്രത്തിന്റെ പൊരുൾ തേടാൻ വിമോചന വൈദ്യശാസ്ത്രവും തയ്യാറായ കാലത്താണ് കുരിശേറ്റുകാരനെക്കുറിച്ച് ഒരു തുറന്ന ചിന്തയ്ക്ക് ഞാനൊരുങ്ങുന്നത്.

ക്രിസ്മസ് ആഘോഷങ്ങളുടെ പൊലിമയിൽ അതിനപ്പുറം ആഘോഷങ്ങൾക്കുള്ള മാനങ്ങളെ പുൽകുന്ന ക്രൈസ്തവസഭയും വിശ്വാസികളും ലോകത്തിന് മുന്നിൽ വയ്ക്കുന്ന സന്ദേശമെന്താണ്? എവിടെ മാനവർ ഉഴലുന്നുവോ അവിടെ ഈ നാഥന്റെ കരസ്പർശമുണ്ടാകും എന്ന വചനത്തിൽ യേശുവിന്റെ വിമോചനതത്വം പൂർണമായും അടങ്ങിയിട്ടുണ്ട്. അതുകൊണ്ടാണ് ലോകത്തെ ഒരു ശതമാനത്തിനെതിരെ 99 ശതമാനത്തോടൊപ്പം നിൽക്കാൻ വത്തിക്കാനിൽ നിന്നും മാർപാപ്പ ആഹ്വാനം ചെയ്തത്. വിശക്കുന്ന ഒരാളെങ്കിലും ഭൂമുഖത്തുണ്ടെങ്കിൽ അവനൊപ്പമാണ് ദൈവമെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചത്.

അതുതന്നെയാണ് പ്രശ്നവും. മനുസ്മൃതിയനുസരിച്ച് ഇന്നൊരാൾ നരകിക്കുന്നുണ്ടെങ്കിൽ അത് കഴിഞ്ഞ ജന്മത്തിൽ അവൻ ചെയ്ത പാപത്തിന്റെ ഫലമാണ്. ഇസ്ലാംമത വിശ്വാസം വിശക്കുന്നവന് സക്കാത്ത് നൽകണമെന്നും വരുമാനത്തിന്റെ ഒരു പങ്ക് ഇതിനായി നീക്കിവയ്ക്കണമെന്നുമാണ് അനുശാസിക്കുന്നത്. ബുദ്ധന്റെ നിർവ്വാണത്തിന് ഹേതുവാകുന്നത് മനുഷ്യന്റെ അനന്തമായ ദുരന്തം നൽകിയ നോവും അറിവുമാണ്. വിഭിന്നമതങ്ങൾക്ക് പലവിധ സമീപനങ്ങളും ന്യായങ്ങളുമുണ്ട്. മനുഷ്യവിമോചനം എങ്ങനെ സാധ്യമാകുമെന്നിടത്താണ് നമുക്കുള്ള ഉത്തരങ്ങളും ഉണ്ടാകേണ്ടത്.

ലോകരാഷ്ട്രങ്ങളിൽ തികഞ്ഞ വ്യത്യസ്തത പുലർത്തുന്ന രാജ്യമാണ് നമ്മുടേത്. ഒന്നാമത് ഇതൊരു



മതരാഷ്ട്രമല്ല. സാമ്രാജ്യത്വ അധിശത്വം ഇവിടെ നിലനിൽക്കുന്നില്ല. അതേസമയം മുതലാളിത്ത കോർപ്പറേറ്റ് പ്രീണനമുണ്ടുതാനും. അത് രാജ്യത്തിന്റെ സാമ്പത്തികനയവശം. എന്നാൽ തികച്ചും വൈഷ്ണികമായ ഒരു ദർശനമഹത്വം ഈ രാജ്യത്തിനുണ്ട്. വൈലോപ്പിള്ളി ശ്രീധരമേനോൻ പറഞ്ഞതുപോലെ ലോകമേ തറവാട് തനക്കീ ചെടികളും പുൽകളും പുഴുക്കളും കൂടി തൻ കുടുംബക്കാർ, ത്യാഗമെന്നതേ നേട്ടം താഴ്മതാൻ അഭ്യുന്നതി, ലോകത്തേവം ജയിച്ചീടുമെൻ ഗുരുനാഥൻ." - അഥവാ വസുധൈവ കുടുംബസങ്കൽപ്പം അതീദർശനങ്ങളുടെ അന്തർധാരയാണ്. ഭാരതത്തിന്റെ ഈ ദർശനമുഖത്ത് കരിവാരിത്തേക്കുന്ന സംഭവങ്ങൾ പലതും രാജ്യത്ത് നടക്കുന്നുണ്ട്. അന്യമതവൈര്യം വളർത്തുന്ന സംഘങ്ങൾ ശക്തിപ്പെടുന്നതിന്റെ തിക്തഫലങ്ങളും നാം അനുഭവിക്കുന്നു. മറ്റ് മതവിശ്വാസകേന്ദ്രങ്ങളും വിശ്വാസ ജനവിഭാഗങ്ങളും ആക്രമിക്കപ്പെടുന്ന സ്ഥിതി ആസാവഹമല്ല. ഭരണഘടന വിഭാവനം ചെയ്യുന്ന സഹിഷ്ണുതയും സഹവർത്തിത്തവും മതേതരമൂല്യങ്ങളും കാത്തുസംരക്ഷിക്കേണ്ടതുണ്ട്. അതേസമയം മതതീവ്രവാദത്തേയും ഭീകരവാദത്തെയും അപലപിക്കുകയും വേണം. ഏതെങ്കിലുമൊരു മതവിശ്വാസം മറ്റ് മതങ്ങളോടുള്ള ശത്രുതയ്ക്ക് ആയുധമാക്കപ്പെടുന്നു എന്നതാണ് ഇതിനുള്ള കാരണം. വിശ്വാസം തികച്ചും വ്യക്തിപരമാണെന്നിരിക്കെ അതിന് പ്രകടനപരതയുടെ അതിപ്രസരം സൃഷ്ടിച്ച് മതവിദ്വേഷികൾക്ക് അവസരം നൽകാതിരിക്കലാണ് അതിനെ നേരിടാനുള്ള ഒരു വഴി. മതഭ്രാന്ത് പിടികൂടുമ്പോൾ അത് തകർക്കുന്നത് മതവിശ്വാസികളെ മാത്രമല്ല, ഒരു ജനസമൂഹത്തെക്കൂടിയാണ്.

സമ്പത്തിന്റെ നിധികുംഭങ്ങളാണ് ഇന്നത്തെ ഓരോ വിശ്വാസകേന്ദ്രങ്ങളും. അമ്പലങ്ങളും പള്ളികളും ദേവാലയങ്ങളും സ്വീകരിക്കുന്ന ആഡംബരശൈലി അതാത് മതങ്ങളിലെ വിശ്വാസികളുടെ ദാരിദ്ര്യത്തിന് മുകളിൽ ചവിട്ടിനിന്നാകരുത്. അഗതികൾക്കും അശരണർക്കും ആശ്രയമാകുന്ന മതങ്ങളെ വിശ്വാസികൾക്കിടയിൽ അവമതിക്ക് കാരണമാകുന്ന പുരോഹിത നടപടികൾ വിമർശനവിധേയമാക്കണം, തിരുത്തപ്പെടണം. അന്നന്നത്തെ അപ്പത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന നിരാലംബർക്ക് അല്ലെങ്കിൽ അവരുടെ മതവിശ്വാസം തുണയാകാതെ പോകും.

എല്ലാ മതങ്ങൾക്കും ഈ തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. ഇവിടെയാണ് യേശുവിന്റെ രക്തസാക്ഷിത്വം സ്മരിക്കപ്പെടേണ്ടത്, വായിക്കപ്പെടേണ്ടത്, വാഴ്ത്തപ്പെടേണ്ടത്. ഇക്കാരണത്താൽ മനുഷ്യസ്നേഹിയും മനുഷ്യവിശ്വാസിയുമായ അവിശ്വാസിയായ ഞാൻ യേശുവിനെ എന്റെ മനസ്സിൽ പ്രതിഷ്ഠിക്കാൻ ഇഷ്ടപ്പെടുന്നു. ആ ശരീരത്തിൽ തറയ്ക്കപ്പെട്ട അണികൾ എന്റെ നെഞ്ചിൽക്കൂടി താഴ്ന്നിറങ്ങി ചോര ധാരധാരയായി ഒഴുകുന്നു, മനുഷ്യകുലത്തിലേക്ക്, അവന്റെ വകതിരിവോടെയുള്ള ഉയർത്തെഴുന്നേൽപ്പിലേക്ക്.... ക്രിസ്മസ് ആഘോഷിക്കാറുണ്ട്. മാർക്സിയൻ സൗന്ദര്യശാസ്ത്രത്തെ പുൽകുന്ന എന്നെപ്പോലുള്ളവർക്ക് അതിന് കഴിയുന്നത് മാനവികതയ്ക്കു വേണ്ടി ചിന്തിയ രക്തത്തിന്റെ പേരിലാണ്. രക്തസാക്ഷിത്വത്തിന്റെ പേരിലാണ്. നല്ല ക്രിസ്ത്യാനിക്ക് മനുഷ്യസ്നേഹിയേ ആകാൻ പറ്റൂ. ■

*പേജ് 38 ന്റെ തുടർച്ച*

സന്തോഷമറിയിച്ചതും നാം വായിക്കുന്നുണ്ട്. മറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രാപിച്ചുതുടങ്ങിയ ഈശോ ആദ്യമായി പാപത്തിൽ ജനിച്ച ഒരു മനുഷ്യപ്രജയെ സന്തോഷിപ്പിക്കുന്ന കാഴ്ചയാണ് നാമിവിടെ കാണുക. യോഹന്നാനായിരുന്നു ആ ഭാഗ്യവാൻ. തുടർന്ന് മരപ്പണിക്കാരനായ ജോസഫ് എന്ന സാധു ചെറുപ്പക്കാരൻ ദൈവത്തിന്റെ ആന്തരിക പ്രവർത്തനത്തിന് വിധേയനായി ഗർഭിണിയായ മറിയത്തെ വിവാഹം ചെയ്യുന്നു. വിവരങ്ങൾ അറിഞ്ഞപ്പോൾ ഏതൊരു സാധാരണ ചെറുപ്പക്കാരനെയും പോലെ അവളെ ഉപേക്ഷിക്കാൻ പോലും അദ്ദേഹം ആലോചിക്കുന്നു. എന്നാൽ സർവതും നടത്തുന്ന ദൈവം അവരെ രണ്ടുപേരെയും ബത്‌ലഹെം വരെയെത്തിച്ചു. അവാസനം ഒന്ന് തലചായ്ക്കാൻ പോലും ഇടം കിട്ടാത്ത സാഹചര്യത്തിലും മറിയം തന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കി. അതായിരുന്നു ഭാഗ്യവാന്മാരായ ആട്ടിടയന്മാർ രാത്രിയുടെ യാമങ്ങളിൽ ശ്രവിച്ചത്, "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം." (ലൂക്ക 2:14). ഒരു കൂട്ടം മാലാഖമാർ ദൈവതിരുസുതന്റെ തിരുപ്പിറവി ആദ്യമായി ലോകത്തിലെ മനുഷ്യരെ അറിയിക്കുകയായിരുന്നു. തുടർന്ന് നാം കാണുന്നത് മൂന്നുരാജാക്കന്മാരുടെ സന്ദർശനവും ജന്മദിനാശംസകളും ഒരു വശത്തും, ഭീതിയും കോപവും മൂത്ത് ദൈവസുതനെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ഒരു രാജാവിനെ മറുവശത്തുമാണ്.

ആദിമാതാപിതാക്കളുടെ അവിവേകം മൂലം സ്ഥിരമായി നഷ്ടപ്പെട്ടുമായിരുന്ന സ്വർഗസൗഭാഗ്യം. നിത്യരക്ഷ എന്നിവ ദൈവജനത്തിന് തിരികെ നൽകാമെന്ന പിതാവിന്റെ വാഗ്ദാനം നിറവേറിയതാണ് 'ക്രിസ്മസ്' അഥവാ 'തിരുപ്പിറവി' എന്ന ലോകമഹാസംഭവത്തിലൂടെ നാം ആചരിക്കുന്നത്.

ലോകചരിത്രത്തെ തന്നെ രണ്ടായി വിഭജിച്ച ഒരു ജന്മദിനത്തിന്റെ ഓർമ്മയാണ് നാം ഇപ്പോൾ ആചരിക്കുന്നത്. എന്തുകൊണ്ടും ഈ ജന്മദിനം നമ്മെ സംബന്ധിച്ചിടത്തോളം ഒരു ആത്മപരിശോധനയ്ക്കുള്ള സുദിനം തന്നെ. അർത്ഥവത്തായി ഓർക്കുവാനും ഭാവിജീവിതം പുനഃക്രമീകരിക്കാനും അങ്ങനെ ദൈവദൂതന്മാർ പാടിയാശംസിച്ച "ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" നേടി ആശ്വസിക്കാനും ഈ ക്രിസ്മസ് നമ്മെ സഹായിക്കട്ടെ.

ഏവർക്കും ഹൃദയം നിറഞ്ഞ ക്രിസ്മസ് ആശംസകൾ. ■



# അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

## ഇടവക കൗൺസിൽ നിലവിലുള്ളപ്പോൾ വേറെ റിസോഴ്സ് ടീമിന്റെ ആവശ്യമുണ്ടോ?

പല ഇടവകകളിലും ഇടവക കൗൺസിൽ അംഗങ്ങളും ചില യൂണിറ്റ് ഭാരവാഹികളും പങ്കുവയ്ക്കുന്ന ഒരു ആശങ്കയാണ് അതിരൂപതാ നിയമാവലി അനുസരിച്ച് ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ട് സത്യപ്രതിജ്ഞ ചെയ്ത ഇടവക കൗൺസിൽ നിലവിലുള്ളപ്പോൾ ഇനിയുമൊരു റിസോഴ്സ് ടീമിന്റെ ആവശ്യമുണ്ടോ? അതിന്റെ പ്രസക്തിയെന്ത്? റിസോഴ്സ് ടീം അംഗങ്ങളുടെ പ്രവർത്തന മേഖല ഏതൊക്കെ?

ഇടവകയുടെ അനുദിന ജീവിതവുമായി ബന്ധപ്പെട്ട് ഇടവക സമൂഹത്തിന്റെ സമഗ്രവളർച്ചക്കുവേണ്ടി നയരൂപീകരണം നടത്തി, തീരുമാനങ്ങളെടുത്ത്, കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് അവ നടപ്പിലാക്കുന്ന ഔദ്യോഗിക സമിതിയാണ് ഇടവക കൗൺസിൽ.

ഇടവക കൗൺസിൽ അംഗങ്ങൾ തുറന്നമനസ്സോടെ ഇടവകയുടെ വളർച്ചയെ ലാക്കാക്കി പ്രവർത്തിക്കുമ്പോൾ, എല്ലാം കൗൺസിൽ മാത്രമെ ചെയ്യാവൂ എന്ന സങ്കുചിത മനോഭാവം വെടിയണം. ഈ പ്രക്രിയയിൽ ഇടവക കൗൺസിൽ അംഗങ്ങളെ സഹായിക്കുവാനാണ് എല്ലാ ഇടവകകളിലും റിസോഴ്സ് ടീമിന് രൂപം നൽകേണ്ടത്.

നമ്മുടെ അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പരിഷ്ക്കരിച്ച (2015) മാർഗ്ഗരേഖയിൽ 230 മുതൽ 244 വരെയുള്ള ഖണ്ഡികയിൽ റിസോഴ്സ് ടീം അംഗങ്ങളുടെ യോഗ്യതകളും കടമകളും തെരഞ്ഞെടുപ്പ് രീതിയും സ്വഭാവവും വളരെ വ്യക്തമാണ്.

ഇടവകയിലെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെയും ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ ഇടവകതലത്തിൽ ഇടവകകൗൺസിലിൽ ആലോചിച്ച ശേഷം വികാരിയച്ചന്റെയും സിസ്റ്റർമാരുടെയും നേതൃത്വത്തിൽ ഒരു റിസോഴ്സ് ടീമിന് രൂപം നൽകണം.

### റിസോഴ്സ് ടീം അംഗങ്ങളുടെ യോഗ്യതകൾ

- ഉത്തമ ക്രിസ്തീയ വിശ്വാസ ജീവിതം നയിക്കുന്നവരും ആഴമായ വിശ്വാസവും പ്രാർത്ഥനയും ഉള്ളവരും ജനങ്ങൾക്ക് സ്വീകാര്യരുമായ വ്യക്തികളായിരിക്കണം.
- ബൈബിൾ, സഭാപഠനങ്ങൾ, ആനുകാലിക വിഷയങ്ങൾ തുടങ്ങിയവയിൽ സാമാന്യ അറിവും പരിജ്ഞാനം ഉണ്ടായിരിക്കണം.
- ഇടവക/ഫൊറോനാ/രൂപതാതല ശുശ്രൂഷകളിൽ പ്രവർത്തന പരിചയം.
- ആകർഷകമായ രീതിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ്.
- യൂണിറ്റുകൾ സന്ദർശിക്കുവാനും യോഗങ്ങൾ സംഘടിപ്പിക്കുവാനും ചർച്ചകൾ നയിക്കുവാനും ബൈബിൾ വിചിന്തനം ചെയ്യുവാനും പരിശീലനപരിപാടികളിൽ പങ്കെടുക്കുവാനും താല്പര്യവും സമയവും പ്രാപ്തിയും ത്യാഗമനസ്സും ഉണ്ടായിരിക്കുന്നവരായിരിക്കണം.

### കടമകൾ

- രൂപതയിൽ നിന്നും ഫൊറോനയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് യൂണിറ്റ് യോഗങ്ങൾ നടത്തുന്നു എന്നു ഉറപ്പുവരുത്തുക.
- പ്രവർത്തിക്കാതെ മുടങ്ങിക്കിടക്കുന്ന യൂണിറ്റുകളിലെ ഭാരവാഹികളോടൊപ്പം ഭവനങ്ങൾ സന്ദർശിച്ച് യൂണിറ്റിനെ പ്രവർത്തന നിരതമാക്കുക.
- യൂണിറ്റ് ഭാരവാഹികൾക്കും ശുശ്രൂഷാ പ്രതിനിധികൾക്കും വേണ്ട തുടർപരിശീലനവും പഠന ക്ലാസ്സും സംഘടിപ്പിക്കാൻ വികാരിയച്ചനെ സഹായിക്കുക.
- റിസോഴ്സ് ടീം അംഗങ്ങൾക്കായി ഫൊറോനതലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കുന്ന പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുക.

### തെരഞ്ഞെടുപ്പ് രീതിയും സ്വഭാവവും

ഇടവകാംഗങ്ങളിൽ നിന്നോ ഇടവക കൗൺസിൽ അംഗങ്ങളിൽ നിന്നോ ശുശ്രൂഷാ പ്രതിനിധികളിൽ നിന്നോ റിസോഴ്സ് ടീം അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ഇവിടെ പ്രാതിനിധ്യ സ്വഭാവത്തിന് പ്രസക്തി ഉണ്ടായിരിക്കുന്നതല്ല. കൗൺസിൽ അംഗങ്ങൾ മാറി വരുമ്പോൾ നിലവിലുള്ള റിസോഴ്സ് ടീം അംഗങ്ങളെ നിലനിർത്തുകയോ പുതിയ അംഗങ്ങളെ കണ്ടെത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടതാണ്. ■




# പുനർ വിവാഹം എപ്പോൾ?

കണ്ണാന്തുറ ഇടവകാംഗമാണ് ഞാൻ. 2012-ലായിരുന്നു എന്റെ വിവാഹം. ഒരു വർഷം ഞങ്ങൾ ഒരുമിച്ചു ജീവിച്ചു. ഒന്നിച്ചു ജീവിക്കാൻ കാഴിയാത്തവിധം പ്രശ്നങ്ങൾ ഉണ്ടായതിനാൽ ഞങ്ങൾ വേർപിരിയാൻ തീരുമാനിച്ചു. അതിനെത്തുടർന്ന് കുടുംബ കോടതിയിൽനിന്നും ഞങ്ങൾ വിവാഹമോചനം നേടി. ഞങ്ങളുടെ വിവാഹം അസാധുവാക്കി കിട്ടാനുള്ള കേസ് അതിരൂപതാ കോടതിയിൽ നടക്കുന്നു. എനിക്ക് പുതിയ വിവാഹാലോചന വരികയും, സഭാപരമായി ഞങ്ങളുടെ വിവാഹം നടത്താൻ വീട്ടുകാർ തീരുമാനിക്കുകയും ചെയ്തു. 2012-ലെ എന്റെ വിവാഹം അതിരൂപതാ കോടതിയിൽനിന്നും അസാധുവാക്കി കിട്ടിയാൽ ഒരാഴ്ചയ്ക്കകം എന്റെ വിവാഹം നടത്താനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം(CIC)1085, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 802 പ്രകാരം മുൻ വിവാഹത്തിന്റെ അസാധുതതയോ വേർപെടുത്തലോ നിയമപരമായും നിശ്ചിതമായും സ്ഥാപിക്കപ്പെടുന്നതിനുമുമ്പ്, മറ്റൊരു വിവാഹം നടത്തുന്നത് നിയമപരമല്ല / അനുവദനീയമല്ല. അതായത്, ഒരു വ്യക്തി നിയമപരമായി പുനർവിവാഹം നടത്തുന്നതിന് മുമ്പ് അയാളുടെ മുൻ വിവാഹം സംശയാതീതമായി അസാധുവായി പ്രഖ്യാപിക്കുകയോ വേർപെടുത്തുകയോ ചെയ്യേണ്ടതാണ്, സഭാപരമായി പുതിയൊരു വിവാഹത്തിലേക്കു പ്രവേശിക്കുന്ന വ്യക്തി സിവിൽ പരമായും സഭാപരമായും നിയമപരവും സുനിശ്ചിതവുമായ രീതിയിൽ തന്റെ മുൻ വിവാഹം വേർപെടുത്തേണ്ടതാണ്.



CIC 1630-1633, CCEO 1311, 1313, 1314 എന്നിവ സഭാകോടതി വിധിയിന്മേൽ അപ്പീൽ സമർപ്പിക്കേണ്ട സമയപരിധി പ്രതിപാദിക്കുന്നു. CIC 1630, CCEO 1311 പ്രകാരം വിധി പ്രസിദ്ധീകരിച്ച് അറിയിച്ച ശേഷം 15 കാനോനിക ദിവസങ്ങൾക്കുള്ളിൽ (നിഷേധിക്കാനാകാത്തതും ലഭ്യവുമായ ദിവസങ്ങൾ) അപ്പീൽ സമർപ്പിക്കേണ്ടതാണ്. MIDI (Mitis Index Dominus Iesus) 1679, MESI (Mitis Et Misericors Iesus) 1367 പ്രകാരം വിധി പ്രസിദ്ധീകരിച്ചതായുള്ള അറിയിപ്പ് ലഭ്യമായ ശേഷം 15 കാനോനിക ദിവസങ്ങൾ പിന്നിട്ടാൽ, അർഹതയുള്ള വ്യക്തികളിലാരും അപ്പീൽ സമർപ്പിച്ചിട്ടില്ലെങ്കിൽ സഭാകോടതിവിധി നടപ്പിലാക്കാവുന്നതാണ്.

മുകളിൽ വിവരിച്ച നിയമങ്ങൾ രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു: (1) സഭാകോടതി വിധി പ്രസിദ്ധീകരിച്ച് അറിയിക്കണം. പ്രസ്തുത അറിയിപ്പ്, വിധിക്ക് ആസ്പദമായ കേസിന്റെ അപേക്ഷകനും എതിർകക്ഷിക്കും ലഭിച്ചിരിക്കണം. വിധി പ്രസിദ്ധീകരിച്ചതായുള്ള അറിയിപ്പ് ചില സന്ദർഭങ്ങളിൽ വളരെ വൈകിയായിരിക്കും കേസിലെ എതിർകക്ഷി മനസ്സിലാക്കുന്നത് (എതിർകക്ഷിക്ക് ലഭിക്കുന്നത്). വിവാഹം അസാധുവാക്കിക്കൊണ്ടുള്ള സഭാകോടതി വിധികൾ തുടർന്നു വരുന്ന മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ (സമന്വയ) പ്രസിദ്ധീകരിക്കാറുണ്ട്. ആയതിനാൽ, സഭാകോടതിവിധിയുടെ രൂപതാ ബുള്ളറ്റിനിലെ പ്രസിദ്ധീകരണം കേസിലെ ഇരു കക്ഷികൾക്കുമുള്ള പൊതു അറിയിപ്പു കൂടിയാണ്. (2) കേസുമായി ബന്ധപ്പെട്ട് നിയമപരമായി അർഹതയുള്ള വ്യക്തിയ്ക്ക് ആവശ്യമെങ്കിൽ അപ്പീൽ സമർപ്പിക്കാൻ 15 കാനോനിക ദിവസങ്ങൾ നല്കിയിരിക്കണം. ഞായറാഴ്ചകളും സഭാപരമായ അവധി ദിവസങ്ങളും മറ്റു ചില അനിവാര്യമായ സന്ദർഭങ്ങളും കൂടി പരിഗണിച്ചാൽ 15 കാനോനിക ദിവസങ്ങൾ പതിനേഴിൽ കുറയാത്ത ദിവസങ്ങൾ വരെയാകാം.

ഇനി താങ്കളുടെ സമശയത്തിലേക്കു വരുന്നു. സിവിൽ ഡിവോഴ്സ് നേടിയ സ്ഥിതിയ്ക്ക് സഭാപരമായി വിവാഹബന്ധം വേർപെടുത്തിയതായുള്ള വിധി പകർപ്പ് ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സഭാപരമായി പുനർവിവാഹം നടത്താനാകുമോ എന്നതാണ് താങ്കളുടെ സംശയം. CIC 1630, CCEO 1311, MIDI 1679, MESI 1367 എന്നിവ പ്രകാരം വിവാഹം വേർപെടുത്തിയതായി താങ്കൾക്കു ലഭിക്കുന്ന സഭാകോടതി വിധി പ്രസിദ്ധീകരിച്ചിരിക്കുന്ന തീയതി കഴിഞ്ഞുവരുന്ന മാസം 20-ാം തീയതിക്കു ശേഷമുള്ള ഒരു തീയതി പുനർവിവാഹത്തിന് തിരഞ്ഞെടുക്കാവുന്നതാണ്. ■

family corner

ഫാ. എ.ആർ.ജോൺ



# മാതാപിതാക്കൾക്കുള്ള പത്തുകല്പനകൾ

**കുട്ടികളുടെ കഴിവിനപ്പുറം പ്രതീക്ഷിക്കരുത്. പരീക്ഷയേക്കാൾ ജീവിതവും വിജയത്തേക്കാൾ വിശ്വസ്ഥതയും പ്രധാനമെന്ന് പഠിപ്പിക്കണം.**

1. കുടുംബത്തിന് ദൈവം തന്ന മഹത്തായ ദാനമാണ് മക്കൾ. അവരെ സ്നേഹിക്കുന്നതിലും ശിക്ഷണം നൽകുന്നതിലും കുറവുവരുത്തരുത്. അവർക്ക് പലപ്പോഴും ആശ്രയിക്കാവുന്ന വിശ്വസിക്കാവുന്ന ഉത്തമ സ്നേഹിതരാണ് മാതാപിതാക്കൾ. കുറ്റങ്ങൾ മാത്രം കാണുന്ന പ്രവണതയിൽ നിന്നും അനാരോഗ്യകരമായ താരതമ്യപ്പെടുത്തലിൽ നിന്നും അകലം പാലിക്കുക.

2. മക്കൾക്ക് ലഭിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ അധ്യാപനം സ്വന്തം മാതൃകവഴി പഠിപ്പിക്കുകയാണ്. മാതൃകകളായി മാതാപിതാക്കൾ മാറിയാൽ ലോകത്തെ മാറ്റിയെടുക്കാൻ അതുവഴി സാധിക്കും.

3. മക്കളുടെ സദ്പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുക. അവരുടെ കഴിവുകളും വാസനകളും കണ്ടെത്താൻ സഹായിക്കുക നേട്ടങ്ങളിൽ അഭിമാനിക്കുക, അഭിനന്ദിക്കുക.

4. മാതാപിതാക്കൾ മക്കളിന്മേൽ തുല്യഉത്തരവാദിത്വം ഏറ്റെടുക്കുക, അതേസമയം രണ്ടുപേരും ഒരേസമയം 'പോലീസുകാർ' ആകരുത്. കുട്ടികളെ തിരുത്തുമ്പോൾ മാതാപിതാക്കൾ പരസ്പരം കുറ്റം ചാരുകയോ പക്ഷം പിടിക്കുകയോ അരുത്.

5. മറ്റുള്ളവരുടെ സാന്നിധ്യത്തിൽ കുട്ടികളെ കൊച്ചാക്കുകയോ അവഗണിക്കുകയോ അരുത്. തങ്ങൾക്ക് കുടുംബത്തിൽ സ്ഥാനമില്ലെന്നും തങ്ങൾ നിസാരരെന്നും അവർക്ക് തോന്നും. മക്കളെ ഉത്തരവാദിത്വത്തോടെയും സ്വയംപര്യാപ്തതയിലും പ്രായാനുസ്രതം വളർത്തണം.

6. വളർച്ചയുടെ ഓരോ ഘട്ടത്തിലും അവബോധം നൽകി അനുധാവനം ചെയ്യുക. അല്ലെങ്കിൽ അവർ വഴി തെറ്റും എന്നതിൽ സംശയമില്ല.

7. കുട്ടികളുടെ സുഹൃത്തുക്കളോട് നിങ്ങളും സൗഹൃദം പങ്കിടുക. അവരെ വീട്ടിൽ സ്നേഹപൂർവ്വം ക്ഷണിക്കുക. അർഹിക്കുന്ന സാന്നിധ്യവും സ്വാതന്ത്ര്യവും ഭവനത്തിനുള്ളിൽ കൊടുക്കുക. അവരെ സൽക്കരിക്കുക. ഉല്ലാസത്തിലും വിനോദത്തിലും ഏർപ്പെടാൻ പ്രേരിപ്പിക്കുക. തോൽക്കാനും കളിയാക്കപ്പെടാനും നൽകാനും സ്വീകരിക്കാനും അവർ പഠിച്ച് യാഥാർത്ഥ്യബോധമുള്ള ഔദാര്യശീലരായും അവർ വളരണം.

8. കുട്ടികളുടെ കഴിവിനപ്പുറം പ്രതീക്ഷിക്കരുത്. പരീക്ഷയേക്കാൾ ജീവിതവും വിജയത്തേക്കാൾ വിശ്വസ്ഥതയും പ്രധാനമെന്ന് പഠിപ്പിക്കണം.

9. മാതാപിതാക്കളും മക്കളും ഒത്തുചേർന്ന് മൂന്ന് ആലയങ്ങളുമായി ഗാഢമായ ബന്ധം പുലർത്തണം. ഒന്ന് വിദ്യാലയം, രണ്ട് ദൈവാലയം, മൂന്ന് ആത്മാലയം. ജീവകാരുണ്യ പരോന്മുഖ പ്രവർത്തനങ്ങളിൽ കുടുംബം ഒന്നുചേർന്ന് താല്പര്യപൂർവ്വം പങ്കുചേരണം.

10. ദൈവത്തിൽ നിന്നും ഒരിക്കലും അകലരുത്. ദിവ്യബലിയിലുള്ള കുടുംബ സാന്നിധ്യം, മതപഠനക്ലാസുകളിലുള്ള പരിപൂർണ്ണ പങ്കാളിത്തം, യൂണിറ്റുകളിൽ സകുടുംബം പങ്കുചേരുന്നത്. ഒപ്പം കുടുംബത്തെ പ്രാർത്ഥനകൊണ്ടും ഹൃദ്യതകൊണ്ടും സ്നേഹം കൊണ്ടും ആലയമാക്കാനുള്ള ആത്മാർത്ഥമായ പരിശ്രമവും വേണം.

കുടുംബത്തെ ദൈവാലയമാക്കുന്നതാണ് ആത്മീയത.

ലേഖനം



# സമുദായ ദിനാഘോഷം ആർക്കുവേണ്ടി

**അന്റണി ആൽബർട്ട്**
പ്രസിഡന്റ് കെഎൽസിഎ, തിരു. അതിരൂപത
& സെക്രട്ടറി, കെആർഎൽസിസി

**കേ**രളത്തിന്റെ ചരിത്രഗതിയെ നിയന്ത്രിക്കാൻ പോന്ന ഒരു ജനസമൂഹമാണ് ലത്തീൻ കത്തോലിക്കർ. കേരളത്തിലെ 12 രൂപതകളിലായി ഏകദേശം 20 ലക്ഷത്തോളം ലത്തീൻ കത്തോലിക്കർ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒരു പരിധി വരെ അകറ്റിനിർത്തപ്പെട്ടിരിക്കുന്നു എന്നുവേണമെങ്കിൽ പറയാം. ഈ പശ്ചാത്തലത്തിലാണ് ഈ വർഷം ഡിസംബർ 3 ന് ലത്തീൻ സമുദായ ദിനം ആചരിക്കുന്നത്. "സമുദായത്തിന് സമനീതി അധികാരത്തിൽ പങ്കാളിത്തം" എന്നതാണ് ഈ വർഷത്തെ സമുദായദിന മുദ്രാവാക്യം. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വിദ്യാഭ്യാസ രംഗത്ത് അർഹമായ പങ്കാളിത്തം ലത്തീൻ സമുദായത്തിന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.

കേരളത്തിലെ ലത്തീൻ സമൂഹം സംഘടിതമായി ഒരു പ്രവർത്തന ശൈലിക്ക് തുടക്കം കുറിക്കുന്നത് 1897 ൽ ആലപ്പുഴയിൽ ആരംഭിച്ച നസ്രാണി ഭീഷണ സമാജത്തോടെയാണ്. സാമൂഹിക വിഷയങ്ങൾ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിന് വേണ്ടി കേരളത്തിലെ ലത്തീൻ കത്തോലിക്കർക്ക് ആദ്യമായി ഒരു സംഘടന വരാപ്പുഴ ആസ്ഥാനമായ 1914 ൽ രൂപംകൊണ്ട കാലത്തലിക് അസോസിയേഷനാണ് 1931 ൽ എറണാകുളം കേന്ദ്രീകരിച്ച് കൊച്ചിൻ സ്റ്റേറ്റ് ലാറ്റിൻ ക്രിസ്ത്യൻ കോൺഫറൻസ് രൂപീകരിക്കുകയും ഇതേ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ മഹാജനസഭയും രൂപംകൊണ്ട്. എന്നാൽ ഈ സമുദായ സംഘടനകളെല്ലാം കാലാന്തരത്തിൽ പല കാരണങ്ങളാൽ പ്രവർത്തന രഹിതമായി. അതുവഴി കേരളത്തിലെ ലത്തീൻ സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ ഒരു സംഘടനയും നിലവിലില്ലാതായി.

കേരളത്തിൽ ലത്തീൻ കത്തോലിക്കാർക്ക് സംസ്ഥാന സർക്കാർ സർവീസിലെ സംവരണം താഴ്ന്ന തസ്തികകളിൽ 2 ശതമാനവും മറ്റ് തസ്തികകളിൽ 3 ശതമാനവും ആയി കുറയ്ക്കാൻ നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് ചെയ്തപ്പോൾ ഈ റിപ്പോർട്ടിനെതിരെ ലത്തീൻ സമുദായം ഒറ്റക്കെട്ടായി അണിനിരന്നു. ഇത് സംസ്ഥാനത്ത് കെഎൽസിഎ എന്ന സമുദായസംഘടന രൂപം കൊള്ളാൻ കാരണമായി. 1972 മാർച്ച് 26 ന് എറണാകുളത്തുവച്ച് കെഎൽസിഎ യോഗം വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കേളന്തറ കെഎൽസിഎ എന്ന സംഘടന ഉദ്ഘാടനം ചെയ്തു. ആദ്യ പ്രസിഡന്റ് ഷെവ. കെ.ജെ.ബെർളിയും ആദ്യ ജനറൽ സെക്രട്ടറി ഇ.പി.ആന്റണിയും ആയിരുന്നു. കെഎൽസിഎ രൂപീകരണ നാളുമുതൽ ലത്തീൻ സമുദായത്തിന്റെ അവകാശ പോരാട്ടങ്ങൾക്ക് ഈ സംഘടനയാണ് നേതൃത്വം നൽകിവരുന്നത്.

ലത്തീൻ സമുദായം ഒരു സംഘടന ശക്തിയായി മാറേണ്ടതുണ്ടെന്ന് കെഎൽസിഎയുടെ രൂപീകരണം വ്യക്തമാക്കുന്നു. പല വിഭാഗങ്ങളും ഉപവിഭാഗങ്ങളും ഉൾക്കൊള്ളുന്ന ലത്തീൻ സമുദായം ഒരു ഏകീകൃത ശക്തിയായി വളരുകയും കേരളീയ സമൂഹത്തിൽ സാമൂഹ്യ രാഷ്ട്രീയ

സാമ്പത്തിക മേഖലകളിൽ ഒരു ശക്തിയായി സമുദായം മാറുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിൽ 20 ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കർക്ക് ജനസംഖ്യാ രൂപതാടിസ്ഥാനത്തിൽ അധികാരത്തിൽ പങ്കാളിത്തം ലഭിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ രാജ്യസ്നേഹം നില നിർത്തിക്കൊണ്ടുതന്നെ സമൂഹത്തിനും സമുദായത്തിനും വേണ്ടി ആത്മാർത്ഥതയും സത്യസന്ധതയുമുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സമുദായ അംഗങ്ങൾക്ക് കഴിയണം. വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടികളിൽ നിന്നുകൊണ്ട് അവയുടെ നേതൃത്വത്തിലേക്ക് കടന്നുവരുകയും സമുദായ താല്പര്യസംരക്ഷണം ഏറ്റെടുക്കുകയും ചെയ്യുകയെന്നത് ഒരു കടമായി കാണണം.

അതേപോലെ പ്രാധാന്യം അർഹിക്കുന്ന മറ്റൊരു മേഖലയാണ് പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ. സമുദായാംഗങ്ങളായ യുവതീയുവാക്കളെ ഇതിനായി സജ്ജരാക്കേണ്ടതുണ്ട്. ഇപ്പോൾ തന്നെ പിഎസ്സിയുടെ പല തസ്തികകളിലും ലത്തീൻ കത്തോലിക്കർ അർഹത നേടാത്തതുകൊണ്ട് നമുക്ക് അർഹതപ്പെട്ട ഒഴിവുകൾ മറ്റുസമുദായങ്ങൾക്ക് വീതിച്ച് നൽപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ അഭാവം സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ ലത്തീൻ സമൂഹത്തിൽ നിന്നും തുടച്ചുനീക്കപ്പെടേണ്ടതുണ്ട്. ശക്തമായ ഒരു സമുദായ മുന്നേറ്റം ആവശ്യമാണ്. ഇതിന് സമുദായം ഒറ്റക്കെട്ടായി ഐക്യത്തോടെ മുന്നേറണം. ലത്തീൻ സമുദായ അംഗങ്ങൾ എല്ലാവരും തന്നെ സമുദായ സംഘടനയെ ശക്തമായി പിൻതുണക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ പാർശ്വവൽക്കരിക്കപ്പെട്ട സമുദായമായ ലത്തീൻ കത്തോലിക്കർക്ക് സമനീതിയും അധികാരത്തിൽ പങ്കാളിത്തവും ലഭിക്കുകയുള്ളൂ എന്ന ചിന്ത എല്ലാവരിലും ഉണ്ടാകട്ടെയെന്ന് പ്രത്യാശിക്കുന്നു. ഈ വർഷത്തെ സമുദായദിനാഘോഷത്തിൽ നിന്നുമുള്ള ഊർജ്ജം വരും വർഷങ്ങളിൽ നടത്തപ്പെടുന്ന സമുദായദിനാഘോഷങ്ങൾക്ക് ശക്തിപകരട്ടെയെന്ന് പ്രത്യാശിക്കുന്നു. ■

കവിത

● മീര രാജലക്ഷ്മി



# നക്ഷത്രരാവ്

ഇലച്ചാർത്തുകളിൽ
ഇതൾപ്പൂവുകളിൽ
പൊടിമഞ്ഞുതൂവുമൊരു കാറ്റണഞ്ഞു

കരളിലനുകമ്പയുടെ
തേരേറിയതുവഴിയൊരോമൽ
താരകം വന്നണഞ്ഞു.

കീർത്തനം കേട്ടുണർന്നാവഴി ഈവഴി
പാതിരാപ്പൂവുകൾ കൺതുറന്നു
പനിനീരുതൂകുമാ കാറ്റുവന്നവനായി
സ്വാഗതഗാനമുരുക്കഴിച്ചു

പൂനിലാവിറയത്ത്
പള്ളിമണി കേട്ടുണർന്ന്
മാലാഖക്കുഞ്ഞുങ്ങൾ പാറിവന്നു.
അതിലോലലോലമായ് ചിറകുകൾ വീശി
സ്തുതിപാടി ദേവനായ് കൂട്ടിരുന്നു.

കാളിമയകറ്റിയൊരു
കനിവിന്റെ താരകം
ചക്രവാളത്തിലായ് കൺമിഴിച്ചു.

ഉടലാർന്ന് ഉയിരാർന്ന്
കനിവാർന്ന് നിറവാർന്ന്
ദേവനുയിർക്കൊള്ളുമീരാവിൻ
ലോകമവനായി ഗീതങ്ങൾ പാടീതിരുനാളിൽ
ആശാകിരണങ്ങൾ പങ്കുവച്ചു.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

ആഗമനകാലം 1-ാം ഞായർ (ഡിസം. 3)

## പൂജ്യനാകാൻ പൂജ്യമാകണം

ഏശ. 63: 16b-17; 64: 3b-8 | 1 കൊറി. 1: 3-9 | മാർക്കോ. 13: 33-37



തമ്പുരാന്റെ രണ്ടാം വരവും നമ്മുടെ അന്ത്യവിധിയും നമുക്ക് എപ്പോഴാണ് സംഭവിക്കുക എന്ന് നമുക്ക് അറിയാത്തതുകൊണ്ട് അഹങ്കാരവും ആർത്തിയും കൈവെടിഞ്ഞ് അവന്റെ വരവിനായി ജാഗരൂകതയോടെ കാത്തിരിക്കണമെന്നാണ്.

രണ്ടു നിലവിളികൾക്കിടയിലുള്ള ഒരു ശ്വാസമാണ് ജീവിതം. അമ്മയുടെ നിലവിളികൾക്കിടയിൽ ഒരുനാൾ നിങ്ങൾ നിലവിളിയോടെ പിറക്കുന്നു. മറ്റൊരുനാൾ ആരുടെയൊക്കെയോ നിലവിളികൾ തങ്ങിനിൽക്കുന്ന ഈറൻവായുവിലേക്ക് മിഴിപൂട്ടി നാം യാത്രയാകുന്നു.... എന്നിട്ടും ഈ നാം മറ്റുള്ളവരെ വധിച്ചും വിധിച്ചും മുന്നോട്ടുനീങ്ങുന്നു. ആകസ്മികമായി ഉണ്ടായ ഒരു അപകടം. കൊല്ലപ്പെട്ടത് ഒരു യുവാവാണ്. അവന്റെ മൃതസംസ്കാരചടങ്ങാണ് രംഗം. അവിടെ കൂടി നിന്നവരിൽ ആർക്കും തന്നെ വലിയ സങ്കടമുണ്ടായതായി തോന്നിയില്ല. വീട്ടിലും നാട്ടിലുമൊക്കെയായി ആവശ്യത്തിന് ചീത്തപ്പേര് സമ്പാദിച്ചെടുത്തവൻ ആയതുകൊണ്ടാവാം അവനുവേണ്ടി ആരും അലമുറ ഇടാതിരുന്നത്. അൽപ്പനേരത്തെ മൗനാചരണത്തിനുശേഷം ബിസ്കറ്റ് മുക്കാനെടുത്ത കട്ടൻ ചായയ്ക്കൊപ്പം മരണത്തെയും മരിച്ചവനേയും അവർ മുക്കി തിന്നു.

നേരം കുറച്ചായിട്ടും പ്രായം ചെന്ന ഒരപ്പനും അയാളുടെ രണ്ടുമക്കളും മാത്രം ആ കൊള്ളരുതാത്തവന്റെ കുഴിമാടത്തിനരികിൽ നിന്ന് കണ്ണീരൊപ്പുന്നത് കണ്ടു. ആരും കരയാനില്ലാത്ത ഇവനുവേണ്ടി ഇത്രയും കരയുന്നതാര് എന്നോർത്ത് കാര്യം തിരക്കിയപ്പോൾ അയാളുടെ ഉത്തരം ഇതായിരുന്നു. "ഈ മോന്റെ ഒരു കണ്ണാണ് എന്റെ മോളുടെ ജീവിതത്തിന്റെ വെട്ടം." മൂന്നുനാലു കൊല്ലങ്ങൾക്കുമുൻപ് അവൻ ദാനം ചെയ്ത പ്രകാശത്തിൽ പിടിച്ചുകയറി ജീവിതത്തിലേക്ക് വന്ന ഒരു കൊച്ചുപെൺകുട്ടി. അവന്റെ തന്നെ കണ്ണുകൊണ്ട് അവനുവേണ്ടി കണ്ണീർ പൊഴിക്കുന്നുണ്ടായിരുന്നു.

എന്നൊ ഒരിക്കൽ ചെയ്തുപോയ ചില അപരാധങ്ങളുടെ പേരും പറഞ്ഞ് ആരും അവന്റെ മുഖത്തുപോലും നോക്കാതിരുന്നതിനാലാകണം ആ 'നന്മയുടെ നയനങ്ങൾ' അവർ ആരും അറിയാതെ പോയത്.

മനുഷ്യന് എത്രനാൾ ഇങ്ങനെ ജീവിക്കാൻ സാധിക്കും? ഇന്നത്തെ സുവിശേഷഭാഗം പറയുന്നു, മനുഷ്യന് ഇനി അലസതയിലും മറ്റുള്ളവരെ വിധിച്ചും അധികാകനാൾ ജീവിക്കാനാകില്ല എന്ന്. "സമയം എപ്പോഴാണെന്ന് നിങ്ങൾക്ക് അറിവില്ല" (വാക്യം 33) എന്നാണ്. തമ്പുരാന്റെ രണ്ടാംവരവും നമ്മുടെ അന്ത്യവിധിയും നമുക്ക് എപ്പോഴാണ് സംഭവിക്കുക എന്ന് നമുക്ക് അറിയാത്തതുകൊണ്ട് അഹങ്കാരവും ആർത്തിയും കൈവെടിഞ്ഞ് അവന്റെ വരവിനായി ജാഗരൂകതയോടെ കാത്തിരിക്കണമെന്നാണ്.

റോഡിലെ സർവേക്കല്ലും ക്ഷേത്രത്തിലെ വിഗ്രഹവും ഒരേ പാറയുടെ രണ്ടുഭാഗങ്ങളായിരുന്നു. എന്നെ എന്തുകൊണ്ട് ആളുകൽ വന്ന് പൂജിക്കുന്നില്ല എന്നതാ



ണ് സർവേക്കല്ലിന്റെ പരാതി. ക്ഷേത്രത്തിലെ പൂജ്യമായ വിഗ്രഹമായതിന്റെ പിന്നിൽ അതേറ്റെടുത്ത വേദനയ്ക്ക് കണക്കില്ല. അഹം മുഴുവൻ കൊത്തിക്കളഞ്ഞ് അതിനെ ശില്പിസുന്ദരമാക്കും വരെ അത് വിധേയപ്പെട്ടു. പൂജ്യനാകാൻ പൂജ്യമായേ തീരൂ. ഗുരുവിന്റെ മുമ്പിലുള്ള വിധേയത്വവും ശരണം ഗമിക്കലുമാണ് ഒരുവനെ ക്രിസ്തുവിന്റെ വരവിനുവേണ്ടി ജാഗരൂകതയോടുകൂടിയായിരിക്കുവാൻ സഹായിക്കുക.

ഉത്സവപ്പറമ്പിൽ പടക്കംപൊട്ടിക്കുന്നത് കാണാറില്ലേ? എന്താണിതിന്റെ തത്വം എന്ന് ചിന്തിച്ചിട്ടുണ്ടോ? എന്റെ അഹമിതാ ജഗദീശന്റെ മുന്നിൽ പൊട്ടിച്ചുകളയുന്നുവെന്നാണ് വ്യാഖ്യാനം. സുഗന്ധതൈലം മറിയം ക്രിസ്തുവിന്റെ പാദങ്ങളിൽ പൊട്ടിച്ചൊഴുക്കിയതുപോലെ തിരുനാളുകളിൽ വാനത്തിൽ കത്തിയെരിയുന്ന കതിനകളും വർണശബളമാർന്ന പടക്കങ്ങളും അഹത്തിന്റെ പൊട്ടിത്തെറിക്കലായി വ്യാഖ്യാനിക്കാത്തിടത്തോളം ചില പ്രസിദേന്തിമാരുടെയും കമ്മിറ്റിക്കാരുടെയും തറവാട്ടുകാരുടെയും അഹത്തിന്റെ പ്രതിഷ്ഠകളായി തന്നെ ഇവ തുടരും. ദേ, കേട്ടില്ലേ, ഗർഭം കലക്കുന്ന വെടിയൊച്ചയുടെ മുഴക്കം! പൂത്ത പണമുള്ള ഏതോ ഒരുവന്റെ അഭിമാന പ്രഘോഷണമാണത്! കൂടുതൽ മുതൽ മുടക്കി കരിമരുന്ന് പ്രയോഗിക്കുമ്പോൾ ഈ നാടിന്റെ അഹം പൊട്ടിത്തെറിച്ച് പുതിയ ഒരവബോധത്തിലേക്ക് ജനം തിരിച്ചെത്തിയിരിക്കുന്നു എന്ന് പറഞ്ഞുപഠിപ്പിക്കുക. അല്ലാതെ, പുണ്യാളൻ അതുകൊണ്ട് സംപ്രീതനാകുന്നു എന്ന് പറയുന്നതിന് ആത്മീയ ചൂഷണം എന്നതിൽ കുറഞ്ഞ പദങ്ങളൊന്നുമില്ല വിശേഷിപ്പിക്കുവാൻ.

നിന്റെ അഹം നീ ഒളിച്ചുവച്ചിരിക്കുന്നതെവിടെയാണ് എന്ന് കണ്ടെത്തുകയാണ് ആദ്യ കർമ്മം. ഇതിനേക്കാൾ ദുസഹമായ മറ്റൊന്നില്ല. ആത്മാവെവിടെയെന്ന് ചോദിച്ച് നടത്തിയ അന്വേഷണം പോലെ തന്നെയായിരിക്കും ഇത്. ആദ്യഘട്ടങ്ങളിൽ ആർക്കും പ്രവേശനം നൽകാത്ത ചിലയിടങ്ങളിലാണത് പൂഴ്ത്തിവച്ചിരിക്കുന്നത്. അതിൽ തൊട്ടാൽ നാം ഉലയാൻ തുടങ്ങും. എന്റെ ഒറിജിനൽ സ്വഭാവം ഞാൻ പുറത്തെടുക്കുമെന്നെല്ലാം പറയാറില്ലേ? ആ ഒറിജിനലിനെ ചുറ്റിപ്പറ്റി താമസമുറപ്പിച്ചുവച്ചിരിക്കുകയാണ് നിന്റെ അഹം. എന്റെ മഹിമ, എന്റെ പ്രസംഗം, എന്റെ രചന, എന്റെ മക്കൾ, എന്റെ തറവാട്... എന്നു തുടങ്ങി എന്റെ മീശവരെ നീളും ആ നിര. ചിലതിനെപ്പറ്റി പറയുമ്പോൾ അകാരണമായി നാം ദേഷ്യപ്പെടാറുണ്ടോ? അതും അഹത്തിന്റെ മറ്റൊരു ഭാവമാണ്. ഈ അഹത്തിന്റെ വേഷങ്ങൾ മാറ്റിയാലേ അവനെ ജാഗരൂകതയോടെ സ്വീകരിക്കാൻ സാധിക്കൂ.

ഖലിൽ ജിബ്രാൻ പറയുന്ന കഥ: രാത്രിയിൽ ഒരമ്മയും മകളും എഴുന്നേറ്റു. രണ്ടുപേരും നിദ്രാടനക്കാരായിരുന്നു. ഉറക്കത്തിൽ വൃദ്ധയായ അമ്മ പറയുന്നു; 'നീ കാരണം, എടീ, എന്റെ യൗവനം നഷ്ടപ്പെട്ടു. നീ എന്നെ നശിപ്പിച്ചു. ഇപ്പോൾ വീട്ടിൽ ആരുവന്നാലും നിന്നെയേ നോക്കൂ.' മകൾ യുവതിയും സുന്ദരിയുമായതിനാൽ അമ്മയുടെ അഗാധമായ അസൂയ. മകൾ പറയുന്നു: 'നിങ്ങൾ കാരണം എനിക്ക് എന്റെ ജീവിതം ആസ്വദിക്കാൻ പറ്റുന്നില്ല. നിങ്ങളാണ് തടസം. എവിടെ നോക്കിയാലും നിങ്ങളുണ്ട്. എനിക്ക് സന്തോഷിക്കാൻ കഴിയുന്നില്ല.

എന്തോ ശബ്ദം കേട്ട് രണ്ടുപേരും ഉണർന്നു. വൃദ്ധ പറഞ്ഞു, "കുഞ്ഞേ, നീയവിടെ എന്തെടുക്കുകയാണ്? നിനക്ക് ജലദോഷം വരും, അകത്തേക്ക് പോകൂ." മകളും പറഞ്ഞു, അമ്മേ, നിങ്ങളെന്താണ് ഇവിടെ ചെയ്യുന്നത്? പനി വന്നിട്ട് കഴിഞ്ഞദിവസം മാറിയതല്ലേ ഉള്ളൂ. നല്ല തണുപ്പുണ്ട്. വാ... വരൂ... നമുക്ക് പോയി കിടക്കാം.

ബോധമനസ്സിൽ നാട്യമാണ് നമ്മുടെ ശൈലി. ചിരിച്ചുകൊല്ലും, ചിരിപ്പിച്ചും. ഒരു കണ്ണാടിയിലെന്നപോലെ ദൈവ ദൃഷ്ടിയിൽ തെളിഞ്ഞുവരുന്ന ഞാനെന്ന യഥാർത്ഥ മനുഷ്യനെ കണ്ടെത്തുന്നതാണ് യഥാർത്ഥ ജാഗരൂകത. അല്ലാതെ നടത്തുന്ന പല ഒരുക്കങ്ങളും പ്രകടനങ്ങളാണ്, ഭക്തി പ്രകടനങ്ങൾ. പ്രകടനത്തിൽ പ്രത്യേകിച്ചും കൂട്ടായ പ്രകടനത്തിൽ എന്നെ ഒളിപ്പിച്ചുവയ്ക്കാൻ എളുപ്പമാണ്. എന്റെ അഹത്തെ പ്രീതിപ്പെടുത്തുന്നതാകും നമ്മുടെ ചില പ്രാർത്ഥനകൾ പോലും.

മാർക്കറ്റിലെ പൂക്കുട്ടയിൽ ഇരുന്ന് ഓർക്കിഡ് താമരയെ നോക്കി ഞെളിഞ്ഞു; സ്വയം പരിചയപ്പെടുത്തി. ഐആം ഓർക്കിഡ്. ഉദ്യാന നഗരിയിലെ ഓർക്കിഡ് യാസെ ഫാമിലിയിൽ നിന്നും വരുന്നു. താമരയും വിട്ടുകൊടുത്തില്ല. അതുപോലെ തന്നെ തിരിച്ചും പറഞ്ഞു. ഇതൊക്കെ കണ്ടുകൊണ്ട് പായൽക്കുളത്തിന്റെ സമീപത്തുനിന്നും കൊണ്ടുവന്ന എട്ടുമണിപ്പൂവ് ഞാനൊന്നുമല്ല എന്ന ഭാവത്തിൽ പൂക്കുടയുടെ സമീപത്ത് ഇരുന്നു. അധികം താമസിയാതെ ഒരു പൂജാരിവന്ന് താമരയുടെ തലവെട്ടിയെടുക്കുകയും മറ്റൊരാൾ ഒരു വേദി അലങ്കരിക്കുന്നതിനായി ഓർക്കിഡിന്റെ കാലും മുറിച്ചുകൊണ്ടുപോയി. അപ്പോഴും എട്ടുമണിപൂവ് ജീവനോടെ തന്നെ ഉണ്ടായിരുന്നു. ■

നീർച്ചാലുകൾ

ഫാ. തോമസ് ജെ.നെറ്റോ

# ജീവിത നവീകരണത്തിന് ഒരു പുണ്യകാലം

ഏശ. 40:1-5 9-11 | 2 പത്രോ. 3: 8-14 | മാർക്കോ. 1:1-8



എന്റെ പിന്നാലെ വരുന്നവൻ ആത്മാവിനാൽ സ്നാനം നൽകും. വെള്ളം ശരീരത്തെ ശുദ്ധീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് ജീവിതത്തെയും ഹൃദയത്തെയും ആത്മാവിനെയും ശുദ്ധീകരിക്കാൻ പര്യാപ്തമാണ്.

**ഒന്നാംവായന:** ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ഇസ്രായേൽ ജനത്തോട് സമാശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും വചസ്സുകൾ പ്രവാചകൻ പ്രഘോഷിക്കുന്നു. അവരുടെ അടിമത്വം അവസാനിക്കാറായി. അവരുടെ വിമോചകൻ അടുത്തെത്തിയിരിക്കുന്നു. ദൈവീകശക്തിയാൽ അവർ യൂദയായിലേക്കും ജെറുസലേമിലേക്കും തിരിച്ചെത്തും. ദൈവം ഒരിക്കൽക്കൂടി അവർക്കൊരു സ്നേഹപിതാവും വിശ്വസ്തനായ ഇടയനുമാകും. ശത്രുവിന്റെ കരങ്ങളിൽനിന്നും അടിമത്വത്തിന്റെ തടവറയിൽനിന്നുമുള്ള ഈ ആസന്നമായ മോചനം ഇസ്രായേലിയർക്ക് ഒരു രണ്ടാം പുറപ്പാട് അനുഭവമായിരിക്കും. പുതിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രവാചക വചനങ്ങളിൽ സഭ സമാഗതനാകുന്ന ദൈവപുത്രനും മാനവ വിമോചകനുമായ യേശുവിന്റെ യഥാർത്ഥമായ വിമോചനം വായിച്ചെടുക്കുന്നു.

**രണ്ടാംവായന:** ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വൈകുന്നതിൽ ഉത്കണ്ഠാകുലരായ വിശ്വാസികളെ, ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്ഥനാണെന്ന് പത്രോസ് ഓർമ്മിപ്പിക്കുന്നു. അവിടുന്ന് വരും, വരാതിരിക്കില്ല. ദൈവം സ്ഥലകാലങ്ങൾക്ക് അതീതനാണ്. വൈകുന്നത് അനുതപിക്കാനും ഒരുക്കമുള്ളവരാകാനും സമയം നൽകുന്നതാകാം. അതിനാൽ വിശുദ്ധിയിലും ദൈവഭക്തിയിലും ജീവിക്കുന്നതിൽ ശുഷ്കാന്തിയുള്ളവരാകാൻ അപ്പസ്തോലൻ ആഹ്വാനം ചെയ്യുന്നു. ക്രൈസ്തവന്റെ കാത്തിരിപ്പ് നിഷ്ക്രിയമായ ഒന്നല്ല, മറിച്ച് നിതാന്ത ജാഗ്രതയോടെയുള്ള കർമ്മനിരതയാണ്. ഈ ലോകത്തിൽ നമുക്ക് ജീവിക്കാൻ അനുവദിച്ചുകിട്ടുന്ന നാളുകൾ നിത്യജീവിതത്തെ ലക്ഷ്യംവച്ച് ഏറ്റവും നല്ലരീതിയിൽ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

**സുവിശേഷം :** ആഗമനകാലം പ്രഥമമായും ക്രിസ്തുവിന്റെ തിരുപ്പിറവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരുക്കത്തിന്റെ നാളുകളാണ്. ഇന്നത്തെ സുവിശേഷഭാഗം ക്രിസ്തുവിന്റെ വരവിന് വഴിയൊരുക്കാൻ ആഗതനായ സ്നാപക യോഹന്നാനെയും അദ്ദേഹത്തിന്റെ പ്രഭാഷണത്തെയും അവതരിപ്പിക്കുന്നു. "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം: കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നേരെയാക്കുവിൻ" എന്ന ഏശയ്യായുടെ പ്രവചനം സ്നാപകനിൽ പൂർത്തീകരിക്കപ്പെടുന്നു. അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് സ്നാപകൻ മരുഭൂമിയിൽ പ്രത്യക്ഷപ്പെടുന്നു. ആഗതനാകുന്ന ക്രിസ്തുവിനെ യോഗ്യതയോടെ സ്വീകരിക്കാൻ വ്യക്തിജീവിതത്തിൽ ഒരുക്കം ആവശ്യമാണ്. മനുഷ്യരുടെ മനസ്സുകളും മനോഭാവങ്ങളും മാറ്റത്തിനും പരിവർത്തനത്തിനും വിധേയമാകണം. ദൈവപുത്രനെ സ്വീകരിക്കാൻ നാം നമ്മുടെ ജീവിതവഴികൾ വെട്ടി ക്രമപ്പെടുത്തണം.

സ്നാപകയോഹന്നാന്റെ പ്രഭാഷണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശം ശ്രവിക്കാൻ യൂദയാ മുഴുവനിലെയും ജെറുസലേമിലെയും ജനങ്ങൾ ഓടിയണഞ്ഞു. അവർ തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് സ്നാനം സ്വീകരിച്ചു. ഇത്രയധികം സ്വീകാര്യതയും പ്രത്യുത്തരവും സ്നാപക യോഹന്നാന് എങ്ങനെ ലഭിച്ചു? കാരണം, യോഹന്നാന്റെ വ്യക്തിത്വവും ജീവിതവും പ്രഘോഷിച്ച സന്ദേശവും സവിശേഷതകളുള്ളതായിരുന്നു.

സമകാലീനരുടെ ജീവിതരീതിയിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു സ്നാപകന്റേത്. താൻ പ്രഘോഷിച്ച സന്ദേശം സ്വയം ജീവിച്ചവനാണ് സ്നാപക യോഹന്നാൻ. നഗരത്തിന്റെ തിരക്കും ഗ്രാമത്തിന്റെ സ്വൈര്യതയും വിട്ട് അദ്ദേഹം മരുഭൂമിയിലാണ് താമസിച്ചത്. ഏകാന്തതയുടെയും വിജനതയുടെയും മരുഭൂമിയിൽ ദൈവസ്വരം ശ്ര

വിക്കാൻ അദ്ദേഹം സ്വയം അവസരമൊരുക്കുകയായിരുന്നു.

സവിശേഷത നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ വസ്ത്രധാരണം. ആഡംബരമോ ആർഭാടമോ ഇല്ലാത്ത ലാളിത്യം നിറഞ്ഞ വസ്ത്രം. അത് ഒട്ടകരോമം കൊണ്ടുള്ളതായിരുന്നു. അരയിൽ തോൽപ്പട്ട ചുറ്റിയിരുന്നു. അത് ഏലിയാ പ്രവാചകന്റെ വസ്ത്രധാരണം പോലെയായിരുന്നു (2 രാജ. 1:8). അദ്ദേഹത്തിന്റെ ഭക്ഷണവും ലളിതമായിരുന്നു: വെട്ടുക്കിളിയും കാട്ടുതേനും. എന്ത് ഭക്ഷിക്കുന്നു എന്ത് ധരിക്കുന്നു എവിടെ വസിക്കുന്നു എന്നിവയെല്ലാം ഒരാളുടെ വ്യക്തിത്വത്തിന്റെയും ജീവിതമൂല്യങ്ങളുടെയും പ്രതിഫലനമാണ്. ഇന്ന് ജീവിത ശൈലി രോഗങ്ങളുടെ നടുവിലാണ് മലയാളി സമൂഹം. നഗരഹൃദയത്തിലെ അംബരചുംബികളായ സൗധങ്ങളിൽ താമസിക്കാൻ കൊതിക്കുന്നവർ പലരുണ്ട്. ഉപഭോഗസംസ്കാരവും കമ്പോളത്തിലെ വിസ്മയ വസ്തുക്കളുടെ മായാലോകവും ഒരുക്കുന്ന പ്രലോഭനങ്ങളുടെ നടുവിലൂടെയാണ് നമ്മുടെ സഞ്ചാരം. ആനുകാലിക ശൈലികളിൽ നിന്നും ഒരു ബദൽ ജീവിത ശൈലിയിലേക്ക് തിരിയാൻ സ്നാപകയോഹന്നാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

സ്നാപകൻ പ്രഘോഷിച്ച സന്ദേശവും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. തന്റെ പിന്നാലെ വരുന്ന തന്നേക്കാൾ ശക്തനായ ഒരുവനെക്കുറിച്ചാണ് സംസാരിച്ചത്. “കുനിഞ്ഞ് അവന്റെ ചെരുപ്പിന്റെ വള്ളികൾ അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല” എന്ന വിനയത്തിന്റെയും എളിമയുടെയും ഭാവമാണ് സ്നാപകന് ഉണ്ടായിരുന്നത്. സ്നാപകൻ തനിക്കുവേണ്ടി ഒന്നും ആവശ്യപ്പെടുന്നില്ല. അവൻ പ്രഘോഷിച്ചത് പിന്നാലെ ആഗതനാകുന്ന ക്രിസ്തുവിലേക്ക് എല്ലാവരും തിരിയണം എന്നാണ്. തന്നെക്കാൾ ശ്രേഷ്ഠനായവനിലേക്ക് ആളുകളെ അടുപ്പിക്കുകയാണ് ലക്ഷ്യം. സ്നാപകൻ പറഞ്ഞു, ജലം കൊണ്ടുള്ളതാണ് ഞാൻ നല്കുന്ന സ്നാനം. എന്റെ പിന്നാലെ വരുന്നവൻ ആത്മാവിനാൽ സ്നാനം നൽകും. വെള്ളം ശരീരത്തെ ശുദ്ധീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് ജീവിതത്തെയും ഹൃദയത്തെയും ആത്മാവിനെയും ശുദ്ധീകരിക്കാൻ പര്യാപ്തമാണ്. ചുരുക്കത്തിൽ, അരങ്ങിലെ മുഖ്യയിടം കൈവശപ്പെടുത്താനോ സ്വയം മുഖ്യകഥാപാത്രമാകാനോ താല്പര്യപ്പെടുന്നവനല്ല സ്നാപകൻ. അവന്റെ ഏകലക്ഷ്യം തന്നേക്കാൾ ശ്രേഷ്ഠനായ എല്ലാറ്റിനും ഉത്തരമായ യേശുക്രിസ്തുവിലേക്ക് ആളുകളെ ബന്ധപ്പെടുത്തുകയാണ്.

ആഗമനകാലം നമ്മുടെ ജീവിതവഴികൾ നവീകരിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. രക്ഷകനിലേക്ക് നമ്മെ എത്തിക്കുന്ന റോഡ്മാപ്പ് തിരിച്ചറിഞ്ഞ് അതിലൂടെ നമുക്ക് ആഗമനകാല യാത്ര തുടരാം. സ്നാപകനെ ശ്രവിച്ച ജനം നൽകിയ പ്രത്യുത്തരമാണ് നമ്മിലുമുണ്ടാകേണ്ടത്. നടന്നുവന്ന വഴികളിലേക്ക് തിരിഞ്ഞുനോക്കാം. തെറ്റിയവഴികളോർത്ത് അനുതപിച്ച് പാപങ്ങൾ ഏറ്റുപറയാം. കൃപയും സമാധാനവും വഴിയും സത്യവും ജീവനുമായ ആഗതനാകുന്ന യേശുക്രിസ്തുവിലേക്ക് നമുക്ക് തിരിയാം. ■

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി



ആഗമനകാലം 3-ാം ഞായർ (ഡിസം. 17)

# നിങ്ങൾ സുവിശേഷമാകണം

ഏശ. 63:16b-17; 64:3b-8 | 1 കൊറി. 1:3-9 | മാർക്ക്. 13 : 33-37

“ഒരു മണൽത്തരിയിൽ ലോകം മുഴുവൻ കാണാം. ഒരു വനപുഷ്പത്തിൽ സ്വർഗം മുഴുവൻ ദർശിക്കാം. ഒരു കൈവെള്ളയിൽ അനന്തതയെ സംവഹിക്കാം. ഒരു മണിക്കൂറിൽ നിത്യതയെയും”. വില്യം ബ്ലേക്കിന്റെ കവിതാശകലങ്ങൾ ദൈവരാജ്യത്തിന്റെ അനന്തതയെ തുറന്നിടുന്നു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ലോകം പടുത്തുയർത്തുവാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. പ്രവാചകന്റെ ശുഷ്ക്കാന്തിയും അസ്വൈരമായി സഞ്ചരിക്കുന്ന അവസ്ഥകളും ഉണ്ടാകണം. പ്രവാചകൻ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത് പീഡിതർക്ക് സദ്വാർത്ത പകരാനാണ്. ഞായറാഴ്ച ദിവ്യബലി കഴിഞ്ഞിറങ്ങുന്ന വിശ്വാസിയുടെ മുഖത്ത് ആനന്ദമില്ലെങ്കിൽ അയാൾക്ക് വചനം മുറിക്കലും അപ്പം മുറിക്കലും ആത്മീയ ഭോജനമായില്ലെന്നർത്ഥം. പലപ്പോഴും സുവിശേഷ സന്ദേശത്തെക്കാൾ ‘അറിയിപ്പുകൾ’ ആണ് വിശ്വാസിയുടെ മനസ്സിൽ തങ്ങിക്കിടക്കുക.

### സഞ്ചരിക്കേണ്ട പാതകൾ

നാം സഞ്ചരിക്കേണ്ട പാത ഏതാണെന്നകാര്യം തുറന്നുകിടക്കുന്നു. മുമ്പേ തയ്യാറാക്കപ്പെട്ട ഒരു പാതയുടെ ഭൂപടത്തിലൂടെ സഞ്ചരിക്കേണ്ടതല്ല അത്. സഞ്ചാരം മുന്നോട്ടുപോകുന്നതനുസരിച്ച് പാതകൾ തുറന്നുകിട്ടുകയാണ്. പ്രവാചകൻ സഞ്ചരിക്കുന്ന പാതകളിൽ ഹൃദയം തകർന്നവർ, തടവുകാർ, ബന്ധിതർ, വിലപിക്കുന്നവർ എന്നിവരാണ് ഉള്ളത്. നമുക്ക് അതുപോലെ അലിവുള്ള തീരാകാരുണ്യമായി നടക്കാൻ കഴിയുമോ? "Pilot Bishop, Pilot Priest”

അല്ല നമുക്കു വേണ്ടത്. "Shepherd Bishop, Shepherd Priest'' ആയിരിക്കണം. വാതിലുകൾ തുറന്നിട്ട് ആളുകളെ സ്വീകരിക്കുന്ന സഭ മാത്രമാകാതെ പുതിയ വഴികളിലേക്ക് നാം ഇറങ്ങി നടക്കണം. മ്ലാനവദനരിലേക്ക്, കാഴ്ചകൾ ഉടഞ്ഞവരിലേക്ക്, അന്നം മുറിഞ്ഞവരിലേക്ക്, ഉപേക്ഷിക്കപ്പെട്ടവരിലേക്ക് അണമുറിയാത്ത സ്നേഹത്തിന്റെ ഇടയനടത്തമാകണം.

സന്തോഷം കൈവിടാത്ത മനുഷ്യരാകാനാണ് പൗലോസ് പഠിപ്പിക്കുന്നത്. ഇടവിടാതെ പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ ജീവിതത്തെ കണ്ടെത്തുക. ഫ്രാൻസിസ് സാലസ് പുണ്യവാന്റെ അടുക്കൽ ഒരു കന്യാസ്ത്രീ തന്റെ ഒരു ദിവസത്തെ സമയവിനിമയ പട്ടിക തയ്യാറാക്കി കൊണ്ടുചെന്നു. വിശുദ്ധൻ അത് വായിച്ചശേഷം കീറിക്കളഞ്ഞു. ''പ്രവൃത്തികളെക്കുറിച്ചു ആകുലപ്പെടാതെ കുടുതൽ സമയം പ്രാർത്ഥനയ്ക്കായി മാറ്റുക''. ഓരോ പ്രവൃത്തിയും പ്രാർത്ഥനയാകണമെന്നാണ് വിശുദ്ധന്റെ ഉപദേശം.

## വവ്വാൽ ക്രിസ്ത്യാനികൾ

ഇരുളിന്റെ നിദ്രയിൽ മരത്തിൽ തലകീഴായി ഞാന്നുകിടക്കുന്ന വവ്വാലുകളെപ്പോലെ നിഷ്ക്രിയരാകരുത് നാം. അനക്കമറ്റപോലെ അവ മണിക്കൂറുകൾ പിന്നിടുന്നു. ആരാധനകളിൽ, പങ്കാളിത്ത സംവിധാനങ്ങളിൽ നാമും വവ്വാൽ ക്രിസ്ത്യാനികളാകുന്നുവോ? "കത്തോലിക്കർ മാമ്മോദീസ സ്വീകരിക്കുകയും കൂദാശ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്, പക്ഷേ പലരും സുവിശേഷ വൽക്കരിക്കപ്പെട്ടില്ല" -വെർബും ഡോമിനിയിൽ ബനഡിക്റ്റ പാപ്പയുടെ അഭിപ്രായമാണിത്.

## നീ ആരാണ്?

ഞാൻ ആരാണെന്നാണ് ജനം പറയുന്നത്? ക്രിസ്തുവിന്റെ ചോദ്യം. അതു പോലെ സ്നാപകയോഹന്നാൻ ആരാണെന്നാണ് പുരോഹിതരും ലേവ്യരും ചോദിക്കുന്നത്. ഏലിയയുമല്ല, മറ്റേതെങ്കിലും പ്രവാചകനുമല്ല, വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവനാണ്; ഇതാണ് യോഹന്നാന്റെ മറുപടി.

## വിധവകളുടെ പ്രവാചകൻ

എല്ലാം ദൈവിക പദ്ധതിയുടെ ഭാഗമായിട്ട് കണ്ടതാണ് ഏലിയ. ഒരിക്കലും തന്നിൽത്തന്നെ ആശ്രയിച്ചില്ല. ഇനി ഞാൻ പറഞ്ഞാല്ലാതെ ആകാശത്തു നിന്ന് മഞ്ഞോ മഴയോ വർഷിക്കില്ലെന്ന് പറയുന്ന പ്രവാചകൻ (1 രാജ 17:1). സ്വന്തം കഴിവിലുള്ള വിശ്വാസമല്ല; ദൈവാശ്രയമാണ് അയാളെ ശക്തിപ്പെടുത്തുന്നത്. ഏലിയായെ ഒളിപ്പിച്ചുതാമസിപ്പിക്കുന്ന ദൈവം, കെരീത്ത് അരുവിയിലെ വെള്ളം പകരുന്ന ദൈവം, കാക്കളെക്കൊണ്ട് അപ്പവും മാംസവും കൊടുപ്പിക്കുന്ന ദൈവം. എന്തൊരു കരുതലാണിത്.

ചുള്ളിക്കമ്പു പെറുക്കുന്ന വിധവയ്ക്ക് കലംനിറയെ മാവും ഭരണിനിറയെ എണ്ണയും നല്കുന്ന ഏലിയ, മറ്റൊരു വിധവയുടെ മകനെ ജീവിപ്പിച്ച ഏലിയ, ബാലിന്റെ പ്രവാചകരെ മുച്ചൂടും നശിപ്പിച്ച ഏലിയ! ദൈവമാണ് അവനെ മുന്നിൽ നിർത്തിയത്. ഇതേ പാതയിൽ, ഇതേ തീക്ഷ്ണതയിൽ മരുഭൂമിയിൽ നിന്നും വന്നവനാണ് സ്നാപകൻ. മരുഭുമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം, ക്രിസ്തുവിന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻപോലും യോഗ്യനല്ലന്ന് പറയുന്നവൻ, ദൈവത്തിന്റെ കുഞ്ഞാടിനെ കാട്ടിക്കൊടുകുന്നവൻ, വെട്ടുകിളിയും, കാട്ടു തേനും ഭക്ഷിച്ചവൻ, ഫരിസേയരെയും സദുക്കയരേയും അണലിസന്തതികൾ എന്ന് വിളിച്ചവൻ, കല്ലുകളിൽ നിന്ന് അബ്രഹാത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കാനാകുമെന്ന് പറഞ്ഞവൻ, അധർമ്മത്തിനെതിരെ കോടാലി എടുത്തവൻ. ഇതൊക്കെക്കൊണ്ട് ജനം സ്നാപകനെ ഏലിയ എന്നു വിളിച്ചു. അനേകർക്കുവേണ്ടി രുചിയുള്ള അപ്പം ഉണ്ടാക്കുവാൻ കഴിവുള്ള പുളിമാവാണ് നിങ്ങൾ. അനേകർക്ക് ഇന്ന് വിശക്കുന്നുണ്ട്. കർത്താവിന്റെ മുറിവുകൾ കയ്യെത്താത്തിടത്ത് സൂക്ഷിക്കുന്നവരാകുവാനുള്ള പ്രലോഭനം നമുക്കുണ്ട്. മാനുഷിക ദുരിതം സ്പർശിക്കാൻ, മറ്റുള്ളവരുടെ വേദനിക്കുന്ന ശരീരത്തിൽ സ്പർശിക്കാൻ ആകണം.

## സുവിശേഷത്തിന്റെ നാടോടികൾ

മുള്ള് എങ്ങനെയാണ് മരങ്ങളുടെ നേതാവായത്? (ന്യായ 9: 14). ഒലിവെണ്ണയുടെ സുഗന്ധപൂരിതത്തിൽ നിന്നു പുറത്തുകടക്കാനാകാതെ അത്തിപ്പഴത്തിന്റെ രുചി പ്രലോഭനം അതിജീവിക്കാനാകാതെ, ലഹരിനുരയുന്ന മുന്തിരി വീഞ്ഞ് നഷ്ടപ്പെടുത്താനാകാതെ മനുഷ്യൻ ആലസ്യത്തിലാണ്ട് ഏത് തിന്മയുടെ മുള്ളിനെയും വാഴിക്കുന്നു. ധാർമ്മികതയും നീതിയും പുലർന്നുകാണാൻ ആഗ്രഹിക്കാത്ത ജനം തങ്ങളെ ഭരിക്കുന്നവരെകുറിച്ച് വേവലാതിപ്പെടുന്നുമില്ല. ഫ്രാൻസിസ് പാപ്പാ യുവജനങ്ങൾക്കു വേണ്ടി പറഞ്ഞു "നമുക്ക് അവരെ പ്രേഷിത ദൗത്യത്തിൽ പരിശീലിപ്പിക്കാം. പുറത്തുപോകാൻ, പുറപ്പെട്ടു പോകാൻ, വിശ്വാസം സംവദിക്കുന്ന നാടോടികളാകാൻ നമുക്ക് അവരെ പരിശീലിപ്പിക്കാം."

ഫ്രാൻസിസ് പാപ്പയുടെ വിഖ്യാത പദസന്ധിയാണ് അസ്തിത്വാത്മക പുറമ്പോക്ക് (existential peripheries) യാഥാർത്ഥ്യത്തിന്റെ ശരിയായ അപഗ്രഥനം കേന്ദ്രത്തിൽ നിന്നു നോക്കുമ്പോഴല്ല, പുറമ്പോക്കിൽ നിന്ന് വീക്ഷണം ചെയ്യുമ്പോഴണ് ഉണ്ടാകുക. ഹൃദയങ്ങൾക്ക് തീപിടിപ്പിക്കുന്ന രക്ഷയുടെ സന്ദേശം പ്രഘോഷിക്കാനായി തെരുവുകളിലേക്കിറങ്ങുന്ന സഭയാണ് നമുക്ക് വേണ്ടത്.

## തുടികൊട്ടിന്റെ ശബ്ദം

സ്നാപക യോഹന്നാൻ ശബ്ദമുയർത്തുന്നത് തന്റെ ആശയങ്ങൾ പറയാനല്ല. ക്രിസ്തുവിന്റെ വാക്കുകളെ ഉയർത്തുന്നതാണ് അവന്റെ ശബ്ദം. പരിശുദ്ധാത്മാവിന്റെ നിറവിന്റെ ശബ്ദം. എല്ലാ അടിമത്വവും പ്രതിബന്ധങ്ങളും തകർത്ത് ബാബിലോണിൽ നിന്ന് ജറുസലേമിലേക്ക് മടങ്ങിയെത്തുന്ന യഹൂദ ജനത്തിന്റെ ശബ്ദഘോഷമാണ് പുതിയ ഇസ്രായേലിന്റെ രക്ഷകനെ പ്രഘോഷിക്കുന്നതിലും നാം കാണുക. ഇത് സുവിശേഷത്തിന്റെ മധുരതരമായ ശബ്ദം. ചെറിയ ശബ്ദമല്ല, വലിയ തുടികൊട്ടിന്റെ ശബ്ദംപോലെയാണ്. പാപത്തിൽ നിന്നു പുറത്തുവരുവാനുള്ള വിളി. ഏലിയയും സ്നാപക യോഹന്നാനും മരുഭൂമിയിൽ പ്രാർത്ഥിച്ച്., ധ്യാനിച്ചു ഒരുങ്ങിയ ശേഷമാണ് ദൗത്യത്തിലേക്ക് തിരിക്കുന്നത്. ജോസഫ് മലേഗ് 'കറുത്ത കല്ലുകൾ: മധ്യ വർഗത്തിനൊരു അഭിവാദനം' എന്ന ഗ്രന്ഥത്തിൽ എഴുതി "ക്രിസ്തു ദൈവമാണെങ്കിൽ ആ ക്രിസ്തു എനിക്ക് അഗ്രാഹ്യ നല്ല. എന്നാൽ ദൈവം ക്രിസ്തുവല്ലെങ്കിൽ ആ

ദൈവം എനിക്ക് അപരിചിതനായേനെ" ദൈവത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഈ പ്രസ്താവം എത്ര ലളിതമാണ്. ക്രിസ്തുവിന്റെ സുവിശേഷത്തിൽ ജീവിക്കുന്നവർക്ക് ദൈവത്തെ അറിയുവാനാകും. സഭയുടെ മടിത്തട്ട് ദരിദ്രരെയും അഗതികളെയും അകറ്റി നിർത്തി ചുരുങ്ങിപ്പോകരുത്. സമരിയാകാരന്റെ സഭയെന്നാണ് നമ്മുടെ സഭയെ വിളിക്കേണ്ടത്. രോഗികളെയും നിന്ദിതരെയും ശുശ്രൂഷിക്കുന്നവരുടെ സഭ. അവരുടെ രാത്രിയിലേക്ക് കടന്നു ചെല്ലാൻ ഭയക്കരുത്. അവരുടെ വഴിയിൽ അവരുമായി സന്ധിക്കാനും സംഭാഷണത്തിലേർപ്പെടാനും കഴിയണം. ഇനി നിരാശയും മോഹഭംഗങ്ങളും മാത്രമെന്ന്കരുതി ക്രിസ്തുവിനെ മറക്കുകയും ജറുസലേം ഉപേക്ഷിക്കുകയും ചെയ്ത ശിഷ്യന്മാരെപ്പോലെ ലക്ഷ്യമില്ലാതെ അലഞ്ഞു തിരിയുന്നവരും ഒറ്റപ്പെട്ടു തനിച്ചു നടക്കുന്നവരെയും കണ്ടു മുട്ടാൻ സാധിക്കണം. സമൂഹത്തിൽ വ്യതിരിക്തതകൾ സൃഷ്ടിക്കാനും പോരാടാനും വിളിക്കപ്പെട്ടവരാണ് പ്രവാചകർ. ഓരോ അല്മായനും ദൈവരാജ്യ നിർമ്മിതിക്കായുള്ള ഈ പോരാട്ടത്തിൽ പങ്കു ചേരണം "ഭൗതികമായ ഒരു കണ്ടെത്തലല്ല (Empirical Eureka) എല്ലാ സംഗതികളിലും ദൈവത്തെ കണ്ടെത്തുക എന്നു പറയുന്നത്. ആഴങ്ങളിൽ, ദൈവമായി കൂടിക്കാഴ്ചയ്ക്കു നാം ആഗ്രഹിക്കുമ്പോൾ, പെട്ടെന്ന് അവനെ ഭൗതികമായി നേരാണെന്നു തെളിയിക്കാൻ നാം തുനിഞ്ഞേക്കാം. ഇത്തരത്തിലല്ല ദൈവത്തെ കണ്ടുമുട്ടുക. ഏലിയ പ്രവാചകൻ കണ്ടതു പോലെ, മന്ദമാരുതനിലാണു ദൈവത്തെ കാണാൻ സാധിക്കുക.ഈ മന്ദമാരുതൻ ദൈവത്തിന്റെ അരുപിയും കൃപയും കാരുണ്യവുമെക്കെയാണ്. നാടോടികളെപ്പോലെ അലഞ്ഞു തിരിഞ്ഞു നടന്നു നാം പ്രഘോഷിക്കുന്ന പുറമ്പോക്കിന്റെ സുവിശേഷത്തിൽ ക്രിസ്തുവിനെ കാണാം. ■



ഫാ. മൈക്കിൾ തോമസ്

ആഗമനകാലം 4-ാം ഞായർ (ഡിസം. 24)

# ദൈവം ഒരുക്കുന്ന അരങ്ങിലെ കഥാപാത്രങ്ങൾ നാം

2 സാമു 7:1-5,8b-12,14a,16 | റോമ 16:25-27 | ലൂക്കാ 1:26-38



രക്ഷാകര പദ്ധതിയിലെ മറിയത്തിന്റെ പങ്ക് ഏറെ നിർണ്ണായകമാണ്. വെറുമൊരുഗ്രാമീണ സ്ത്രീയായിരുന്ന മറിയത്തിന് ചിന്തിക്കാവുന്നതിലും അതീതമായിരുന്നു ദൈവം അവളോട് ആവശ്യപ്പെട്ട ദൗത്യം.

ഷേക്സ്പിയറിന്റെ വിശ്വപ്രഖ്യാതമായ നാടകമാണ് "ലോകം ഒരു നാടകവേദി" "All the world is a stage" ലോകമാകുന്ന അരങ്ങിൽ നമുക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന കഥാഭാഗം അഭിനയിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന കഥാപാത്രങ്ങൾ മാത്രമാണ് നാം. നമ്മുടെ ഭാഗം അഭിനയിച്ചുകഴിയുമ്പോൾ നാം ഇഷ്ടപ്പെട്ടാലും ഇല്ലേലും അരങ്ങ് ഒഴിഞ്ഞു കൊടുക്കണം നാം.

ഇന്നത്തെ വായനകളിലെ മുഖ്യപ്രമേയം ഇതിനു സമാനമാണ്. ദൈവം ഒരുക്കുന്ന അരങ്ങിലെ, ദൈവീക പദ്ധതിയുടെ ഭാഗമായി ദൈവം നിശ്ചയിക്കുന്ന ഭാഗം ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് നാം. ക്രിസ്തുമസിന്റെ ഒരുക്കമായുള്ള ആഗമനകാലത്തെ ആദ്യ മൂന്ന് ആഴ്ചകളിലെയും വായനകൾ ദൈവീക പദ്ധതിയുടെ ഭാഗമായുള്ള രക്ഷകന്റെ തിരുപിറവിക്കായ് ക്രമാനുഗതമായി നമ്മെ ഒരുക്കുകയായിരുന്നു. ആദ്യവാരത്തിൽ ജാഗ്രതയോടെ കാത്തിരിക്കുവാനുള്ള നിർദ്ദേശവും തുടർന്നുള്ള രണ്ടാഴ്ചകളിലും രക്ഷകന് വഴിയൊരുക്കുന്ന സ്നാപകന്റെ ദൗത്യം വരച്ചുകാട്ടിക്കൊണ്ടാണ് തിരുപ്പിറവി മഹോത്സവത്തിന് നമ്മെ ഒരുക്കിയത്. അവസാനവാരത്തിലേക്കും ഏറ്റവും അടുത്ത ഒരുക്കത്തിലേക്കും പ്രവേശിക്കുന്ന ഇന്ന് ദിവ്യരക്ഷകനെക്കുറിച്ചുള്ള മംഗളവാർത്ത അറിയിച്ചുകൊണ്ട് ദാവീദ് രാജാവിന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും ദൗത്യം വരച്ച് കാട്ടിക്കൊണ്ട് രക്ഷാകരപദ്ധതിയിൽ, ദൈവം ഒരുക്കുന്ന അരങ്ങിൽ നമ്മുടെ ദൗത്യവും മനോഭാവവും എന്തായിരിക്കണമെന്ന് വ്യക്തമായി ചിത്രീകരിക്കുന്നു.

സ്വന്തം പിതാവും സഹോദരങ്ങൾ പോലും വിശ്വാസമർപ്പിക്കാതെ നിസ്സാരനായി കരുതി മാറ്റി നിർത്തിയ ഇടയചെറുക്കനായ ദാവീദിനെ ദൈവം തിരഞ്ഞെടുത്ത് ദൈവത്തിന്റെ വേലയ്ക്കായി അഭിഷേകം ചെയ്തു രാജാവാക്കി. ഹെബ്രോണിൽ വച്ച് ഇസ്രായേലിന്റേയും യൂദയായിലേയും മുഴുവൻ ഗോത്രങ്ങളുടെയും രാജാവായി അഭിഷേകം ചെയ്യപ്പെട്ട ദാവീദ് രാജാവ് ആദ്യമായി ചെയ്തത് ജബൂസ്യരുടെ കൈയിൽ നിന്നും ജറുസലേം പിടിച്ചെടുത്ത് തന്റെ രാജ്യത്തിന്റെ രാഷ്ട്രീയ തലസ്ഥാനമാക്കി ഉയർത്തി. ■

എല്ലാ ഗോത്രങ്ങളുടെയും വിശ്വാസ്യതയും സഹകരണവും ഉറപ്പുവരുത്തുവാനായി ജറുസലേമിനെ മതപരമായും ആത്മീയമായും പ്രമുഖസ്ഥാനം നൽകുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട തന്റെ സ്വന്തം ജനമായ ഇസ്രായേലിന്റെ മധ്യേയുള്ള യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ ഉടമ്പടിയുടെ പേടകത്തെ ജറുസലേമിൽ കൊണ്ടുവന്നു. പേടകം സ്ഥാപിക്കുവാനായി, യഹോവക്കു വസിക്കുവാൻ യോഗ്യമായൊരു ദൈവാലയം ജറുസലേമിൽ പണിയുവാൻ ദാവീദ് രാജാവ് തീരുമാനിച്ചു. എന്നാൽ ദാവീദ് രാജാവിന്റെ ആഗ്രഹത്തിനു തികച്ചും വ്യത്യസ്തമായി നാഥാൻ പ്രവാചകനിലൂടെ ദൈവത്തിന്റെ പദ്ധതി ദാവീദിന് വെളിപ്പെടുത്തുന്നു. ദാവീദ് ദൈവത്തിനു വേണ്ടിയല്ല ആലയം നിർമ്മിക്കേണ്ടത്. പ്രത്യുത, ദൈവം ദാവീദിനേയും അവന്റെ പരമ്പരയേയും എന്നും നിലനിൽക്കുന്ന ആലയമാക്കി, ഭവനമാക്കി ഉയർത്തും. ദാവീദിന്റെ ഭവനത്തിൽ നിന്നുമുള്ള ഒരു പിൻതുടർച്ചാവകാശിയെ രാജാവാക്കി ആ ആലയത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാക്കും.

ദാവീദിനോട് ദൈവം ചെയ്യുന്ന ഈ ഉടമ്പടി യഥാർത്ഥത്തിൽ തന്റെ പുർവ്വ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, യൂദാ എന്നിവരോട് ചെയ്ത ഉടമ്പടിയുടെ അനുസ്മരണമാണ്. ഇന്നത്തെ സുവിശേഷത്തിൽ നാം ശ്രവിച്ച മംഗളവാർത്തയിൽ ഗബ്രിയേൽ ദൈവദൂതൻ മറിയത്തോട് പറയുന്നതും അബ്രഹാത്തോടും ദാവീദിനോടും ചെയ്ത ഉടമ്പടിയുടെ തുടർച്ചയും പൂർത്തീകരണവുമാണ്: "മറിയം ഗർഭം ധരിക്കുവാൻ പോകുന്ന ശിശു അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാവുകയും യാക്കോബിന്റെ ഭവനത്തിൽ അവൻ എന്നേക്കും ഭരണം നടത്തുകയും ചെയ്യും" (ലൂക്കാ 1:32-33).

ദൈവത്തിന് വാസയോഗ്യമായൊരു ആലയം പണിയുവാനുള്ള ദാവീദിന്റെ പദ്ധതി പ്രത്യക്ഷത്തിൽ ശുഭകരവും നന്മനിറഞ്ഞതുമാണെങ്കിലും ദൈവത്തിന്റെ മനസ്സും സമയത്തിന്റെ ആവശ്യവും മറക്കാനാണെന്ന് നാഥാൻ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നു. ദൈവീക പദ്ധതിയനുസരിച്ച് ജറുസലേം ദൈവാലയം പണിയുവാനുള്ള ഭാഗധേയം ദാവീദിന്റെ മകൻ സോളമൻ രാജാവിനായിരുന്നു. എങ്കിലും ദാവീദ് പരാതിയും പരിഭവവും കൂടാതെ ദൈവം നിശ്ചയിച്ചു നൽകിയ ദൗത്യം നിർവ്വഹിക്കുവാൻ തയ്യാറാകുന്നു. അതിനാലാണ് ദാവീദിന്റെ ബലഹീന നിമിഷങ്ങളിൽ ചെയ്ത ഗൗരവമേറിയ തിന്മപോലും പൊറുക്കുവാൻ ദൈവം തയ്യാറാകുന്നത്.

രക്ഷാകര പദ്ധതിയിലെ മറിയത്തിന്റെ പങ്ക് ഏറെ നിർണ്ണായകമാണ്. വെറുമൊരു ഗ്രാമീണ സ്ത്രീയായിരുന്ന മറിയത്തിന് ചിന്തിക്കാവുന്നതിലും അതീതമായിരുന്നു ദൈവം അവളോട് ആവശ്യപ്പെട്ട ദൗത്യം. പുരുഷനെ അറിയാതെ രക്ഷകന് ജന്മമേകുവാൻ, മനുഷ്യാവതാരം ചെയ്യാൻ മറിയത്തിന്റെ ഉദരം സമ്മാനിക്കണം. അതിനായ് ദൈവം അവളെ പാപമേശാതെ നന്മയും കൃപയും കൊണ്ട് പൊതിഞ്ഞ് സംരക്ഷിക്കുകയായിരുന്നു. മറിയത്തിന്റെ ആശങ്കയും അസ്വസ്തതയും താൻ ഏറ്റെടുക്കുവാൻ പോകുന്ന ദൗത്യത്തിന്റെ പ്രാധാന്യത്തെക്കാളുപരി തന്റെ അയോഗ്യതയെ ഓർത്തായിരുന്നു. എങ്കിലും വരുംവരായ്മകളെക്കുറിച്ച് ചിന്തിക്കാതെ വിനീതദാസിയായി ദൈവം ഒരുക്കിയ അരങ്ങിലെ തന്റെ ദൗത്യം നിർവ്വഹിക്കുവാൻ പരിപൂർണ്ണമായി സമർപ്പിച്ചു.

പരിശുദ്ധ മറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണത്തിന്റെ ഫലമായി സൃഷ്ടിയുടെ വേളയിൽ ജലത്തിനു മീതെ ചരിച്ചുകൊണ്ട് രൂപരഹിതമായിരുന്ന, അസന്തുലിതമായിരുന്ന പ്രപഞ്ചത്തിന് രൂപവും ഭാവവും സന്തുലനവും നൽകിയ അതേ ദൈവാത്മാവ് മറിയത്തിലും ആവസിച്ചു. ദൈവീകപദ്ധതിക്ക് പൂർണ്ണതയും സന്തുലനവുമേകുവാൻ.

തിരുപ്പിറവി മഹോത്സവത്തിന് അടുത്തൊരുങ്ങുന്ന നാം ദാവീദ് രാജാവിലൂടെയും പരിശുദ്ധ മറിയത്തിലൂടെയും ദൈവം നൽകുന്ന സന്ദേശം സ്വീകരിക്കുവാൻ തയ്യാറാകണം. നാം മെനയുന്ന ചെറുതും വലുതുമായ പദ്ധതികളെക്കാൾ, അവ ഉപകാരപ്രദവും ശുഭകരവുമാണെന്നു തോന്നിയാൽ പോലും, നമ്മുടെ ക്ഷേമവും നന്മയും മാത്രം കാംക്ഷിക്കുന്ന ദൈവീക പദ്ധതികൾക്ക് മുൻതൂക്കം നൽകുവാൻ കഴിയണം. ദൈവം ഒരുക്കുന്ന അരങ്ങിലെ ഭാഗം, എത്ര നിസാരവും അപ്രാധാന്യവുമെന്നു തോന്നിയാൽ പോലും ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കുമ്പോഴാണ് ജീവിതത്തിൽ സന്തുലനമുണ്ടാകുന്നത്. എമ്മാനുവേൽ കൂടെ വസിക്കുന്നത്. ■





*മിഷൻ കോൺഗ്രസ്-ബിസിസി കൺവെൻഷൻ അതിരൂപതാ പ്രതിനിധികളുടെ കൂടിവരവ് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*

# മിഷൻ കോൺഗ്രസ് കർമപദ്ധതി തിരുവനന്തപുരം അതിരൂപതയിൽ

തിരുവനന്തപുരം: വല്ലാർപാടം മിഷൻ കോൺഗ്രസ്-ബിസിസി കൺവെൻഷന്റെ ചൈതന്യമുൾക്കൊണ്ട് തിരുവനന്തപുരം അതിരൂപതയിൽ നടപ്പാക്കുന്ന തുടർ പ്രവർത്തന സാധ്യതാപദ്ധതികൾക്ക് രൂപരേഖ തയ്യാറായി. മിഷൻ കോൺഗ്രസ് അതിരൂപതാ പ്രതിനിധികളുടെ സമ്മേളനത്തിൽ തുടർ പ്രവർത്തന സാധ്യതാ പദ്ധതി അവതരിപ്പിക്കപ്പെട്ടു. സമ്മേളനത്തിന്റെ ഉദ്ഘാടനം അതിരൂപത അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു.

വിശ്വാസ പൈതൃകവഴികളിലൂടെ മുന്നേറുന്ന ഒരു ദൈവജനമായി സഭാ കൂട്ടായ്മ മാറണമെന്നും നമ്മുടെ ശക്തിയും ആസ്തിയും വിശ്വാസ-വിഭവശേഷിയും പങ്കാളിത്ത സ്നേഹക്കൂട്ടായ്മയ്ക്കായി വിനിയോഗിക്കണമെന്നും ആർച്ച്ബിഷപ്പ് ആഹ്വാനം ചെയ്തു. സ്നേഹകൂട്ടായ്മയിലൂടെ നാം നമ്മുടെ മഹാശക്തി തിരിച്ചറിയണമെന്നും അത് ലത്തീൻ സഭയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്ക് പ്രേരകമാകണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കിൾ തോമസ് തുടർ പ്രവർത്തന സാധ്യതാ അവലോകനം നടത്തി. മിഷൻ കോൺഗ്രസിൽ പങ്കെടുത്ത പ്രതിനിധികളുടെ അനുഭവം പങ്കുവയ്ക്കലും നടന്നു. മോൺ. ജെയിംസ് കുലാസ് മോഡറേറ്ററായിരുന്നു. അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് സമാപന സന്ദേശം നൽകി. ബിസിസി ജോയിന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സെബാസ്റ്റ്യൻ വൈ. സ്വാഗതവും പുന്തുറ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സിൽവസ്റ്റർ ജെ. നന്ദിയും പറഞ്ഞു.

## ലോഗോസ്-2017: വിഴിഞ്ഞം ഇടവകയ്ക്ക് രണ്ടാം സ്ഥാനം

കൊച്ചി : കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ സംഘടിപ്പിച്ച ലോഗോസ് 2017 -ൽ സംസ്ഥാനതലത്തിൽ "ബെസ്റ്റ് പാരിഷ്" (ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക) വിഭാഗത്തിൽ വിഴിഞ്ഞം സിന്ധുയാത്രമാതാവ് ഇടവക രണ്ടാം സ്ഥാനവും പുല്ലുവിള സെന്റ് ജേക്കബ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഈ ഇടവകകൾക്കുള്ള പുരസ്കാരങ്ങൾ പി.ഒ.സിയിൽ വച്ച് ബൈബിൾ കമ്മിഷൻ ചെയർമാൻ അബ്രഹാം മാർ ജൂലിയസ് വിതരണം ചെയ്തു.

# വാർത്തകൾ



*2017 ൽ എംബിബിഎസിന് ഗവണ്മെന്റ് മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച കുമാരി വിന്നി ഫെർണാണ്ടസ്. പരുത്തിയൂർ ഇടവകയിൽ ഗ്രേയിസൻ ഫെർണാണ്ടസിന്റെയും ഷാർലറ്റ് ഗ്രേയിസന്റെയും മകളും വിശ്വപ്രകാശ് സെന്റർ ഫോർ എക്സലൻസിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിനിയുമാണ്.*

## സെന്റ് ഫ്രാൻസിസ് അസ്സീസി യൂണിറ്റ് വാർഷികം

പെരിങ്ങമ്മല ആദിമ ക്രൈസ്തവ സമൂഹം അപ്പംമുറിക്കൽ. പ്രാർത്ഥന, കൂട്ടായ്മ എന്നിവയിൽ താല്പര്യപൂർവ്വം പങ്കുചേർന്നുപോലെ സെന്റ് മിഖായേൽ ദൈവാലയം പെരിങ്ങമ്മലയിലെ 10-ാം യൂണിറ്റായ സെന്റ് ഫ്രാൻസിസ് അസീസി കാക്കാമൂല യൂണിറ്റ് ബിസിസി വാർഷികം കൊണ്ടാടി. ഇടവക വികാരി ഫാ. ജോഫിൻ അമരക്കാട് അധ്യക്ഷനായിരുന്നു. കോവളം ഫെറോനാ സെക്രട്ടറിയും കാക്കാമൂല ഇടവക വികാരിയുമായ ഫാ. റോഷൻ റിച്ചാർഡ് മുഖ്യപ്രഭാഷണം നടത്തി.

കോവളം ഫെറോനാ ബിസിസി ഡയറക്ടർ ഫാ. സുരേഷ് പയസ് വാർഷികം ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാസ് ആശംസാപ്രസംഗം നടത്തി. യൂണിറ്റിലെ ഏറ്റവും പ്രായംചെന്ന വ്യക്തിയെ ആദരിച്ചു. സി. സ്റ്റെല്ല ആന്റണി ആശംസ അർപ്പിച്ചു. യൂണിറ്റിലെ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് മെമന്റോ നൽകി അനുമോദിച്ചു. അതോടൊപ്പം ദരിദ്രരും വിധവകളുമായ ഏതാനും പേർക്ക് വസ്ത്രവും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു.



*അതിരൂപത ഭവന പദ്ധതിയായ ഭവനം ഒരു സമ്മാനം പദ്ധതിയനുസരിച്ച് ഭവന നിർമ്മാണത്തിനായി അതിരൂപത നല്കിയ സ്ഥലത്തിന്റെ രേഖയിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഒപ്പുവയ്ക്കുന്നു*

## ഭവനം ഒരു സമ്മാനം പദ്ധതിയനുസരിച്ച് ഭവനനിർമ്മാണത്തിനായി സ്ഥലം നൽകി

തിരുവനന്തപുരം: അതിരൂപത ഭവന പദ്ധതിയായ ഭവനം ഒരു സമ്മാനം എന്ന പദ്ധതിയനുസരിച്ച് ഭവന നിർമ്മാണത്തിനായി പുതുക്കുറിച്ചി ഫെറോനയിൽ മുരുക്കുംപുഴ ഇടവകയിലെ നിർദ്ധനരായ 5 പേർക്ക് അതിരൂപതയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്ന് 3 സെന്റ് സ്ഥലം വീതം അനുവദിച്ചു നൽകി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഗുണഭോക്താക്കൾക്ക് കൈമാറി. ചടങ്ങിൽ സാമൂഹ്യശുശ്രൂഷ ഡയറക്ടർ റവ. ഫാ. ലെനിൻ രാജ്, ഇടവക വികാരി ഫാ.തോമസ്നെറ്റോ, നോഡൽ ഓഫീസർ ക്ലമന്റ് റൊസാരിയോ തുടങ്ങിയവർ പങ്കെടുത്തു.



*കേരളാ സർവകലാശാലയിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി നേടിയ, കിള്ളിപ്പാലം ഇടവകാംഗവും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറുമായ ലീമാ പീറ്ററിനെ ഇടവക ദിനാഘോഷവേളയിൽ മുൻ ഇടവക വികാരി ഫാ. ബാസ്ക്കർ ജോസഫ് ആദരിക്കുന്നു.*

# ചെപ്പടിവിദ്യകൊണ്ട് സർക്കാർ ജനങ്ങളെ പറ്റിക്കുന്നു: ആർച്ച് ബിഷപ്പ് ഡോ. എം.സൂസപാക്യം

തിരുവനന്തപുരം: മദ്യനയത്തിന്റെ കാര്യത്തിൽ ചെപ്പടിവിദ്യകൊണ്ട് ജനങ്ങളെ കബളിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കെസിബിസി പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത അധ്യക്ഷനുമായ ആർച്ച് ബിഷപ്പ് ഡോ.എം.സൂസപാക്യം. കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ മദ്യവിപത്തിനെതിരെ ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നയിക്കുന്ന വിമോചനയാത്ര ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മദ്യവിരുദ്ധനിലപാടുകളെ അവഗണിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും ഭയാനകമായ രീതിയിൽ കൂടുന്നതിന് ഇടയാക്കും. ഈ രീതിയിൽ ഭയാനകമായ തോതിൽ കേരള ജനതയെ ബാധിക്കുന്ന വിപത്തിനെതിരെ ബോധവൽക്കരണം അനിവാര്യമാണെന്നും ആർച്ച്ബിഷപ്പ് കൂട്ടിച്ചേർത്തു.

ഒരുവശത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും മറുവശത്ത് മദ്യത്തിൽ ജനത്തെ മുക്കിക്കൊല്ലാനുള്ള ശ്രമവുമാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് ജാഥാ ക്യാപറ്റനും കെസിബിസി മദ്യവിരുദ്ധ സമിതി ചെയർമാനുമായ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യം ദീപശിഖ ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിന് കൈമാറി യാത്ര ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച യാത്ര കാസർഗോഡ് സമാപിക്കും. വി.എം.സുധീരൻ കെ.സി.ബിസി മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ശാന്തപ്പൻ എന്നിവർ സന്ദേശം നൽകി. സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സംസ്ഥാന സെക്രട്ടറി ചാർളി പോൾ സ്വാഗതം ആശംസിച്ചു. ഡോ. ഡയ്സൺ.വൈ, ഫാ. ലെനിൻ രാജ്, സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ പി.ജെ.വർഗീസ്, ഹെഡ്മാസ്റ്റർ ജോസഫ് ജോസ് എന്നിവർ പ്രസംഗിച്ചു.

## ലോക ബാലികാ ദിനം ആചരിച്ചു

തിരുവനന്തപുരം: പെൺകുഞ്ഞുങ്ങൾക്ക് എതിരെയുള്ള പീഢനത്തിന് ദേശവ്യത്യാസമില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ പള്ളിത്തുറ ഹൈസ്കൂളിൽ വച്ച് അന്താരാഷ്ട്ര ബാലികാദിനം ആചരിച്ചു. ലോകബാലികാദിനാചരണം തിരുവനന്തപുരം ബാലക്ഷേമസമിതി ചെയർമാൻ ഫാ. ജോയി ജെയിംസ് ഉദ്ഘാടനം ചെയ്തു. പെൺശിശുഹത്യ മുതൽ ലൈംഗീക ചൂഷണം വരെ വ്യാപിക്കുന്ന വിവിധമേഖലകളിൽ കുട്ടികളെ അരക്ഷിതരാക്കുന്ന പ്രതിസന്ധികളെ പ്രതിരോധിക്കാനുള്ള ആഹ്വാനം കൂടിയാണ് ബാലികാദിനം മുന്നോട്ട് വയ്ക്കുന്നത്, അദ്ദേഹം പറഞ്ഞു.

"കൗമാരക്കാരുടെ ശാക്തീകരണം അടിയന്തര ശ്രദ്ധയും ഫലവത്തായ ആസൂത്രണവും" എന്നതായിരുന്നു ഈ ദിവസത്തെ പ്രമേയം

ചടങ്ങിൽ 8-ാം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി ഫാത്തിമ അദ്ധ്യക്ഷത വഹിച്ചു. റ്റി.എസ്.എസ്.എസ് സെക്രട്ടറി, ഫാ. ലെനിൻ രാജ്, സ്കൂൾ മാനേജർ ഫാ. ലെനിൻ ഫെർണാണ്ടസ്, ചൈൽഡ് ലൈൻ കോർഡിനേറ്റർ കിരൺദാസ് എന്നിവർ ആശംസകൾ നേർന്നു.



*പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ.ലെനിൻ രാജ് നിർവ്വഹിക്കുന്നു*

## പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം: ചൈൽഡ് പാർലമെന്റ് കുട്ടികൾ മാതൃകയായി

തിരുവനന്തപുരം: മലമുകൾ ഇടവകയിലെ എല്ലാ ഭവനങ്ങളിൽനിന്നും പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുക എന്ന ലക്ഷ്യത്തോടെ ചൈൽഡ് പാർലമെന്റ് ആരോഗ്യവകുപ്പ് മന്ത്രി കുമാരി ആനിഷാജി ദാസിന്റെയും വോളന്റിയേഴ്സിന്റെയും നേതൃത്വത്തിൽ പാർലമെന്റിലെ കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ബി.സി.സി തലത്തിൽ ഭവനങ്ങൾ സന്ദർശിച്ച് ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് വില്പന നടത്തി.

പരിപാടിയുടെ ഉത്ഘാടനം ആൻസി അലക്സാണ്ടറുടെ ഭവനത്തിൽ നിന്നും പ്ലാസ്റ്റിക്കുകൾ ശേഖരിച്ചുകൊണ്ട് ഇടവക വികാരി ഫാ. ലെനിൻ രാജ് നിർവ്വഹിച്ചു. ഉത്ഘാടന ചടങ്ങിൽ പാരിഷ് കൗൺസിൽ ട്രഷറർ ഷിബു രൂപത കെ.എൽ.എം കോർഡിനേറ്റർ അന്നറീറ്റ എന്നിവർ സന്നിഹിതരായിരുന്നു.

# വാർത്തകൾ

## പുതുക്കുറിച്ചി ഫൊറോന സമുദായ ദിനാഘോഷം

തിരുവനന്തപുരം അതിരൂപതയിൽ അല്മായ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ 2017 ഡിസംബർ 3 ന് സംഘടിപ്പിക്കപ്പെടുന്ന സമുദായ ദിനാഘോഷത്തിന് മുന്നോടിയായി പുതുക്കുറിച്ചി ഫെറോനയിൽ ഫെറോന തല സംഗമം സെന്റ് ഡൊമനിക് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര ഉദ്ഘാടനം ചെയ്ത യോഗത്തിൽ പുതുക്കുറിച്ചി ഫെറോന വികാരി മോൺ.ജോർജ്ജ് പോൾ അദ്ധ്യക്ഷനായിരുന്നു. അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലൊ മുഖ്യപ്രഭാഷണം നടത്തി. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഷീജാമേരി ഡി.സി.എം.എസ് പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ, സുനിൽ ജോൺ എന്നിവർ ക്ലാസുകളെടുത്തു. ഫെറോന അല്മായ ശുശ്രൂഷ കോ-ഓഡിനേറ്റർ ഫാ. മരിയ ഡൊമനിക്, കെ.എൽ.സി.എ രൂപതാ പ്രസിഡന്റ് ആന്റണി ആൽബർട്ട്, കെ.എൽ.സി.എ സംസ്ഥാന സെക്രട്ടറി ജോസഫ് ജോൺസൻ, കെ.എൽ.സി.ഡബ്ല്യു.എ രൂപതാ സെക്രട്ടറി മേരിപുഷ്പം എന്നിവർ പ്രസംഗിച്ചു. കെ.എൽ.സി.എ ഫെറോന പ്രസിഡന്റ് ഫെനിൽ സ്വാഗതവും ഫെറോന അല്മായ ശുശ്രൂഷ കൺവീനർ ടെൽമ ജോൺ നന്ദിയും പറഞ്ഞു.

## ചൈൽഡ് പാർലമെന്റ് ശിശുദിനാഘോഷം

തിരുവനന്തപുരം: പാളയം ഇടവക ശിശുദിനാഘോഷപരിപാടി ഫൊറോനാവികാരി ഫാ. ജോർജ്ഗോമസ് ഉദ്ഘാടനം ചെയ്തു. മദർ തെരേസ ഹാളിൽ നടന്ന ചൈൽഡ് പാർലമെന്റ് ശിശുദിനാഘോഷപരിപാടിയിൽ ഫെറോന റ്റി.എസ്.എസ്.എസ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ചൈൽഡ് ലൈൻ ജില്ലാ കോർഡിനേറ്റർ ജോബി പ്രസംഗിച്ചു.



*ടിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിദേശ ജോലിക്കായി പരിശീലനം നടത്തുന്ന വനിതകൾ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് എന്നിവരോടൊപ്പം*

## വിദേശജോലിക്കുള്ള പരിശീലന പരിപാടി

തിരുവനന്തപുരം: ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സുമായി കൈകോർത്തുകൊണ്ട് വിദേശരാജ്യത്ത് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 30 വനിതകൾക്ക് ഒരു മാസമായി നടന്നുവരുന്ന ഹൗസ് കീപ്പിംഗ് പരിശീലന ക്ലാസ്സ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം സന്ദർശിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തി റിക്രൂട്ടിംഗ് ഏജൻജികളുടെ ചൂഷണങ്ങൾ ഒഴിവാക്കാനും സാമ്പത്തിക ബാധ്യത കൂടാതെ വിദേശത്ത് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി പരിശീലനം തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് 30 പേർക്കും വിദേശത്ത് ജോലി ഉറപ്പ് നൽകുന്നു. പരിശീലനത്തിനും, വിദേശയാത്രയ്ക്കും വേണ്ട മുഴുവൻ ചെലവും കേരള സർക്കാർ ആണ് വഹിക്കുന്നത്.



*കുടിവെള്ള വിതരണപദ്ധതിയുടെ ഗുണഭോക്താക്കൾ ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികൾ എന്നിവരോടൊപ്പം*

## കുടിവെള്ളപദ്ധതി നടപ്പിലാക്കി

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പള്ളിത്തുറ ഇടവക സെന്റ് അൽഫോൺസ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ 12 നിർധന കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതി നടപ്പിലാക്കി. കോൺഫറൻസ് പ്രസിഡന്റ് ജോളിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ് 12 കുടുംബങ്ങൾക്ക് മോട്ടോർ, ടാങ്ക്, പ്ലമ്പിംഗ് മെറ്റീരിയൽസ് തുടങ്ങിയവ വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ് ഏരിയാ കൗൺസിൽ പ്രസിഡന്റ് ആൽബർട്ട് ഫ്രാൻസിസ് എന്നിവർ സന്നിഹിതരായിരുന്നു.

# മത്സ്യത്തൊഴിലാളികളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം: സഹായ മെത്രാൻ ക്രിസ്തുദാസ്



*മത്സ്യത്തൊഴിലാളി ദിനാചരണ സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*

തിരുവനന്തപുരം: മതിയായ പഠനങ്ങൾ കൂടാതെയും കഴിഞ്ഞ കാല അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളാതെയും ഭരണാധികാരികൾ നടത്തുന്ന വികലമായ വികസന പ്രവർത്തനങ്ങളുടെ ഫലമായി പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലോരവും തീരക്കടലും അന്യമാകുന്ന നാളുകൾ അകലെയല്ലെന്നും, ഇതിനെതിരെ സംഘടിതമായ പ്രതികരണം ഉണ്ടാകുന്നതിന് മത്സ്യത്തൊഴിലാളികളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറവും മത്സ്യ വിപണന സ്ത്രീഫോറവും സംയുക്തമായി സംഘടിപ്പിച്ച മത്സ്യത്തൊഴിലാളി ദിനാഘോഷ പരിപാടിയിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം മത്സ്യത്തൊലാളി ഫോറം പ്രസിഡന്റ് പീറ്റർ സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സംസ്ഥാന ടൂറിസം & ദേവസ്വം വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര വിഷയാവതരണം നടത്തി. കോവളം നിയോജക മണ്ഡലം എം.എൽഎ എം വിൻസന്റ്, മത്സ്യ വിപണ വനിതാ ഫോറം പ്രസിഡന്റ് മാഗിലൂയിസ്, ഫാ.പോൾ ജി. ഫാ. ഷാജിൻ ജോസ്, ബർക്കുമാൻസ്, സിസ്റ്റർ ഷിജി ജോർജ്ജ്, തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറം കോഡിനേറ്റർ റോയി ഡേവിഡ്, സി.എഫ്.എസ് അഡ്. ഓഫീസർ നിർമ്മൽ കുമാർ രാജു എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം വേളി പുലിമുട്ട് നിർമ്മാണവും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ഡോ. ജോൺസൺ ക്ലെമന്റ് പ്രബന്ധാവതരണവും നടത്തി.

# കാൻസർ നിർണ്ണയ ക്യാമ്പ്

പുതുക്കുറിച്ചി: അതിരൂപത സാമൂഹ്യ ശുശ്രൂഷയുടെയും സ്വസ്തി ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പുതുക്കുറിച്ചി ഫെറോനയിലെ സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് കാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. സാമൂഹ്യശുശ്രൂഷ ഫെറോന കോഡിനേറ്റർ ഫാ. സിൽവസ്റ്റർ കുരിശിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ക്യാമ്പ് ഉത്ഘാടനം ചെയ്തു. പുതുക്കുറിച്ചി ഫെറോന വികാരി മോൺ ജോർജ്ജ് പോൾ, സെന്റ് ആൻഡ്രൂസ് ഇടവക വികാരി ഫാ. ഷാജിൻ ജോസ്, കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഫെലിക്സ്, കഴക്കൂട്ടം പോലീസ് അസിസ്റ്റന്റ് ഗ്രാമ പഞ്ചായത്ത് മെമ്പർ റാഫേൽ, ആൽബി, റ്റി.എസ്.എസ്.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബർക്കുമൻസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ഡോ. ബാബു മാത്യു ബോധവൽക്കരണം നൽകി. ഡോ. ഇക്ബാൽ, ഡോ. കലാവതി തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.


*നെട്ടയം ഇടവകയിൽ റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ക്ലാസ്സ് നടത്തി. അനന്തപുരി ആശുപത്രിയിലെ ഡോ. ഷൈജു സ്റ്റാൻലി ക്ലാസ്സെടുത്തു. പ്രസ്തുത പരിപാടി ഇടവക വികാരി റവ. ഫാ. ഹയ്സിന്ദ് നായകം ഉത്ഘാടനം ചെയ്തു*




## സഹായഹസ്തം

തിരുവനന്തപുരം: കുടുംബപ്രേഷിത ശുശ്രൂഷയുമായി സഹകരിച്ച് സേവനം ചെയ്യാൻ സന്നദ്ധതയുള്ള വ്യക്തികളുടെ കൂടിവരവ് നടന്നു. സേവനസന്നദ്ധതയും അർപ്പണമനോഭാവവുമുള്ളവർ സഭാപ്രവർത്തനങ്ങൾക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ഒരുമിച്ചു കൂടി. വോളന്റിയേർസിന്റെ ലക്ഷ്യം, ദൗത്യം, പ്രവർത്തനമേഖല എന്നിവയെപ്പറ്റി റവ. ഫാ. എ ആർ ജോൺ ക്ലാസ് നയിച്ചു. അതിരൂപതാ മെത്രാപ്പോലിത്ത സൂസൈപാക്യം പിതാവ് അഭിസംബോധന ചെയ്തു സംസാരിച്ചു. വോളന്റിയേഴ്സിന്റെ നല്ല മനസ്സിനെ അഭിനന്ദിക്കുകയും സേവനം ചെയ്യാൻ താൽപര്യമുള്ള കൂടുതൽ വ്യക്തികൾ കടന്നുവരട്ടെ എന്നും അതിലൂടെ രൂപതയിൽ കുടുംബങ്ങളെ വീണ്ടെടുക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കാൻ സാധിക്കട്ടെ എന്നു ആശംസിക്കുകയും ചെയ്തു. പിതാവ് എല്ലാവർക്കും ജപമാല നൽകി അനുഗ്രഹിച്ചു.

28 പേർ പങ്കെടുത്ത യോഗത്തിൽ റവ. ഫാ. എ ആർ ജോൺ സ്വാഗതവും റവ. ഫാ. ജൂലിയസ് സാവിയോ കൃതജ്ഞതയും അർപ്പിച്ചു.

## കൗൺസിലിംഗ് കോഴ്സ്

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ ആരംഭിച്ച ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന കോഴ്സിന്റെയും രണ്ടാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. വൈദീകർ, സിസ്റ്റേഴ്സ്, മാനേജർ, പ്രിൻസിപ്പൽ, അധ്യാപകർ, സാമൂഹികപ്രവർത്തകർ എന്നീ തലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഏറെ സഹായകമാകുന്നതാണ് കോഴ്സ്. പാസ്റ്ററൽ കൗൺസിലിംഗിനെക്കുറിച്ച് ഒരു പ്രത്യേക വിഷയം കൈകാര്യം ചെയ്യുന്നു. മാസത്തിലെ രണ്ടു ശനിയാഴ്ചകളിലും തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടാകും.



*കേരള പിഎസ്സി മെമ്പറായി നിയമിതനായ കിള്ളിപ്പാലം ഇടവകാംഗം ഡോ. ഡി.രാജനെ ഇടവകദിനാഘോഷവേളയിൽ മുൻ ഇടവക വികാരി ഫാ. ബാസ്ക്കർ ജോസഫ് ആദരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രിലിമനറി മെഡിസിൻ വിഭാഗം ഡോക്ടറാണ് ഡി.രാജൻ.*



*പാളയം ഫൊറോനാ വിദ്യാഭ്യാസ സമിതി എസ്എസ്എൽസി-പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ മെരിറ്റ് അവാർഡ് ഡോ. മൃദുല നായർ വിതരണം ചെയ്യുന്നു. വിദ്യാഭ്യാസ സമിതി പാളയം ഫൊറോനാ കൺവീനർ ഫാ. ജേക്കബ് സ്റ്റെല്ലസ് സമീപം*



*മത്സ്യത്തൊഴിലാളി ദിനത്തോടനുബന്ധിച്ച് പള്ളിത്തുറ ഇടവകയിൽ മുതിർന്ന മത്സ്യത്തൊഴിലാളികളെ പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ. ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ്, സഹവികാരി ഫാ.ഡാനിയേൽ, ടിഎംഎഫ് ഡയറക്ടർ ഫാ. ഷാജിൻ ജോസ് തുടങ്ങിയവർ സമീപം*



*റിലയൻസ് യൂത്ത് സ്പോർട്സ് മീറ്റിന്റെ ഭാഗമായി സ്കൂൾ തലത്തിൽ നടത്തിയ ജൂനിയർ ഫുട്ബോൾ ടൂർണമെന്റിൽ വിജയികളായ ലിഫ ടീം.*



*പരുത്തുക്കുഴി ഇടവകയിൽ നടന്ന ഹോം മിഷന്റെ റിപ്പോർട്ട് ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കിൾ തോമസ് ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസിന് കൈമാറുന്നു. ഇടവക വികാരി ഫാ. ബീഡ് മനോജ് സമീപം*



*പേട്ട ഫെറോന അൽമായ ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്ന പേട്ട ഫെറോന സമുദായ സംഗമം മോൺ. ജെയിംസ് കുലാസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*



*ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ പള്ളം ഇടവകയിൽ നടന്ന ഹോം മിഷന് തുടക്കംകുറിച്ച് ഇടവക കൗൺസിൽ അംഗങ്ങൾ പ്രതിജ്ഞയെടുക്കുന്നു*

## ഭൗതികസാഹചര്യ വികസനം

തിരുവനന്തപുരം: സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റിച്ചാർഡ് ഹേ എംപിയുടെ ഫണ്ടിൽ നിന്നും തിരുവനന്തപുരം അതിരൂപതാ ആർ.സി. മാനേജ്മെന്റിന്റെ കീഴിലുള്ള അഞ്ചു സ്കൂളുകൾക്ക് കംപ്യൂട്ടർ അനുവദിച്ചു. വിഴിഞ്ഞം സെന്റ് മേരീസ് എച്ച്എസ്എസ് പൂന്തുറ സെന്റ് തോമസ് എച്ച്എസ്എസ്, വെട്ടുകാട് സെന്റ് മേരീസ് എച്ച്എസ്എസ്, പള്ളിത്തുറ എച്ച്എസ്എസ് അഞ്ചുതെങ്ങ് സെന്റ് ജോസഫ് എച്ച്എസ്എസ് എന്നീ സ്കൂളുകൾക്കായ് കംപ്യൂട്ടർ ലാബ് അനുവദിച്ചത്.


കംപ്യൂട്ടർ ലാബുകളുടെ പ്രവർത്തനോദ്ഘാടനം അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. ശാന്തപ്പൻ നിർവഹിച്ചു. റിച്ചാർഡ് ഹേ എംപി ചടങ്ങുകളിൽ സന്നിഹിതനായിരുന്നു.

**ജീവനും വെളിച്ചവും മാസികയുടെ**
**വരിക്കാരുടെ ശ്രദ്ധക്ക്**

ജീവനും വെളിച്ചവും മാസികയുടെ വരിസംഖ്യ പുതുക്കാത്തവർ എത്രയും വേഗം വരിസംഖ്യ നേരിട്ടോ, മണിയോർഡറായോ നൽകി ജീവനും വെളിച്ചത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*- പത്രാധിപർ*

**20-ാം ചരമവാർഷികം**



**എസ്. ജസീന്ത്**
പുല്ലുവിള
മരണം: 3-1-1997

# വചനജ്വാല

2018 ജനുവരി മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



## വിജയത്തിനല്ല വിശ്വസ്തതയ്ക്കാണ് മുൻതൂക്കം

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

ജനുവരി മാസം ഒരു പുതുവത്സരത്തിന് തുടക്കം കുറിക്കുന്ന മാസമാണല്ലോ. 2017 ന് വിടചൊല്ലിക്കൊണ്ട് 2018 നെ വരവേല്ക്കുമ്പോൾ തീർച്ചയായും നമ്മുടെ മനസ്സിൽ വരേണ്ട ആദ്യവികാരം കൃതജ്ഞതയുടേതാണ്. ഒരു സമൂഹത്തിന്റെ, കൂട്ടായ്മയുടെ വളർച്ച എന്നു പറയുന്നത് നമ്മുടെ ചെയ്തികളെ, ബന്ധങ്ങളെ, നമ്മുടെതന്നെ മനോഭാവങ്ങളെ വിലയിരുത്തി നന്മകളെ അംഗീകരിച്ച് പരിപോഷിപ്പിക്കുകയും കോട്ടങ്ങളെ വിനയത്തോടെ ഉൾക്കൊണ്ടുകൊണ്ട് തിരുത്തുകയും ചെയ്യുന്നതാണ്. ഇക്കഴിഞ്ഞ വർഷം നമ്മുടെ വ്യക്തിജീവിതത്തിൽ, കുടുംബത്തിൽ, കുടുംബകൂട്ടായ്മയിൽ, ഇടവക കുടുംബത്തിന്, സഭയ്ക്കും സമുദായത്തിനും ഒക്കെ ദൈവം നൽകിയ കൃപകൾക്ക് നന്ദിയർപ്പിക്കാൻ നമുക്കു സാധിക്കണം. ഒപ്പം സത്യസന്ധമായൊരു വിലയിരുത്തൽ നടത്താനും നാം തയ്യാറാകണം. ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക്, കൃപകൾക്കനുസൃതമായി നമുക്കു വളരാൻ സാധിച്ചോ? ഇക്കഴിഞ്ഞ ഒരു വർഷക്കാലത്തെ നമ്മുടെ കുടുംബകൂട്ടായ്മയുടെ പ്രവർത്തനം എപ്രകാരമായിരുന്നു? വരും നാളുകളിൽ നമ്മുടെ അടിസ്ഥാന ക്രൈസ്തവ സമൂഹത്തിൽ നാം ഊന്നൽ നൽകേണ്ട, നമ്മുടെ കുടുംബാംഗങ്ങളെ ബാധിക്കുന്ന അടിസ്ഥാന വിഷയങ്ങൾ ഏവ?

ഇപ്രകാരം ഇന്നത്തെ നമ്മുടെ കുടുംബകൂട്ടായ്മ യോഗത്തിൽ കഴിഞ്ഞ വർഷത്തെ വിലയിരുത്തലും തുടർന്ന് കൃതജ്ഞതയും ഒപ്പം ഈ വർഷത്തെ പ്ലാനിംഗിനുമാണ് മുഖ്യമായും നമ്മൾ ഊന്നൽ നല്കുക.

### 4. യേശുവിനെ ക്ഷണിക്കൽ

യാഥാർത്ഥ്യങ്ങളെ സത്യസന്ധമായി കാണുവാനും, വസ്തുനിഷ്ഠമായി വിലയിരുത്തുവാനും അതിലൂടെ നമ്മുടെ കൂട്ടായ്മയിൽ നന്മ ചെയ്യുന്നവരെ അംഗീകരിച്ച് അഭിനന്ദിക്കുവാനും നിരുത്തരവാദിത്തത്തോടെ പെരുമാറുകയും കൂട്ടായ്മയുടെ വളർച്ചയ്ക്ക് ഏതെങ്കിലും രീതിയിൽ തടസ്സമാവുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്

ഉൾക്കൊണ്ടുകൊണ്ട് തിരുത്തുവാനു മുള്ള കൃപ നൽകുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

(മത്താ 25:14-30)

### 7. വചനവിചിന്തനം

കഴിഞ്ഞ ഒരു വർഷക്കാലത്തെ നമ്മുടെ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും 2018 പുത്തനാണ്ടിലേക്കുള്ള നമ്മുടെ യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഊന്നലുകൾ എന്തായിരിക്കണം എന്ന് ചിന്തിക്കുവാനും ശ്രമിക്കുന്ന നമുക്ക് അതിലേക്ക് വെളിച്ചം വീശുന്ന വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്.

നമ്മുടെ ക്രിസ്തീയ ജീവിതം കൂട്ടായ്മയിൽ അധിഷ്ഠിതമായ ഒരു തീർത്ഥാടനമാണ്, യാത്രയാണ്. ദൈവരാജ്യ അനുഭവം സ്വന്തമാക്കുവാനും അത് പങ്കുവയ്ക്കുവാനും സ്ഥാപിതമായിരിക്കുന്ന സഭയ്ക്കും സഭാതനയർക്കും ഒരേയൊരു ദൗത്യമേയുള്ളൂ. സുവിശേഷവല്ക്കരണം. ഈ സുവിശേഷവല്ക്കരണം ഫലപ്രദമായി ചെയ്യുവാനാണ് ബി.സി.സി. യൂണിറ്റുകൾ, ഇടവക കൗൺസിൽ, ധനകാര്യസമിതി, ശുശ്രൂഷാ സമിതികൾ എന്നിവയ്ക്ക് രൂപം നൽകിയിരിക്കുന്നത്. ഈ സംവിധാനങ്ങൾ, ഘടനകൾ ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അതിന്റെ വിവിധങ്ങളായ ചുമതല വഹിക്കുന്ന നമ്മൾ ഓരോരുത്തരും നമ്മെ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തങ്ങൾ ശരിയായി നിർവ്വഹിക്കണം.

നമ്മുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ വേണ്ട കൃപ, താലന്തുകൾ ദൈവം നമുക്ക് സമ്മാനിച്ചിട്ടുണ്ട്. ദൈവം ഓരോരുത്തർക്കും അവരവരുടെ കഴിവനുസരിച്ച് താലന്തുകൾ നൽകിയിരിക്കുന്നുവെന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്. അതായത് നാം ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങൾക്കനുസൃതമായ താലന്തുകൾ സമ്മാനിച്ചിരിക്കുന്നു എന്നർത്ഥം.

ഈ വചനഭാഗത്തുനിന്നും നാം മനസിലാക്കേണ്ട പ്രധാന സന്ദേശം: ദൈവം എല്ലാർക്കും താലന്തു നൽകിയിരിക്കുന്നു. അതായത് ഈ കൂട്ടായ്മയിലെ ഭാരവാഹികൾക്കും ശുശ്രൂഷാ പ്രതിനിധികൾക്കും മാത്രമല്ല, എല്ലാ അംഗങ്ങൾക്കും കഴിവുകൾ നൽകിയിട്ടുണ്ട്. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ നമ്മുടെ കുടുംബയൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും യൂണിറ്റിന്റെ വളർച്ചക്കുവേണ്ടി ചില ഉത്തരവാദിത്തങ്ങൾ ചെയ്യുവാനുണ്ട്. ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കണമെങ്കിൽ ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളെ, കഴിവുകളെ തിരിച്ചറിയണം, അവയെ ബോധപൂർവ്വം പരിപോഷിപ്പിക്കണം.

നമുക്ക് ലഭിച്ചിരിക്കുന്ന ദാനങ്ങൾ, താലന്തുകൾ, എന്റെയും എന്റെ കുടുംബത്തിന്റേയും മാത്രം വളർച്ചക്കല്ല, മറിച്ച് സമൂഹത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി കൂടിയാണ്. സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ നമുക്ക് നൽകപ്പെട്ടിരിക്കുന്ന താലന്തുകളുടെ കണക്ക് ബോധിപ്പിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മുടെ നന്മയ്ക്കും സമൂഹത്തിന്റെ വളർച്ചയ്ക്കും വേണ്ടി ദാനമായി നൽകിയിരിക്കുന്ന നമ്മുടെ താലന്തുകളെ എങ്ങനെ വിനിയോഗിക്കുന്നു, എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്ന് വിലയിരുത്തണം. യൂണിറ്റിന്റേയും ഇടവകയുടെയും ശുശ്രൂഷാ സമിതികളുടെയും ഉത്തരവാദിത്തം ഏറ്റെടുത്തിട്ട് ഒരു വർഷം പൂർത്തിയാകുന്നു. ഇനി ഒരു വർഷം കൂടി നമ്മുടെ മുന്നിലുണ്ട്. ഈ പശ്ചാത്തലത്തിൽ ഇക്കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്തവും അത് നിർവ്വഹിക്കുവാനായി നൽകിയ കൃപകളെ, താലന്തുകളെ എങ്ങനെ വിനിയോഗിച്ചു എന്ന് ആത്മ പരിശോധന ചെയ്യണം.

ഇന്നത്തെ വചനഭാഗത്തുനിന്നും സ്വീകരിക്കാവുന്ന മറ്റൊരു സന്ദേശം വലിയ കാര്യങ്ങൾ ചെയ്യുന്നതിലും ജനങ്ങളുടെ കൈയടി ഏറ്റുവാങ്ങുന്നതിലുമല്ല മഹത്വം: മറിച്ച് ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിലും ദൈവത്തിന്റെ അംഗീകാരത്തിനായ് ശ്രമിക്കുന്നതിലുമാണ് പ്രസക്തി. കൽക്കത്തയിലെ വിശുദ്ധ മദർ തെരേസ പറയുന്നതുപോലെ വിജയം വരിക്കുന്നതിനേക്കാളുപരി വിശ്വസ്തരായിരിക്കുന്നതിനാണ് നാം കൂടുതൽ ശ്രദ്ധിക്കേണ്ടത്.

### 8. ചർച്ച

a. കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ യൂണിറ്റിന്റെ നേതൃത്വത്തിൽ നാം ചെയ്തതും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ ഏവ?

b. നമുക്ക് ചെയ്യാൻ കഴിയുമായിരുന്നിട്ടും നമ്മുടെ അനാസ്ഥയും നിരുത്തരവാദിത്തവും മൂലം ചെയ്യാതിരുന്ന കാര്യങ്ങൾ ഏവ?

c. നമ്മുടെ യൂണിറ്റിലെ ജനങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി 2018 ൽ യൂണിറ്റുതലത്തിൽ ചെയ്യാനാഗ്രഹിക്കുന്ന 5 കാര്യങ്ങളും ഇടവകതലത്തിൽ നടക്കണം എന്നാഗ്രഹിക്കുന്ന മൂന്ന് കാര്യങ്ങളും ചർച്ച ചെയ്യുക?.

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

a. യൂണിറ്റിലെ വിശേഷാൽ സംഭവങ്ങൾ (ജന്മദിനം, വാർഷികം, വിജയം) ഉള്ളവരെ വിളിച്ച് അനുമോദിക്കുക

b. ശുശ്രൂഷാതല പ്രതിനിധികളുടെ റിപ്പോർട്ട്

c. ഇടവക/ഫൊറോന/രൂപതാതലത്തിൽ നിന്നുമുള്ള പൊതു അറിയിപ്പുകൾ

### 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ യൂണിറ്റിലെ കുടുംബാംഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് തിരുവചനത്തിന്റെ പശ്ചാത്തലത്തിൽ ഉത്തരം നൽകുവാനും അതിനായ് ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്ന താലന്തുകളെ പരിപോഷിപ്പിച്ച് സമൂഹനന്മയ്ക്കുവേണ്ടി, കുടുംബകൂട്ടായ്മയുടെ വളർച്ചക്കുവേണ്ടി ഉപയോഗിക്കുവാനുള്ള കൃപയ്ക്കായ് നമുക്ക് പ്രാർത്ഥിക്കാം.

### 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

### 14. സമാപനഗാനം

### 15. സ്നേഹവിരുന്ന്.

### 16. നന്ദി

NB: ചർച്ചയിലെ മൂന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം വ്യക്തമായി എഴുതി ഇടവക കോ-ഓർഡിനേറ്ററെ ഏല്പിക്കണം.

*തയ്യാറാക്കിയത് :*

**ഫാ. മൈക്കൾ തോമസ്**

ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി




# HOLY ANGELS' CONVENT HSS

## Thiruvananthapuram

**സത്യത്തിലും സഹനത്തിലും വിശ്വസിച്ച് വ്യക്തിത്വവികസനം എന്നതാണ് സ്കൂളിന്റെ ലക്ഷ്യം**

സേവനം, സ്നേഹം എന്നീ വിശുദ്ധതത്ത്വങ്ങളിൽ അധിഷ്ഠിതമായ കർമ്മലീത്ത സന്യാസി സമൂഹം 1880 ൽ സ്ത്രീവിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ചതാണ് തിരുവനന്തപുരത്ത് വഞ്ചിയൂരിൽ സ്ഥിതിചെയ്യുന്ന ഹോളി ഏഞ്ചൻസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്ന സ്ഥാപനം. ചാരിറ്റി പ്രവർത്തനങ്ങളിൽ അടിയുറച്ച സാമൂഹ്യസേവനം ഹോളി ഏഞ്ചൻസിന്റെ ദൗത്യമായി മാനേജ്മെന്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

സത്യത്തിലും സഹനത്തിലും വിശ്വസിച്ച് വ്യക്തിത്വ വികസനം എന്നതാണ് സ്കൂളിന്റെ ലക്ഷ്യം. കുട്ടികളുടെ ആത്മീയ മാനസീക വളർച്ചയ്ക്കുവേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ സ്കൂൾ മാനേജ്മെന്റ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. സാമൂഹ്യ, രാഷ്ട്രീയ, സേവന രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകായിരങ്ങളെ വാർത്തെടുത്തത് ഈ സ്കൂളിലെ അച്ചടക്കവും മികച്ച അധ്യാപനരീതിയും കൊണ്ടാണ് എന്നത് അഭിമാനാർഹമാണ്. സാമ്പത്തിക ഭദ്രതയില്ലാതെ കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യഭക്ഷണവും താമസവും സ്കൂൾ മാനേജ്മെന്റ് ഒരുക്കിയിട്ടുണ്ട് എന്നത് സ്തുത്യർഹമാണ്. നല്ലപാഠം പദ്ധതി, സീഡ്ക്ലബ്, റെഡ്ക്രോസ്, ഗൈഡ്സ് എന്നീ സംഘടനകളിലൂടെ വിദ്യാർത്ഥികൾ വ്യക്തിത്വവികസനവും നേതൃപാടവും ആർജിക്കുന്നു.

പൂർണമായും സൗരോർജ്ജത്തിലാണ് സ്കൂൾ ഉപകരണങ്ങൾ പ്രവർത്തിക്കുന്നത്. നഴ്സറി മുതൽ ഹയർ സെക്കൻഡറി തലം വരെ ഏതാണ്ട് അയ്യായിരത്തോളം വിദ്യാർത്ഥികൾ ഈ കലാലയത്തിൽ പഠിക്കുന്നു. കലോത്സവ ശാസ്ത്രമേളകളിൽ ഉന്നത നിലവാരത്തിൽ വിജയം കൈവരിക്കുന്നു. വിദ്യാർത്ഥികളെ രാഷ്ട്രത്തിന്റെ മികച്ച സംഭാവനകളായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മാനേജ്മെന്റ്, അധ്യാപകരും, രക്ഷിതാക്കളും ഏകകണ്ഠമായി പ്രവർത്തിച്ച് വിജയസോപാനത്തിലൂടെ ഹോളി ഏഞ്ചൽസ് കോൺവെന്റ് ഹയർ സെക്കൻഡറി സ്കൂൾ ജൈത്രയാത്ര തുടരുന്നു.




# അക്ഷരത്താക്കോൽ

നമുക്ക് നമ്മുടെ കുഞ്ഞുങ്ങൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും മൂല്യമേറിയ സമ്മാനമാണ് വിദ്യാഭ്യാസം. ലോകത്തെ മുഴുവൻ പരിവർത്തനത്തിലേക്കും ഉണർവിലേക്കും നയിക്കാൻ വിദ്യാഭ്യാസ പ്രക്രിയക്ക് കഴിയും ദൈവിക വരദാനങ്ങളുടെ സാധ്യതകളാണ് വിദ്യാഭ്യാസത്തിലൂടെ കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടത്. ശരിയായ വിദ്യാഭ്യാസമെന്നാൽ കേവലം അറിവ് നേടുക മാത്രമല്ല മറിച്ച് അനീതികൾക്ക് എതിരെ ശബ്ദമുയർത്താനും, തെറ്റും ശരിയും തിരിച്ചറിയാനും അന്യന്റെ വേദനകൾ പങ്കുവയ്ക്കാനായും വ്യക്തിയെ മാറ്റുന്നതാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ മാനസികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യംവച്ച് കൊണ്ടുള്ളതാകണം എന്ന് മഹാത്മാഗാന്ധി പറയുന്നു. അതിനാൽ പ്രിയ രക്ഷിതാക്കളെ, നമ്മുയെ പ്രിയകുഞ്ഞുങ്ങൾ വിദ്യാഭ്യാസത്തിലൂടെ ഉന്നത മാനസിക നിലവാരങ്ങളിലേക്ക് ചിറക് വിരിക്കാനും, സാമൂഹ്യസേവന തല്പരരും ആയി വളർത്താൻ ശ്രമിക്കുക. വെല്ലുവിളികൾ നേരിടാൻ കരുത്തുള്ളവരായി, മാനുഷിക മൂല്യമുള്ളവരായി വിദ്യാർത്ഥികൾ മാറണം. ഈ ലോക ജീവിതം അർത്ഥപൂർണമാകുന്നതോടൊപ്പം അനേകം മനുഷ്യരെ ദുരിതക്കയങ്ങളിൽ നിന്ന് കരം പിടിച്ചുകയറ്റാനും വിദ്യാഭ്യാസത്തിന് കഴിയണം. ശരിയായി ചിന്തിക്കാനും, ജീവിക്കാനും വിദ്യ നേടുന്നതിലൂടെ നമുക്ക് കഴിയുന്നു.

കുട്ടികളുടെ ആദ്യ അധ്യാപകർ മാതാപിതാക്കളാണ്. ദൈവസ്നേഹം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും കുടുംബാന്തരീക്ഷം നിറയ്ക്കുക എന്നത് മാതാപിതാക്കളുടെ കടമയാണ്. കുട്ടികൾ സദ്ഗുണങ്ങൾ ആർജ്ജിക്കേണ്ട പ്രഥമവിദ്യാലയം കുടുംബം തന്നെയാണ്. സ്വന്തം കുടുംബത്തെ സംരക്ഷിക്കുന്ന, സമൂഹത്തെ സേവിക്കുന്ന വിദ്യാസമ്പന്നരായ ഒരുതലമുറയെ വാർത്തെടുക്കാൻ സർവശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**ഷീബ** (മലയാളം ഡിപ്പാർട്ടുമെന്റ്)



# അമ്മ

ഞാനെന്ന പൈതൽ ഈ ഭൂമിയിൽ
ഉണ്ടായതിൻ കാരണമെന്നമ്മയാണ്
എൻ കാൽവയ്പോരോന്നും തളരാതെ
എന്നെ താങ്ങിയതെന്നമ്മയാണ്

ഒരു പൂമൊട്ടുപോലുള്ള പുഞ്ചിരിയിൽ
എന്നും തിളങ്ങി നിന്നിടുമെന്നമ്മ
എന്നും തണൽമരം പോലെ നിൽക്കുന്നതും
എന്നെ പോറ്റിയ അമ്മയാണ്

എന്നെ അക്ഷരത്തിൽ ജാലകമുറ്റത്ത്
കൈപിടിച്ചാക്കിയതെന്റെയമ്മ
ഓരോ ദിനവും എന്നെക്കുറിച്ചെപ്പോഴും
ചിന്തിച്ചിടുന്നവൾ എൻ അമ്മ

എന്റെ സങ്കടവും സന്തോഷവും
ഒരുപോലെ പങ്കിടുമെന്നമ്മ
എൻ മാനസത്തിലെ തമസ്സകറ്റി
വിളങ്ങുന്ന അദ്വൈത ദീപമാണമ്മ

നല്ല കാര്യങ്ങൾ എൻ കാതിൽ മന്ത്രിക്കുന്നതും
എപ്പോഴുമെൻ പൊൻ അമ്മയാണ്
എന്റെ വീടിന്റെ പൊൻവിളക്കാണവളെന്നും
ഈശ്വരൻ തൻ പ്രതിരൂപമാണവൾ.

**സ്നേഹ റോബിൻസൺ, 9 ഇ**



ജെ.സി



# ശ്രീ ആൽബി ഡിക്രൂസ്

## (കേരളത്തിൽ നിന്നുള്ള പ്രഥമ അശോകചക്ര പുരസ്കാര ജേതാവ്)

**1962** ൽ കേരളത്തിൽ നിന്ന് പ്രഥമ അശോചക്ര പുരസ്കാരം വാങ്ങിയ ആൽബി ഡിക്രൂസിനെ ജനമറിയുന്നത് ഈ അടുത്ത നാളുകളിലാണ്. അന്ന് ആൽബിക്ക് പ്രായം 24. ഇപ്പോൾ പ്രായം 80 വയസ്സ്. 56 വർഷക്കാലം ഇത്ര വലിയൊരു പുരസ്കാരം ലഭിച്ച വാർത്ത മാധ്യമങ്ങൾ പോലും അറിഞ്ഞില്ല. ഇക്കഴിഞ്ഞ മാസമാണ് കോസ്റ്റൽ കളക്ടീവ് എന്ന സംഘടന ആൽബിയെ ആദരിച്ചതും പുറംലോകം ഈ വാർത്ത അറിഞ്ഞതും. വലിയതോപ്പിൽ ജനനം. ഇപ്പോൾ ചെറിയതുറയിൽ താമസം.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 22-ാം വയസ്സിൽ ആസാം റൈഫിൾസിൽ ചേർന്നു. വയർലെസ് കമ്മ്യൂണിക്കേഷൻസ് തന്റെ പ്രത്യേക തൊഴിൽ മേഖലയായി. മേഘാലയയിലും ഡൽഹിയിലുമായി പരിശീലനം. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ അതിർത്തിയിൽ അയൽ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധങ്ങൾ ഏറ്റവും വഷളായിരുന്ന കാലത്താണ് ആൽബി പരിശീലനം കഴിഞ്ഞ് ഇറങ്ങുന്നത്. ഇന്ത്യ സ്വതന്ത്രമായതിനുശേഷം വടക്കു കിഴക്കൻ പ്രദേശങ്ങൾ ഇന്ത്യയുടെ ഭാഗമാകാൻ  കൂട്ടിയിട്ടില്ല. പ്രത്യേകിച്ച് സ്വതന്ത്ര നാഗാലാന്റിന് വേണ്ടി വാദിച്ചിരുന്ന നാഗന്മാർ. നാഗാ ഒളിപോരാളികളെയായിരുന്നു ആസാം റൈഫിൾസിന് ആദ്യം നേരിടേണ്ടിവന്നത്. വടക്കു കിഴക്കൻ പ്രദേശങ്ങളിൽ പോസ്റ്റുകൾ സ്ഥാപിച്ച് ഇന്ത്യ പ്രതിരോധം തീർത്തു. 1960 ൽ പെട്ടെന്നൊരു നാൾ കൊഹിമയെന്ന അതിർത്തി പ്രദേശത്ത് ക്യാമ്പ് ചെയ്യണം. ഏതാണ്ട് നാല്പതോളം കിലോമീറ്റർ കാട്ടിനുള്ളിലൂടെ നടന്നും പുഴകൾ നീന്തിക്കടന്നുമാണ് സംഘം അവിടെയെത്തിയത്. നിരീക്ഷിച്ചറിയുന്ന വിവരങ്ങൾ അപ്പപ്പോൾ ഉന്നതകേന്ദ്രങ്ങളിൽ അറിയിക്കുകയും അവർ നൽകുന്ന നിർദ്ദേശങ്ങൾ ക്യാമ്പിന് കൈമാറുകയുമാണ് ആൽബിയുടെ ജോലി.

അങ്ങനെയിരിക്കെ അഞ്ഞൂറോളം നാഗ ഗറില്ലകൾ ക്യാമ്പ് വളഞ്ഞു. ഇരുപക്ഷത്തുനിന്നും രാത്രിയും പകലും വെടിവയ്പുണ്ടായി. ആൽബി വേണ്ടിടത്തെല്ലാം അപ്പപ്പോൾ കാര്യങ്ങൾ അറിയിച്ചുകൊണ്ടിരുന്നു. ഇതിനിടെ ഇന്ത്യൻ ക്യാമ്പിൽ ഒരു പ്രശ്നം ഉടലെടുത്തു. വയർലസ് പ്രവർത്തിക്കാനുള്ള ഇന്ധനം തീർന്നു. ആരെങ്കിലും പുറത്തുപോയി ഇന്ധനം എടുത്തുകൊണ്ടുവന്നാലെ കാര്യം നടക്കൂ. നാഗന്മാരെ ഭയന്ന് ആരും അതിന് തയ്യാറായില്ല. വയർലെസ് സംവിധാനം നിശ്ചലമായി. ആൽബിയെ ഇത് ആശങ്കപ്പെടുത്തി. തന്റെ ഉത്തരവാദിത്വമല്ലെങ്കിൽ കൂടി ആൽബി ആ ഉത്തരവാദിത്വം ഏറ്റെടുത്തു. സ്വജീവൻ പണയപ്പെടുത്തി അതി സാഹസികമായി ക്യാമ്പിലേക്കുള്ള ഇന്ധനം എത്തിച്ചു. അതുകൊണ്ടും അവസാനിച്ചില്ല. ശത്രുവിനുനേരെ വെടിയുതിർക്കുവാനുള്ള തിര തീരാറായി. അടുത്ത ദിവസം തന്നെ തിരകളും ആയുധങ്ങളുമടങ്ങുന്ന രണ്ടുപെട്ടി ഹെലികോപ്റ്ററിൽ കൊണ്ടുവന്ന് പാരച്യൂട്ടിൽ ഇറക്കി. കഷ്ടകാലത്തിന് അതിലൊരണ്ണം ക്യാമ്പിന് പുറത്താണ് പതിച്ചത്. ഇവിടെയും ആൽബി മുന്നോട്ടുവന്നു. പ്രശ്നം പരിഹരിച്ചു.

അങ്ങനെ ആസാം റൈഫിൾസിലെ ധീരനായ ആൽബിക്ക് മേലുദ്യോഗസ്ഥന്മാർ ഇടപെട്ട് അശോകചക്ര പുരസ്കാരം ഇന്ത്യൻ പ്രസിഡന്റിൽ നിന്ന് ഏറ്റുവാങ്ങാൻ അവസരം ഉണ്ടാക്കി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അദ്ദേഹത്തെ ചടങ്ങിൽ അഭിനന്ദിച്ചു. ഇത്രയും വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടും ആൽബി തന്റെ നേട്ടത്തെപ്പറ്റി വാചാലനാകുന്നില്ല. പ്രതിസന്ധികളിൽ ഒറ്റപ്പെട്ടുവെങ്കിലും സഹപ്രവർത്തകരോട് സ്നേഹം മാത്രമേയുള്ളൂ. ദൈവം തന്നെ പ്രതിസന്ധികളിൽ കാത്തു എന്നുമാത്രം വീണ്ടും വീണ്ടും പറയുന്നു.

ഈ വർഷത്തെ ക്രിസ്മസ് സന്ദേശം ഈ മനുഷ്യന്റെ ജീവിതത്തിൽ നിന്ന് നമുക്ക് വായിച്ചെടുക്കാം.



Holy Land
PILGRIMAGE TOUR
8 Nights 9 Days
Explore the spiritual experience of travelling to Holy Land through Mangalam Travel & Tours
Countries : EGYPT - ISRAEL - PALESTINE - JORDAN.
Attractions : • Every Month Departure • Every Day holy mass during the tour • All inclusive package • Accompanied by Priest
Experience European Pilgrimage
15 Nights 14 Days
Attractions : • Vatican • Assisi • Lourdes • Fatima • Avila • SanGiovani
Countries : ITALY, FRANCE, SPAIN, PORTUGAL, SWITZERLAND
Departures Months : APRIL, MAY, SEPTEMBER, OCTOBER
Other Service :
Tickets, Visas, Tour Packages, Attestations, Passport
FURTHER DETAILS CONTACT :
094471 50070, 080866 77966
089395 08477, 098460 50020
MANGALAM TRAVEL & TOURS
Registerd office: 5, 6, 1st Floor, Our Tower, Vellayambalam, Sasthamangalam, Thiruvanathapuram 695010
Branches : Nagercoil, Marthandam, Madurai, Chennai, Opening Shortly (Kochi & Tuticorin)

Total Page 68
Pub. Date : 01.12.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00

**Best Compliments from,**

## SELRENCE MEDICAL GASES PRIVATE LIMITED

*We deal Medical Oxygen, Oxygen Concentrators, Nitrous Oxide, Nitrogen, Carbon Dioxide, and all type of Brand New Empty Gas Cylinders and its Accessories.*

*email: selrence@yahoo.co.in*



*Medical Oxygen*



*Nitrous Oxide*



*Oxygen Concentrator*

---

## S.S. MEDILINES

*Authorized stockist of 3M India Ltd and Flexicare UK*

*We deal Medical Disposables, Medical Instruments, Equipments, & Oxygen Therapy Equipments.*

*email: ssmedilines@yahoo.co.in*




**Authorized sales and service centre for 3M™ Littmann Stethoscopes**

---

## DIVINE GASES PRIVATE LIMITED

*We manufacture Medical & Industrial Oxygen*

*Factory: Plot No 6, KINFRA Industrial Park, Thumba, St. Xavier's College P.O. Thiruvananthapuram*

*email: divinegases@yahoo.co.in*

---

## ATCHUTH NITROUS COMPANY- ERNAKULAM

*We Manufacture Medical Nitrous Oxide Gas*

*Factory: VI/549-C, Industrial Development Area, Edayar, Ernakulam, Kerala PIN 683502*

*Mob 98462 31443, 28460 20496*

*email: atchuthnitrous@yahoo.co.in*

---

**Our Administrative office :**

***TC 1/817, THOPPIL PANAYIL LANE, KUMARAPURAM, MEDICAL COLLEGE PO, THIRUVANANTHAPURAM 695011***

***Tel (Office) 0471 2449917,2558035, 2558973(Fax)***

***(Factory 0471 2707102, 2705674)***

**9846020496, 9496000656,9496000651**

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.